وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാള്യം 11    ലക്കം 21

# ബദർ

വാരിക ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 600

www.akhbarbadrqadian.in

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

2026 മെയ് 21 • ഹി.ശം 1405 ഹിജ്റത്ത് 21 • ഹി. ഖ. 1447 ദുൽഹജ്ജഃ 03

## വിശുദ്ധ ഖുർആനിൽ നിന്ന്:



یٰۤاَیُّہَا الَّذِیۡنَ اٰمَنُوۡۤا اِذَا تَدَایَنۡتُمۡ بِدَیۡنٍ اِلٰۤی اَجَلٍ مُّسَمًّی ......وَاللّٰہُ بِکُلِّ شَیۡءٍ عَلِیۡمٌ ○ ﴿سُوۡرَۃُ الۡبَقَرَۃ:283﴾

വിശ്വസിച്ചവരേ! നിങ്ങൾ ഒരു നിശ്ചിത അവധി നിർണ്ണയിച്ചുകൊണ്ട് പരസ്പരം കടമിടപാട് ചെയ്യുന്നതായാൽ അത് നിങ്ങൾ എഴുതിരേഖപ്പെടുത്തുക. നിങ്ങൾക്കിടയിൽ ഒരെഴുത്തുകാരൻ നീതിപൂർവ്വം അത് (പ്രസ്തുത കടമിടപാട്) എഴുതട്ടെ. ഒരെഴുത്തുകാരനും എഴുതുന്നതിന് വിസമ്മതം കാണിക്കരുത്. കാരണം അല്ലാഹു അയാളെ (എഴുതാൻ) പഠിപ്പിച്ചിരിക്കുന്നു. അതിനാൽ അയാൾ എഴുതേണ്ടതുതന്നെയാണ്. (കട)ബാധ്യതയുള്ളവൻ എഴുതാൻ വാചകം പറഞ്ഞുക്കൊടുക്കേണ്ടതാണ്. അവൻ തന്റെ നാഥനായ അല്ലാഹുവിനെ ഭയപ്പെട്ടുകൊള്ളട്ടെ. അതിൽ (ഇടപാട് സംഖ്യയിൽ) നിന്ന് ഒട്ടുംതന്നെ അവൻ കുറവ് വരുത്തരുത്. ഇനി ധനത്തിന്റെ ബാധ്യതയുള്ളവൻ ഭോഷനോ, ബലഹീനനോ അഥവാ പറഞ്ഞുക്കൊടുത്ത് എഴുതിക്കാൻ കഴിവില്ലാത്തവനോ ആണെങ്കിൽ അവന്റെ രക്ഷാകർത്താവ് (അവന് വേണ്ടി) നീതിപൂർവ്വം വാചകം പറഞ്ഞുക്കൊടുത്ത് എഴുതിക്കേണ്ടതാണ്. നിങ്ങളുടെ പുരുഷന്മാരിൽനിന്ന് രണ്ടുപേരെ (ഇതിനായി) നിങ്ങൾ സാക്ഷി നിർത്തുകയും ചെയ്യുക. എന്നാൽ ആ രണ്ടു സാക്ഷികൾ പുരുഷന്മാരല്ലെങ്കിൽ സാക്ഷികളായി നിങ്ങൾ തൃപ്തിപ്പെടുന്നവരിൽനിന്ന് ഒരു പുരുഷനും രണ്ട് സ്ത്രീകളും (ആവട്ടെ). അവർ രണ്ടുപേരിൽ ഒരാൾ പിഴച്ചുപോകുമ്പോൾ ഒരുത്തി മറ്റവളെ ഓർമ്മിപ്പിക്കുവാനാണിത്. സാക്ഷികളെ വിളിക്കുമ്പോൾ അവർ വിസമ്മതിക്കരുത്. അത് (ഇടപാട്) ചെറുതായാലും വലുതായാലും അതിന്റെ അവധി നിർണ്ണയിച്ചുകൊണ്ട് അത് എഴുതിവയ്ക്കുന്നതിന് നിങ്ങൾ ഉദാസീനത കാണിക്കുകയും അരുത്. അല്ലാഹുവിന്റെയടുക്കൽ ഏറ്റവും നീതിപൂർവ്വവും, സാക്ഷ്യത്തെ ഏറ്റവും ചൊവ്വായ നിലയിൽ നിർത്തുന്നതിന് പര്യാപ്തവും, നിങ്ങൾ സംശയിക്കാതിരിക്കാൻ ഏറ്റവും ഉപയുക്തവുമാണിത്. എന്നാൽ നിങ്ങൾ പരസ്പരം നടത്തുന്ന റൊക്കക്കച്ചവടം ഇതിൽനിന്ന് ഒഴിവാണ്. അങ്ങനെയാണെങ്കിൽ അത് എഴുതിവയ്ക്കാതിരിക്കുന്നതിൽ നിങ്ങൾക്ക് കുറ്റമൊന്നുമില്ല. നിങ്ങൾ അന്യോന്യം ക്രയവിക്രയം ചെയ്യുമ്പോഴും സാക്ഷിനിർത്തുക. എഴുത്തുകാരനെയും സാക്ഷിയെയും വിഷമിപ്പിക്കുകയുമരുത് (എന്നത് പരിഗണിക്കേണ്ടതാണ്). നിങ്ങൾ അങ്ങനെ ചെയ്യുന്നപക്ഷം നിങ്ങളിലുണ്ടാകുന്ന അധർമ്മമായിരിക്കും അത്. അല്ലാഹുവിനെ സൂക്ഷിക്കുക. അല്ലാഹു നിങ്ങൾക്ക് പഠിപ്പിച്ചുതരുന്നു. അല്ലാഹു സർവ്വകാര്യങ്ങളെക്കുറിച്ചും അഭിജ്ഞനാണ്.



## ഹദീസ്: നല്ല രീതിയിൽ കടം വീട്ടുന്നതിന്റെ പ്രാധാന്യം

عَنۡ اَبِیۡ ہُرَیۡرَۃَ رَضِیَ اللّٰہُ عَنۡہُ اَنَّ رَجُلًا اَتَی النَّبِیَّ صَلَّی اللّٰہُ عَلَیۡہِ وَسَلَّمَ یَتَقَاضَاہُ فَاَغۡلَظَ لَہٗ. فَہَمَّ بِہٖ اَصۡحَابُہٗ فَقَالَ رَسُوۡلُ اللّٰہِ صَلَّی اللّٰہُ عَلَیۡہِ وَسَلَّمَ دَعُوۡہُ فَاِنَّ لِصَاحِبِ الۡحَقِّ مَقَالًا. ثُمَّ قَالَ: اَعۡطُوۡہُ سِنًّا مِثۡلَ سِنِّہٖ. قَالُوۡا: یَا رَسُوۡلَ اللّٰہِ لَا نَجِدُ اِلَّا اَمۡثَلَ مِنۡ سِنِّہٖ. قَالَ: اَعۡطُوۡہُ فَاِنَّ خَیۡرَکُمۡ اَحۡسَنُکُمۡ قَضَاءً

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു; ഒരാൾ തിരുനബി(സ)യുടെ അടുക്കൽ വന്ന് താൻ നൽകിയ കടം തിരിച്ചുചോദിച്ചു. അയാൾ അങ്ങേയറ്റം പരുഷമായ ഭാഷയിലാണ് സംസാരിച്ചത്. ഇതുകണ്ട് സ്വഹാബികൾക്ക്(റ) ദേഷ്യം വരികയും അവർ അയാളെ തടയാൻ മുതിരുകയും ചെയ്തു. അപ്പോൾ തിരുനബി(സ) പറഞ്ഞു: അയാളെ വിട്ടേക്കുക, കാരണം തിരികെ കിട്ടാനുള്ളവന് അത് ചോദിക്കാൻ അധികാരമുണ്ട്. ശേഷം അവിടുന്ന് പറഞ്ഞു: അയാൾക്ക് നൽകാനുള്ളതിന് സമാനമായ പ്രായമുള്ള ഒരു മൃഗത്തെ പകരം നൽകുക. സ്വഹാബികൾ പറഞ്ഞു: യാ റസൂലല്ലാഹ്(സ), അയാളുടെതിനേക്കാൾ പ്രായമുള്ള മൃഗമല്ലാതെ ഇപ്പോൾ നമ്മുടെ പക്കലില്ല. അപ്പോൾ അവിടുന്ന് പറഞ്ഞു: അതുതന്നെ നൽകുക. കാരണം നിങ്ങളിൽ ഏറ്റവും ഉത്തമൻ കടം ഏറ്റവും ഭംഗിയായി വീട്ടുന്നവനാണ്.

(മുസ്‌ലിം, കിതാബുൽ ബുയൂഅ്)


### കടബാധ്യത തീരാനുള്ള പ്രാർത്ഥന

عَنۡ عَلِیٍّ رَضِیَ اللّٰہُ عَنۡہُ اَنَّ مُکَاتَبًا جَآءَہٗ فَقَالَ: اِنِّیۡ عَجَزۡتُ عَنۡ کِتَابَتِیۡ فَاَعِنِّیۡ قَالَ: اَلَا اُعَلِّمُکَ کَلِمَاتٍ عَلَّمَنِیۡہِنَّ رَسُوۡلُ اللّٰہِ صَلَّی اللّٰہُ عَلَیۡہِ وَسَلَّمَ: لَوۡ کَانَ عَلَیۡکَ مِثۡلُ جَبَلٍ دَیۡنًا اَدَّاہُ اللّٰہُ عَنۡکَ، قُلۡ: اَللّٰہُمَّ اکۡفِنِیۡ بِحَلَالِکَ عَنۡ حَرَامِکَ وَاَغۡنِنِیۡ بِفَضۡلِکَ عَمَّنۡ سِوَاکَ۔

ഹദ്റത്ത് അലി(റ) നിവേദനം ചെയ്യുന്നു; മോചനദ്രവ്യം നിശ്ചയിക്കപ്പെട്ട ഒരു അടിമ അദ്ദേഹത്തിന്റെ അടുക്കൽ വന്ന് പറഞ്ഞു: മോചനദ്രവ്യം നൽകാൻ എനിക്ക് സാധിക്കുന്നില്ല, എന്നെ സഹായിച്ചാലും. ഹദ്റത്ത് അലി(റ) പറഞ്ഞു: തിരുനബി(സ) എനിക്ക് പഠിപ്പിച്ചുതന്ന ചില വചനങ്ങൾ ഞാൻ നിനക്ക് പഠിപ്പിച്ചുതരട്ടെയോ? നിനക്ക് ഒരു പർവ്വതത്തോളം കടമുണ്ടെങ്കിൽ പോലും ഈ പ്രാർത്ഥനയുടെ അനുഗ്രഹത്താൽ അല്ലാഹു അത് വീട്ടാനുള്ള മാർഗ്ഗങ്ങൾ നൽകുന്നതാണ്. നീ ഇ പ്രകാരം ദു:ആ ചെയ്യുക:

(അല്ലാഹുവേ! നീ നൽകുന്ന ഹലാലായ ഉപജീവനം എനിക്ക് പര്യാപ്തമാക്കേണമേ, എനിക്ക് ഹറാമായ ഉപജീവനത്തിന്റെ ആവശ്യം വരരുതേ. നിന്റെ അളവറ്റ അനുഗ്രഹത്താലും കൃപയാലും, നിന്നെയല്ലാതെ മറ്റാരുടെയും മുന്നിൽ കൈ നീട്ടേണ്ടി വരാത്തവിധം എന്നെ സമ്പന്നനാക്കുകയും സ്വയംപര്യാപ്തനാക്കുകയും ചെയ്യണമേ.).


(തിർമിദി, കിതാബുദ്ദഅ്വാത്ത്)(ഹദീഖത്തുസ്സാലിഹീൻ, ഹദീസ് നമ്പർ: 832, 835)



## ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പാഠങ്ങൾ: മിതവ്യയം ശീലമാക്കുക, പലിശയിലധിഷ്ഠിതമായ കടത്തിൽ നിന്ന് രക്ഷപ്പെടാം!

അല്ലാഹുവിൽ ഭരമേല്പിക്കുന്നവർക്ക് അല്ലാഹു അദൃശ്യമായ വഴികളിലൂടെ വല്ല മാർഗ്ഗവും ഉണ്ടാക്കിക്കൊടുക്കും. മുത്തഖിയായ ഒരാൾക്ക് പലിശയ്ക്ക് കടമെടുക്കാൻ നിർബന്ധിതനാകുന്ന ഒരു സാഹചര്യം അല്ലാഹു ഒരിക്കലും ഉണ്ടാക്കില്ല

ശേഷം പേജ് 9 ൽ



## തഫ്സീർ കബീറിൽ നിന്ന്: ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)

## പരസ്പര ബന്ധങ്ങൾ വഷളാക്കരുത്; കടം കൊടുക്കുമ്പോഴും വാങ്ങുമ്പോഴും ഖുർആനിക പാഠങ്ങൾ പാലിക്കുക

ഒരു ജനതയുടെ നാശത്തിനുള്ള വലിയൊരു കാരണമായി പലിശയെയാണ് അല്ലാഹു ചൂണ്ടിക്കാണിച്ചിരിക്കുന്നത്. എന്നാൽ ജനതയുടെ അധ:പതനത്തിനുള്ള രണ്ടാമത്തെ കാരണം, ഇടപാടുകളിൽ ജാഗ്രത പുലർത്തുന്നില്ല എന്നതാണ്. കടം കൊടുക്കുന്ന സമയത്ത് സൗഹൃദത്തിന്റെയും സ്നേഹത്തിന്റെയും പേരിൽ അത് തിരിച്ചടയ്ക്കാനുള്ള കാലാവധി നിശ്ചയിക്കുകയോ രേഖാമൂലം എഴുതിവെക്കുകയോ ചെയ്യുന്നില്ല. പണം തിരികെ ലഭിക്കില്ല എന്ന് കാണുമ്പോൾ വഴക്കും വക്കാണവും ആരംഭിക്കുന്നു. ഇത് കോടതി കയറുന്ന സാഹചര്യം വരെ ഉണ്ടാക്കുകയും സൗഹൃദമെല്ലാം ശത്രുതയായി മാറുകയും ചെയ്യുന്നു.

അല്ലാഹു പറയുന്നു, നിങ്ങൾ പരസ്പര ബന്ധങ്ങൾ വഷളാക്കരുത്. കടം കൊടുക്കുമ്പോഴും വാങ്ങുമ്പോഴും ഞങ്ങളുടെ രണ്ട് നിർദ്ദേശങ്ങൾ പാലിക്കുക. ഒന്ന്: നിങ്ങൾ ആരോടെങ്കിലും കടം വാങ്ങുമ്പോൾ അത് തിരിച്ചടയ്ക്കാനുള്ള സമയം നിശ്ചയിക്കുക. രണ്ട്: പണമിടപാടുകൾ രേഖാമൂലം എഴുതിവെക്കുക.

ഈ വ്യവസ്ഥ കൊണ്ടുള്ള ഒരു വലിയ ഗുണം, നിശ്ചിത സമയത്തിന് മുൻപായി കടം വീട്ടണമെന്ന ബോധം കടക്കാരനുണ്ടാകും എന്നതാണ്. അയാൾ അത് വീട്ടാനായി പരിശ്രമിച്ചുകൊണ്ടേയിരിക്കും. മറ്റൊരു ഗുണം, കടം വാങ്ങിയ ആൾക്ക് നിശ്ചിത കാലാവധി വരെ സമാധാനമായി ഇരിക്കാൻ സാധിക്കും എന്നതാണ്; കടം നൽകിയവൻ എപ്പോഴാണ് പണം ചോദിച്ചു വരിക എന്ന ഭയം അയാൾക്ക് ഉണ്ടാകില്ല. ചുരുക്കത്തിൽ, ഇതിൽ കൊടുക്കുന്നവനും വാങ്ങുന്നവനും ഗുണമുണ്ട്.

കടം നൽകുന്നവനുള്ള ഗുണം, ഉദാഹരണത്തിന് ഒരു മാസത്തെ അവധിയാണ് നിശ്ചയിച്ചിട്ടുള്ളതെങ്കിൽ ആ ഒരു മാസത്തിന് ശേഷം മാത്രം അയാൾ പണം ആവശ്യപ്പെട്ടാൽ മതിയാകും; ദിവസേന ചോദിച്ചു നടക്കേണ്ടി വരില്ല. കടം വാങ്ങുന്നവനുള്ള ഗുണം, താൻ വാഗ്ദാനം ചെയ്യുന്ന സമയത്തിനുള്ളിൽ പണം തിരിച്ചടയ്ക്കാൻ തനിക്ക് സാധിക്കുമോ ഇല്ലയോ എന്ന് കടം വാങ്ങുന്ന വേളയിൽ തന്നെ അയാൾ ചിന്തിക്കും എന്നതാണ്.

ഇതുകൂടാതെ, ചില ദുർബലരായ ആളുകൾ ഇപ്രകാരം ആക്ഷേപം ഉന്നയിച്ചേക്കാം, ഞങ്ങൾ പലിശയ്ക്ക് പണം നൽകുന്നത് കടം വാങ്ങിയവന് അത് തിരിച്ചടയ്ക്കാനുള്ള ഉത്കണ്ഠ ഉണ്ടാകാൻ വേണ്ടിയാണ്; എങ്കിൽ മാത്രമേ കടത്തിൽ നിന്ന് വേഗത്തിൽ മുക്തനാകാൻ അയാൾ ശ്രമിക്കൂ. എന്നാൽ പലിശ വാങ്ങുന്നില്ലെങ്കിൽ അയാൾക്ക് ആ ബോധം ഉണ്ടാകില്ല.

ഈ സംശയം ദൂരീകരിക്കുന്നതിനായാണ്, നിങ്ങൾ പരസ്പരം കടം നൽകുമ്പോൾ കാലാവധി നിശ്ചയിക്കണമെന്ന് അല്ലാഹു പറയുന്നത്. അതിനാൽ, നിശ്ചിത സമയത്തിനുള്ളിൽ കടം വീട്ടിക്കൊള്ളാം എന്ന കരാർ എഴുതിവെക്കുക; അങ്ങനെയാകുമ്പോൾ നിങ്ങളുടെ പണം സുരക്ഷിതമായിരിക്കുകയും മറ്റേ ആൾക്ക് തന്റെ ഉത്തരവാദിത്തത്തെക്കുറിച്ച് ബോധമുണ്ടാവുകയും ചെയ്യും. എന്നാൽ ഇതിനർത്ഥം ഒരു നിശ്ചിത കാലാവധി (അജലിൻ മുസമ്മ) ഉണ്ടെങ്കിൽ മാത്രം എഴുതിയാൽ മതി എന്നല്ല. കാരണം, ഒരാൾ മറ്റൊരാൾക്ക് കടം നൽകുമ്പോൾ അത് എത്ര കുറഞ്ഞ സമയത്തേക്കാണെങ്കിലും കൂടിയ സമയത്തേക്കാണെങ്കിലും ഒരു

ശേഷം പേജ് 12 ൽ

### അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ്) അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ ഹുസൂർ തിരുമനസ്സിന്റെ ആയുരാരോഗ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം ഉണ്ടാകുന്നതിനും ദുആ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്, ഖാദിയാൻ

# ഖുത്ബാത്തെ മസ്റൂറിൽ നിന്ന്

## കടമിടപാട് സംബന്ധിച്ച ഇസ്‌ലാമിക അധ്യാപനങ്ങൾ

**ഹദ്റത്ത് അമീറുൽ മുഅ്മിനീൻ**
**ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)**

നമ്മുടെ നാഗരികവും സാമൂഹികവുമായ ജീവിതത്തിന്റെ പ്രധാനപ്പെട്ട ഒരു ഭാഗമാണ് പരസ്പരമുള്ള ഇടപാടുകൾ. മനുഷ്യന് തന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പരസ്പരം സഹായങ്ങൾ തേടേണ്ടി വരാറുണ്ട്. എന്നാൽ ഇതേ ഇടപാടുകൾ കടത്തിന്റെ രൂപത്തിലാകുമ്പോൾ അത് അറ്റമില്ലാത്ത സാമൂഹിക പ്രശ്നങ്ങൾക്ക് കാരണമാകുന്നു. സഹോദരങ്ങൾ തമ്മിൽ പിണക്കങ്ങൾ ഉണ്ടാവുകയും സുഹൃത്തുക്കൾ തമ്മിൽ തർക്കങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു. വലിയ തോതിൽ ബിസിനസ്സ് സ്ഥാപനങ്ങളിൽ നിന്നും ബാങ്കുകളിൽ നിന്നും കടമെടുക്കുമ്പോൾ ചിലപ്പോൾ സർവ്വസ്വവും നഷ്ടപ്പെടാനും അപമാനത്തിനും നിന്ദയ്ക്കും വരെ അത് കാരണമാകുന്നു.

അതുകൊണ്ട് താൻ അല്ലാഹുവിന്റെ ദാസനാണെന്ന് അവകാശപ്പെടുന്ന ഒരു മുഅ്മിനായ വ്യക്തിയോട് സമൂഹത്തിലെ ഈ തിന്മയിൽ നിന്ന് വിട്ടുനിൽക്കാൻ അല്ലാഹു കല്പിച്ചിരിക്കുന്നു. കൂടാതെ, എപ്രകാരം തർക്കങ്ങളിൽ നിന്നും അപമാനത്തിൽ നിന്നും രക്ഷപ്പെടാം എന്ന മാർഗ്ഗവും പറഞ്ഞുതന്നിട്ടുണ്ട്. കടം നൽകുന്നവരോട്, കടം നൽകിയ ശേഷം അത് തിരിച്ചുചോദിക്കേണ്ടത് എങ്ങനെയെന്നും, കടം വാങ്ങുന്നവരോട്, കടം ഭംഗിയായി വീട്ടുന്നതിലൂടെ സമൂഹത്തിൽ തന്റെ സ്ഥാനം എങ്ങനെ ഉയർത്താമെന്നും ഇസ്‌ലാം പഠിപ്പിച്ചു തരുന്നു. വിശുദ്ധ ഖുർആൻ മനുഷ്യ മനശ്ശാസ്ത്രത്തെ കണക്കിലെടുത്ത് കടമിടപാടുകൾ കൃത്യമായി സൂക്ഷിക്കുന്ന രീതി എത്രത്തോളം ആഴത്തിലാണ് പഠിപ്പിച്ചുതരുന്നത് എന്നുവെച്ചാൽ, ഒരാളുടെ നിയ്യത്ത് ശുദ്ധമാണെങ്കിൽ ഇരുവിഭാഗത്തിനും യാതൊരുവിധ പ്രയാസങ്ങളും അനുഭവിക്കേണ്ടി വരികയില്ല.

അല്ലാഹു പറയുന്നു: يَاَيُّهَا الَّذِيۡنَ اٰمَنُوۡۤا اِذَا تَدَايَنۡتُمۡ بِدَيۡنٍ اِلٰٓى اَجَلٍ مُّسَمًّى فَاكۡتُبُوۡهُ അതായത്, അല്ലയോ സത്യവി ശ്വാസികളേ! നിങ്ങൾ ഒരു നിശ്ചിത കാലാവധി നിശ്ചയിച്ച് കടമിടപാടുകൾ നടത്തുമ്പോൾ അത് എഴുതി രേഖപ്പെടുത്തുക. ഇത് എത്ര മനോഹരമായ കല്പനയാണെന്ന് നോക്കൂ. ചിലർ പറയാറുണ്ട്, **'ഞങ്ങൾക്ക് നല്ല വിശ്വാസമാണ്, എഴുതേണ്ട ആവശ്യമൊന്നുമില്ല, നമ്മൾ സഹോദരങ്ങളെപ്പോലെയാണ്'** എന്ന്. **'എഴുതുക എന്നാൽ അവിശ്വാസമുണ്ടെന്നാണല്ലോ അർത്ഥം, ഇത് നമ്മൾ തമ്മിൽ അകൽച്ചയുണ്ടാക്കാനും പിണക്കങ്ങൾ വർദ്ധിക്കാനും ഇടയാക്കും, നമ്മുടെ ബന്ധങ്ങൾ വഷളാകും'** എന്നൊക്കെയാണ് അവർ പറയുന്നത്. എന്നാൽ **ഓർക്കുക, ഖുർആനിക കല്പനകൾ ലംഘിക്കുമ്പോഴാണ് ബന്ധങ്ങൾ വഷളാകുന്നത്, അല്ലാതെ അത് പ്രാവർത്തികമാക്കുമ്പോഴല്ല.**

ചിലപ്പോൾ ചെറിയ തുകയുടെ ഇടപാടായതുകൊണ്ട് **'ഇത് എഴുതാൻ ഞങ്ങൾക്ക് നാണക്കേടാണ്, ഇത്ര ചെറിയ തുകയ്ക്കും ഇത്ര അടുത്ത ബന്ധമുള്ളവർക്കും വേണ്ടി എഴുതി വെക്കണോ'** എന്ന് അവർ ചോദിക്കുന്നു. അല്ലെങ്കിൽ വല്ല വസ്തുക്കളും ഉപയോഗത്തിനായി വാങ്ങിയതാകാം (ഉദാഹരണത്തിന് **വിവാഹ ആവശ്യങ്ങൾക്കോ മറ്റോ പരസ്പരം വസ്തുക്കൾ കൈമാറുന്നത്); അവയും ഈ ഗണത്തിൽ പെടുമെന്നതിനാൽ എഴുതി വെക്കേണ്ടതാണ്.** കാരണം അവയിലും പലപ്പോഴും ദുർവിചാരങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. പിൽക്കാലത്തുണ്ടാകുന്ന ഇത്തരം തെറ്റിദ്ധാരണകളിൽ നിന്ന് രക്ഷപ്പെടാൻ ഏറ്റവും ഉത്തമമായ മാർഗ്ഗം ഒരു ചെറിയ രേഖ തയ്യാറാക്കുക എന്നതാണ്.

കടമിടപാടുകൾ ചെറുതായാലും വലുതായാലും ഇത്തരം തർക്കങ്ങൾ ഒഴിവാക്കാൻ അത് എഴുതി വെക്കണമെന്നാണ് അല്ലാഹുവിന്റെ കല്പന. ഖുർആൻ പറയുന്നു:

وَلَا تَسۡـَٔمُوۡۤا اَنۡ تَكۡتُبُوۡهُ صَغِيۡرًا اَوۡ كَبِيۡرًا اِلٰٓى اَجَلِهٖ

അതായത്, ഇടപാടുകൾ ചെറുതായാലും വലുതായാലും അത് തിരിച്ചടയ്ക്കേണ്ട കാലാവധിയും കരാറിന്റെ വിശദാംശങ്ങളും സഹിതം എഴുതി വെക്കുക. ഇക്കാര്യത്തിൽ നിങ്ങൾ മടുപ്പ് കാണിക്കരുത്. ഇതിനെ നിസ്സാരമായി കാണുകയും ചെയ്യരുത്. കാരണം, മടുപ്പ് കാണിക്കുക എന്നാൽ സാത്താൻ ഏതു നിമിഷവും നിങ്ങളിൽ ദുർവിചാരങ്ങൾ ഉണ്ടാക്കിയേക്കാം എന്നാണ് അർത്ഥം. ഇപ്പോൾ നിങ്ങൾ പ്രകടിപ്പിക്കുന്ന ഈ വിശാലമനസ്കത ഒരു ഘട്ടത്തിൽ എത്തുമ്പോൾ ഇല്ലാതാവുകയും, ഉന്നത സ്വഭാവം പോയിട്ട് ഏറ്റവും താഴ്ന്ന നിലവാരത്തിലുള്ള പെരുമാറ്റം പോലും നിങ്ങളിൽ നിന്ന് ഉണ്ടാവുകയും ചെയ്തേക്കാം.

സാധാരണയായി ഇത്തരം കാര്യങ്ങൾ സംഭവിക്കാറുണ്ട്. ഇത് കേവലം സങ്കല്പമല്ല; മറിച്ച് ഇത്തരത്തിലുള്ള നിരവധി ഇടപാടുകൾ ജമാഅത്തിലെ ഖദാ, ഉമൂർ ആമ്മ എന്നിവയിലോ അല്ലെങ്കിൽ രാജ്യത്തെ കോടതികളിലോ കേസുകളായി എത്താറുണ്ട്. ഒരു കാലത്ത് ഒരേ പാത്രത്തിൽ നിന്ന് ഭക്ഷണം കഴിച്ചിരുന്നവരും അങ്ങേയറ്റം ആത്മബന്ധം പുലർത്തിയിരുന്നവരുമായ സുഹൃത്തുക്കൾ പിന്നീട് പരസ്പരം കൊടിയ ശത്രുക്കൾ മാറുന്നു. അവർ കോടതികളിൽ പരസ്പരം കള്ളസാക്ഷികൾ വരെ കണ്ടെത്താൻ ശ്രമിക്കുന്നു. ഇതെല്ലാം അല്ലാഹുവിന്റെ കല്പനകൾ പാലിക്കാത്തതിന്റെ ഫലമാണ്.

തന്റെ സൃഷ്ടികളുടെ സ്വഭാവം നന്നായി അറിയുന്ന അല്ലാഹു, ഇത്തരം ഇടപാടുകൾ എഴുതേണ്ട രീതിയും അത് ആര് എഴുതിപ്പിക്കണമെന്നും പഠിപ്പിച്ചു തന്നിട്ടുണ്ട്. എഴുതിപ്പിക്കാനുള്ള ഉത്തരവാദിത്തം കടം വാങ്ങുന്നവനിലാണ് നിക്ഷിപ്തമാക്കിയിരിക്കുന്നത്. അല്ലാഹു പറയുന്നു:

وَلۡيُمۡلِلِ الَّذِىۡ عَلَيۡهِ الۡحَقُّ وَلۡيَتَّقِ اللّٰهَ رَبَّهٗ وَلَا يَبۡخَسۡ مِنۡهُ شَيۡـًٔا

അതായത്, ആരുടെ മേലാണോ ബാധ്യതയുള്ളത് അയാൾ തന്നെ അത് എഴുതിപ്പിക്കട്ടെ. എഴുതിപ്പിക്കുന്ന ആൾ തന്റെ റബ്ബായ അല്ലാഹുവിനെ ഭയപ്പെടുകയും അതിൽ യാതൊരു കുറവും വരുത്താതിരിക്കുകയും ചെയ്യട്ടെ. കടം വാങ്ങിയ ആൾ തന്നെ ഇത് എഴുതിപ്പിക്കണം. അതിന്റെ കാരണം, താൻ എത്ര തുകയാണ് വാങ്ങിയതെന്ന് അയാൾ തന്നെ വ്യക്തമാക്കണം എന്നതാണ്. ആ രസീതിൽ തിരിച്ചടയ്ക്കാനുള്ള വ്യവസ്ഥകളും കടം വാങ്ങിയ ആൾ പറയുന്നതുപോലെ തന്നെ എഴുതണം. ഉദാഹരണത്തിന്, തവണകളായിട്ടാണ് അടയ്ക്കുന്നതെങ്കിൽ അത് രേഖപ്പെടുത്തണം; നിശ്ചിത കാലാവധിയാണെങ്കിൽ അതും എഴുതണം. **'എന്നോട് അനീതി കാണിച്ചു'** എന്നോ **'സങ്കീർണ്ണമായ പദങ്ങൾ ഉപയോഗിച്ച് കരാറിൽ വഞ്ചന കാണിച്ചു'** എന്നോ പിന്നീട് കടം വാങ്ങിയ ആൾക്ക് പറയാൻ ഇടവരരുത്. ഇതിൽ നിന്ന് രക്ഷപ്പെടാനാണ് കടം വാങ്ങിയ ആൾ തന്നെ പദങ്ങൾ നിശ്ചയിക്കട്ടെ എന്ന് പറഞ്ഞത്. **ഈയൊരു പ്രത്യേകത ഇസ്‌ലാമിക സമൂഹത്തിലും ഇസ്‌ലാമിന്റെ അധ്യാപനങ്ങളിലും മാത്രമേ നിങ്ങൾക്ക് കാണാൻ സാധിക്കൂ.**

കൂടാതെ, കടം നൽകുന്ന സമയത്ത് ലളിതമായ വ്യവസ്ഥകൾ അംഗീകരിച്ചു കൊടുക്കുന്ന കടം നൽകിയ ആൾക്ക് വലിയ പ്രതിഫലമുണ്ടെന്നും ഇസ്‌ലാം വ്യക്തമാക്കുന്നു. ഇന്നത്തെ ലോകത്ത് സാധാരണയായി കടം നൽകുന്നവനാണ് സ്വന്തം വ്യവസ്ഥകൾ അടിച്ചേൽപ്പിക്കുന്നത്. എന്നാൽ ഇസ്‌ലാമിക അധ്യാപനപ്രകാരം കടം വാങ്ങുന്നവനാണ് തന്റെ വ്യവസ്ഥകളിൽ കടം വാങ്ങുന്നത്; ആ വ്യവസ്ഥകൾ അംഗീകരിക്കാൻ കടം നൽകുന്നവനോട് കല്പിക്കുകയും അതിന് വലിയ പ്രതിഫലം വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു...

കടം വാങ്ങുന്നയാൾ തന്റെ നിബന്ധനകളിൽ കടം വാങ്ങിക്കഴിഞ്ഞാൽ അത് പൂർത്തിയാക്കാൻ അയാൾ ബാധ്യസ്ഥനായിരിക്കും. തന്നോട് അനീതി കാണിച്ചു എന്ന പരാതി പിന്നീട് അയാൾക്ക് ഉണ്ടാകില്ല, ഉണ്ടാകാനും പാടില്ല. അപ്പോൾ കടം നൽകിയ ആൾക്കെതിരെ യാതൊരുവിധ പരാതിക്കും ഇടമുണ്ടാകില്ല. ആവശ്യക്കാർക്ക് സഹായം എത്തിക്കുന്നതിനുള്ള ഇസ്‌ലാമിക സമൂഹത്തിന്റെ സൗന്ദര്യമാണിത്. ഇനി, ഇടപാടിൽ ഏർപ്പെടുന്ന രണ്ടുപേർക്കും എഴുതാൻ അറിയില്ലെങ്കിൽ, എഴുതാൻ അറിയുന്ന തന്റെ സുഹൃത്തുക്കളെയോ ബന്ധുക്കളെയോ ഇതിനായി കണ്ടെത്തുകയും അവരെക്കൊണ്ട് കരാർ എഴുതിപ്പിക്കുകയും വേണം. എഴുതുന്ന ആൾക്കും പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്: നീതിയോടുകൂടി വേണം കരാർ തയ്യാറാക്കാൻ; ഏതെങ്കിലും വശത്തോടുള്ള ചായ്‌വോ ബന്ധുത്വമോ കരാറിൽ അനാവശ്യമായ പക്ഷപാതം കാണിക്കാൻ പ്രേരിപ്പിക്കരുത്. അല്ലാഹു നൽകിയ അറിവ് (എഴുതാനുള്ള കഴിവ്) ഉപയോഗിച്ച് ഇത്തരം സന്ദർഭങ്ങളിൽ സഹായിക്കാൻ എഴുത്തുകാരൻ വിസമ്മതിക്കരുത്. ഇപ്രകാരം സമൂഹത്തെ മുഴുവൻ അല്ലാഹു കോർത്തിണക്കിയിരിക്കുന്നു.

കടം വാങ്ങിയ വ്യക്തിക്ക് കാര്യങ്ങൾ കൃത്യമായി എഴുതാനുള്ള അറിവോ മാനസികമായ ശേഷിയോ ഇല്ലെങ്കിൽ, കടം നൽകുന്നവൻ ആ ബലഹീനതയെ ചൂഷണം ചെയ്ത് അയാളെ ദ്രോഹിക്കരുത്. അതിനാൽ, അത്തരം സന്ദർഭങ്ങളിൽ അയാളുടെ അടുത്ത ബന്ധുക്കളോ രക്ഷാധികാരിയോ പകരമായി കരാർ എഴുതിപ്പിക്കണം. ചിലപ്പോൾ പ്രായപൂർത്തിയാകാത്തവരുടെ സ്വത്തുക്കളിൽ നിന്ന് കടമെടുക്കുന്ന സാഹചര്യമുണ്ടാകാം; അത്തരം സന്ദർഭങ്ങളിൽ അവരുടെ നിസ്സഹായാവസ്ഥ മുതലെടുത്ത് പലിശയെ ലാഭം എന്ന പേരിൽ വിളിച്ചു വഞ്ചിക്കുന്നത് തടയേണ്ടത് കടമയാണ്. ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള സംശയങ്ങളും തർക്കങ്ങളും ഒഴിവാക്കാനായി കരാർ പൂർത്തിയായ ശേഷം അതിൽ സാക്ഷികളെ ഉൾപ്പെടുത്താനും ഖുർആൻ നിർദ്ദേശിക്കുന്നു: وَاسۡتَشۡهِدُوۡا شَهِيۡدَيۡنِ مِنۡ رِّجَالِكُمۡ അതായത്, നിങ്ങളുടെ പുരുഷന്മാരിൽ നിന്ന് രണ്ടുപേരെ സാക്ഷികളാക്കുക. ഇനി രണ്ടു പുരുഷന്മാർ ലഭ്യമല്ലെങ്കിൽ ഒരു പുരുഷനും രണ്ട് സ്ത്രീകളും സാക്ഷികളാകാം. ഒരാൾ മറന്നുപോയാൽ മറ്റൊരാൾ ഓർമ്മിപ്പിക്കാനാണ് ഈ വ്യവസ്ഥ. ഇപ്രകാരം ഇടപാടുകളുടെ പൂർണ്ണമായ രീതി ഖുർആൻ പഠിപ്പിച്ചുതരുന്നു.

ശേഷം പേജ് 9 ൽ

ഖുത്ബ ജുമുഅ
2026 ഏപ്രിൽ 3, 1405 ശഹാദത്ത് 3
മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ

# തൗഹീദിന്റെ സംസ്ഥാപനത്തിന് വേണ്ടിയുള്ള തിരുനബി(സ)യുടെ അശ്രാന്ത പരിശ്രമങ്ങൾ

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തിരുനബി(സ) ലോകത്ത് തൗഹീദ് സ്ഥാപിക്കുന്നതിനായി പ്രകടിപ്പിച്ച ആത്മവേദനയും പരിശ്രമങ്ങളും ധീരതയും, ശിർക്കിന്റെ എല്ലാ വശങ്ങൾക്കും എതിരെ ഒരു ഉറച്ച പാറപോലെ നിലകൊള്ളുകയും സകല ജനതകളുടെയും തെറ്റായ വിശ്വാസങ്ങൾക്കും അധ്യാപനങ്ങൾക്കും എതിരെ സത്യം വിളിച്ചുപറയുകയും ചെയ്തതിനെക്കുറിച്ച് നമ്മൾ നേരത്തെ പറഞ്ഞിട്ടുള്ളതാണ്. ഇതിനെക്കുറിച്ച് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

**"ആയിരക്കണക്കിന് അപകടങ്ങൾ ഉണ്ടായിട്ടും, ലക്ഷക്കണക്കിന് ശത്രുക്കളും എതിരാളികളും ഭീഷണിപ്പെടുത്തുന്നവരും രംഗത്തുവന്നിട്ടും, തിരുനബി(സ) തന്റെ പ്രവാചകത്വ അവകാശവാദത്തിൽ ആദ്യവസാനം വരെ എത്രമാത്രം ഉറച്ച നിശ്ചയദാർഢ്യത്തോടെയാണ് നിലകൊണ്ടതെന്ന് ചിന്തിക്കേണ്ടതുണ്ട്.** ലൗകികമായ ഒരു ലക്ഷ്യവും കൈവരിക്കാൻ കഴിയുമെന്ന് സ്വപ്നത്തിൽ പോലും വിചാരിക്കാൻ കഴിയാത്തവിധം, വിജയത്തെക്കുറിച്ച് പൂർണ്ണമായും നിരാശപ്പെടുത്തുന്ന തരത്തിലുള്ള കഷ്ടപ്പാടുകളും ദു:ഖങ്ങളുമാണ് വർഷങ്ങളോളം തിരുനബി(സ) അനുഭവിച്ചത്; മാത്രമല്ല ആ പരീക്ഷണങ്ങൾ ഓരോ ദിവസവും വർദ്ധിച്ചുവരികയുമായിരുന്നു. പ്രവാചകത്വ വാദം ഉന്നയിച്ചതുവഴി തിരുനബി(സ)ക്ക് തന്റെ ആദ്യത്തെ കൂട്ടായ്മയായ ബന്ധുജനങ്ങളെപ്പോലും നഷ്ടപ്പെട്ടു." *അതായത് സ്വന്തം കൈകളാൽ തന്നെ ആദ്യത്തെ കൂട്ടായ്മയായ കുടുംബബന്ധങ്ങളെ നഷ്ടപ്പെടുത്തി.*

"ഒരു സത്യം വിളിച്ചുപറഞ്ഞതിലൂടെ ലക്ഷക്കണക്കിന് ഭിന്നതകൾ വിലക്ക് വാങ്ങുകയും ആയിരക്കണക്കിന് വിപത്തുകളെ സ്വന്തം തലയിലേക്ക് ക്ഷണിച്ചുവരുത്തുകയുമായിരുന്നു. തിരുനബി(സ) ജന്മനാട്ടിൽ നിന്ന് പുറത്താക്കപ്പെട്ടു, വധിക്കാനായി പിന്തുടരപ്പെട്ടു, വീടും സാധനസാമഗ്രികളും തകർക്കപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്തു, പലതവണ വിഷം നൽകപ്പെട്ടു. ഗുണകാംക്ഷികളായിരുന്നവർ ദ്രോഹികളായും മിത്രങ്ങൾ ശത്രുക്കളായും മാറി. ഇത്രയും ദീർഘകാലം കഠിനമായ ദുരനുഭവങ്ങൾ **ഉണ്ടായിട്ടും അചഞ്ചലനായി ഉറച്ചുനിൽക്കാൻ ഒരു വഞ്ചകനോ കപടനോ കഴിയില്ല..."**

അദ്ദേഹം തുടരുന്നു: "പിന്നെ സത്യം തുറന്നുപറയുന്ന കാര്യത്തിലാണെങ്കിൽ, **തൗഹീദിനെക്കുറിച്ച് പ്രബോധിച്ചുകൊണ്ട്, ശിർക്കിൽ മുങ്ങിക്കിടന്നിരുന്ന ലോകത്തെ മുഴുവൻ ജനങ്ങളെയും സകല വിഭാഗങ്ങളെയും തിരുനബി(സ) ശത്രുക്കളാക്കി മാറ്റി.**

**സ്വന്തക്കാരെയും ബന്ധുക്കളെയും** വിഗ്രഹാരാധനയിൽ നിന്ന് തടഞ്ഞുകൊണ്ട് അവരെയാണ് ഏറ്റവും ആദ്യം ശത്രുക്കളാക്കിയത്. യഹൂദരുമായും ബന്ധം വഷളായി; കാരണം പലതരത്തിലുള്ള സൃഷ്ടിപൂജയിൽ നിന്നും പീർ പരസ്തി(ഗുരുപൂജ)യിൽ നിന്നും ദുഷ്പ്രവൃത്തികളിൽ നിന്നും തിരുനബി(സ) അവരെ തടഞ്ഞു. ഹദ്റത്ത് മസീഹിനെ കളവാക്കുന്നതും അപമാനിക്കുന്നതും വിലക്കി, അത് അവരുടെ ഹൃദയം അങ്ങേയറ്റം വേവുന്നതിനു നിമിത്തമായി." *അതായത് ഹദ്റത്ത് മസീഹിനെ കളവാക്കുന്നത് തടഞ്ഞപ്പോൾ അവരുടെ ഉള്ളുപൊള്ളി.* "അവർ കടുത്ത ശത്രുതയോടെ വധിക്കാൻ തക്കംപാർത്ത് ഇരിക്കുകയും ചെയ്തു. അതുപോലെ **ക്രൈസ്തവരെയും അതൃപ്തരാക്കി; കാരണം അവരുടെ വിശ്വാസത്തിന് വിരുദ്ധമായി ഹദ്റത്ത് ഈസായെ ദൈവമോ ദൈവപുത്രനോ ആയി തിരുനബി(സ) പ്രഖ്യാപിച്ചില്ല,** അദ്ദേഹം കുരിശിൽ മരിച്ചുകൊണ്ട് മറ്റുള്ളവർക്ക് രക്ഷ നൽകുന്നവനാണെന്നും അംഗീകരിച്ചില്ല. അഗ്നി ആരാധകരും നക്ഷത്ര ആരാധകരും അതൃപ്തരായി; കാരണം അവരുടെ ദേവതകളെ ആരാധിക്കുന്നത് വിലക്കുകയും മോക്ഷത്തിന്റെ ആധാരം തൗഹീദ് മാത്രമാണെന്ന് നിശ്ചയിക്കുകയും ചെയ്തു."

*തിരുനബി(സ) ദുനിയാവ് നേടിയെടുക്കാനാണ് ശ്രമിച്ചതെന്ന് ആ കാലഘട്ടത്തിലെ ആളുകൾ ആരോപിക്കുമായിരുന്നു.*

ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടരുന്നു: **ഇനി നീതിപൂർവ്വം ചിന്തിക്കുക, ദുനിയാവ് നേടിയെടുക്കാനുള്ള മാർഗ്ഗമാണോ ഇത്? ഓരോ വിഭാഗത്തെയും ഏറെ വ്യക്തവും മനോവേദന ഉണ്ടാക്കുന്നതുമായ കാര്യങ്ങൾ കേൾപ്പിച്ചു, അതിന്റെ ഫലമായി എല്ലാവരും എതിർപ്പിനായി അരമുറുക്കി രംഗത്തിറങ്ങുകയും എല്ലാവരുടെയും ഹൃദയങ്ങൾ തകരുകയും ചെയ്തു.** തന്റെ പക്ഷത്ത് ഒരു ചെറിയ കൂട്ടായ്മ പോലും രൂപപ്പെടുന്നതിന് മുൻപോ ആക്രമണങ്ങളെ തടയാൻ ആവശ്യമായ കരുത്ത് ലഭിക്കുന്നതിന് മുൻപോ തന്നെ, തന്നെ വധിക്കാൻ ദാഹിക്കുന്ന തരത്തിൽ എല്ലാവരുടെയും വികാരങ്ങളെ അത്രമാത്രം പ്രകോപിപ്പിക്കുന്ന രീതിയിലായിരുന്നു ആ സത്യപ്രഘോഷണം."

ഇന്നും ഇസ്‌ലാം വിരുദ്ധരായ പൗരസ്ത്യ പണ്ഡിതന്മാരും (Orientalists) തിരുനബി(സ)യുടെ മേൽ ഈ ആരോപണം തന്നെ ഉന്നയിക്കുന്നു. എന്നാൽ, ഒരു മനുഷ്യൻ തന്റെ സ്വാർത്ഥ ലാഭത്തിന് വേണ്ടി ഇങ്ങനെയൊരു അവസ്ഥ സ്വന്തം മേൽ വരുത്തിവെക്കുമോ എന്ന് ഈ ആരോപണം ഉന്നയിക്കുന്നവർ ചിന്തിക്കുന്നില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: **"കാലത്തിനനുസരിച്ച് പ്രവർത്തിക്കുക എന്നതായിരുന്നു ലക്ഷ്യമെങ്കിൽ, ചിലരെ വ്യാജന്മാരെന്ന് വിളിച്ചത് പോലെ ചിലരെ സത്യവന്മാരെന്നും വിളിക്കാമായിരുന്നു."** ലോകത്തിന് പിന്നാലെ പോകലായിരുന്നു ഉദ്ദേശ്യമെങ്കിൽ, ചിലരെ നിഷേധിച്ചതുപോലെ തന്നെ മറ്റുള്ളവരെ പ്രീണിപ്പിക്കാൻ വേണ്ടി ചിലരെ സത്യമെന്ന് കൂടി പറയാമായിരുന്നു. "എങ്കിൽ കുറച്ചുപേർ എതിരായാലും മറ്റുചിലർ അനുകൂലികളായി അവശേഷിക്കുമായിരുന്നു. അതിലുപരി, അറബികളോട് നിങ്ങളുടെ ലാത്തും ഉസ്സയും (വിഗ്രഹങ്ങൾ) സത്യമാണെന്ന് പറഞ്ഞിരുന്നെങ്കിൽ അവർ ആ നിമിഷം അവിടുത്തെ പാദങ്ങളിൽ വീഴുകയും അവിടുന്ന് ആഗ്രഹിക്കുന്നത് എന്തും അവർ ചെയ്ത് കൊടുക്കുകയും ചെയ്യുമായിരുന്നു. കാരണം അവരെല്ലാം ബന്ധുക്കളും ഗോത്ര മര്യാദകളിൽ സമാനതകളില്ലാത്തവരുമായിരുന്നു." അവർ തമ്മിൽ കുടുംബബന്ധങ്ങളും ഗോത്രബന്ധങ്ങളും ഉണ്ടായിരുന്നു, അതിനായി അവർ ഏത് ത്യാഗത്തിനും തയ്യാറുള്ളവരായിരുന്നു. "കാര്യങ്ങളെല്ലാം അവർ അംഗീകരിക്കുമായിരുന്നു, വിഗ്രഹാരാധനയെ അനുകൂലിച്ചു എന്നതുകൊണ്ട് മാത്രം അവർ സന്തോഷിക്കുമായിരുന്നു." നിങ്ങളുടെ വിഗ്രഹങ്ങൾ ശരിയാണെന്ന് മാത്രം അവിടുന്ന് പറഞ്ഞിരുന്നെങ്കിൽ അവർ സന്തോഷിക്കുകയും "പൂർണ്ണ ഹൃദയത്തോടെ തിരുനബി(സ)യെ അനുസരിക്കുകയും ചെയ്യുമായിരുന്നു." ഇതേ ആവശ്യം തന്നെയാണ് അവർ നബി(സ)നു മുന്നിൽ വെച്ചതും.

"എന്നാൽ **ചിന്തിക്കുക, തിരുനബി(സ) പെട്ടെന്ന് തന്നെ എല്ലാ ബന്ധുക്കളെയും അപരിചിതരെയും ഒരേപോലെ പിണക്കിയതും, അക്കാലത്ത് ലോകത്ത് ഏറ്റവും വെറുക്കപ്പെട്ട ഒന്നായിരുന്ന തൗഹീദിനെ (ഏകദൈവ വിശ്വാസം) മുറുകെ പിടിച്ചതും ഏത് ലൗകിക താൽപ്പര്യത്തിന്റെ അടിസ്ഥാനത്തിലായിരുന്നു?** തൗഹീദിന്റെ പേരിൽ നൂറുകണക്കിന് ബുദ്ധിമുട്ടുകൾ ഉണ്ടാവുകയും സ്വന്തം ജീവൻ പോലും നഷ്ടപ്പെടുമെന്ന് ഉറപ്പാവുകയും ചെയ്തിട്ടും അവിടുന്ന് അതിൽ ഉറച്ചുനിന്നു. ഇതിലൂടെ നേരത്തെ തന്നെ തന്റെ ലൗകിക സുഖസൗകര്യങ്ങളും കൂട്ടായ്മകളും നശിപ്പിക്കപ്പെട്ടിട്ടും, വീണ്ടും ആ വിശ്വാസത്തിൽ തന്നെ നിർബന്ധപൂർവ്വം ഉറച്ചുനിൽക്കുന്നതിലൂടെ ഏത് ലക്ഷ്യമാണ് അവിടുന്ന് ഉദ്ദേശിച്ചത്? ആ വിശ്വാസം വെളിപ്പെടുത്തിയ നിമിഷം മുതൽ നവമുസ്‌ലിംകൾക്ക് തടവറയും ചങ്ങലകളും അതിക്രൂരമായ മർദ്ദനങ്ങളുമാണ് അനുഭവിക്കേണ്ടി വന്നത്."

**തിരുനബി(സ)ക്ക് മാത്രമല്ല, തൗഹീദ് പ്രഖ്യാപിച്ചതിന്റെ പേരിൽ അവിടുത്തെ അനുയായികൾക്കും കഠിനമായ പീഡനങ്ങൾ സഹിക്കേണ്ടി വന്നു.**

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "**ദുനിയാവ് സമ്പാദിക്കാനുള്ള മാർഗ്ഗം ഇതാണോ? ഓരോരുത്തരുടെയും പ്രകൃതത്തിനും ശീലത്തിനും ഇഷ്ടത്തിനും വിശ്വാസത്തിനും വിരുദ്ധമായ കയ്പ്പേറിയ സത്യങ്ങൾ കേൾപ്പിച്ചുകൊണ്ട് എല്ലാവരെയും ഒരേ നിമിഷം ജന്മശത്രുക്കളാക്കി മാറ്റുകയും ഒരു ജനതയുമായി പോലും ബന്ധം നിലനിർത്താതിരിക്കുകയും ചെയ്യുക എന്നതാണോ?** ആർത്തിപൂണ്ടവരും വഞ്ചകരും" അതായത് എന്തെങ്കിലും മോഹിക്കുന്നവരോ കൗശലക്കാരോ ആയ ആളുകൾ കൂട്ടുകാരെപ്പോലും ശത്രുക്കളാക്കുന്ന ഇത്തരം തന്ത്രങ്ങളാണോ പ്രയോഗിക്കാറുള്ളത്? വഞ്ചനയിലൂടെ ദുനിയാവ് നേടാൻ ആഗ്രഹിക്കുന്നവരുടെ രീതി, ഒരേസമയം ലോകത്തെ മുഴുവൻ തങ്ങൾക്കെതിരെ ശത്രുതയുടെ വികാരം ഉണർത്തുകയും സ്വന്തം ജീവനെ എപ്പോഴും അപകടത്തിലാക്കുകയും ചെയ്യുക എന്നതാണോ? അവർ തങ്ങളുടെ ലക്ഷ്യം നേടുന്നതിനായി

എല്ലാവരോടും സമാധാനപരമായ നിലപാടായിരിക്കും സ്വീകരിക്കുക, ഓരോ വിഭാഗത്തിനും അവർ സത്യവാന്മാരാണെന്ന സർട്ടിഫിക്കറ്റായിരിക്കും നൽകുക. ദൈവത്തിന് വേണ്ടി ഒരു നിലപാടിൽ ഉറച്ചുനിൽക്കുക എന്നത് അവരുടെ ശീലമല്ല. ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ചോ മഹത്വത്തെക്കുറിച്ചോ അവർ ഒട്ടും ശ്രദ്ധിക്കാറില്ല. ദൈവത്തിന് വേണ്ടി അനാവശ്യമായി ദു:ഖങ്ങൾ അനുഭവിക്കേണ്ടി വരുന്നതിൽ അവർക്ക് എന്ത് താൽപ്പര്യമാണുള്ളത്? ഒരു വേട്ടക്കാരനെപ്പോലെ, ഇരയെ പിടിക്കാൻ ഏറ്റവും എളുപ്പമുള്ള വഴിയിലായിരിക്കും അവർ വലവിരിക്കുക." വഞ്ചനയിലൂടെ കീഴ്പ്പെടുത്തുകയാണെങ്കിൽ കുറഞ്ഞ അധ്വാനത്തിൽ കൂടുതൽ ദുനിയാവ് ലഭിക്കുന്ന രീതിയായിരിക്കും അവർ സ്വീകരിക്കുക. 'കാപട്യം അവരുടെ തൊഴിലും ചടുലത അവരുടെ സ്വഭാവവുമായിരിക്കും. എല്ലാവരോടും മധുരമായി സംസാരിക്കുക എന്നതും കള്ളനോടും സാധുവിനോടും ഒരുപോലെ ബന്ധം പുലർത്തുക എന്നതും അവരുടെ പ്രത്യേക തത്വമായിരിക്കും.

മുസ്‌ലിംകളോട് 'അല്ലാഹു അല്ലാഹു' എന്നും ഹിന്ദുക്കളോട് 'റാം റാം' എന്നും പറയാൻ അവർ എപ്പോഴും തയ്യാറായിരിക്കും. ഓരോ സദസ്സിലും അവിടുത്തെ ആളുകൾക്കനുസരിച്ച് അതെ എന്നും അല്ല എന്നും അവർ പറഞ്ഞുകൊണ്ടിരിക്കും..."

**സദസ്സിനനുസരിച്ച് അവർ സ്വയം മാറും. "അവർക്ക് ദൈവവുമായി എന്ത് ബന്ധം? അവർക്ക് അവനോട് വിശ്വസ്തത പുലർത്തേണ്ട എന്ത് കാര്യമാണുള്ളത്? തങ്ങളുടെ സുഖകരമായ ജീവിതത്തെ വെറുതെ ഓരോരോ സങ്കടങ്ങളിൽ തളച്ചിടേണ്ട ആവശ്യമെന്താണ്?"**

"നിന്റെ വഴി തന്നെയാണ് നേരായത്, നിന്റെ അഭിപ്രായമാണ് ശരി, നീ മനസ്സിലാക്കിയത് തന്നെയാണ് ഉചിതം" എന്ന് ഓരോരുത്തരോടും പറയാൻ മാത്രമാണ് അവരുടെ ഗുരു അവരെ പഠിപ്പിച്ചിട്ടുള്ളത്. ചുരുക്കത്തിൽ, ശരിയും തെറ്റും സത്യവും അസത്യവും നന്മയും തിന്മയും ഒന്നും അവരുടെ പരിഗണനയിലില്ല. ആരുടെ കയ്യിൽ നിന്നാണോ തങ്ങൾക്ക് എന്തെങ്കിലും നേട്ടം ലഭിക്കുന്നത് അവനായിരിക്കും അവരുടെ കണക്കിൽ പുണ്യവാനും മാന്യനും. ആരെ പുകഴ്ത്തിയാലാണോ തങ്ങളുടെ വയറുനിറയുന്നത് അവനെ അവർ മോക്ഷം ലഭിച്ചവനായും സ്വർഗ്ഗാവകാശിയായും നിത്യജീവൻ ലഭിച്ചവനായും ചിത്രീകരിക്കും." അങ്ങനെയുള്ളവർക്ക് അവർ തന്നെയാണ് എല്ലാം.

**എന്നാൽ ഹദ്റത്ത് ഖാതമുൽ അൻബിയാ (സ)യുടെ ജീവിത സംഭവങ്ങൾ നിരീക്ഷിക്കുമ്പോൾ അത്യന്തം വ്യക്തവും പ്രകടവുമായ ഒരു കാര്യമുണ്ട്; തിരുനബി(സ) ഉന്നത നിലവാരത്തിലുള്ള ഏകരൂപിയും (ഒരേ നിലപാടുള്ളയാൾ), നിർമ്മല ഹൃദയനും, ദൈവത്തിനുവേണ്ടി ജീവൻ സമർപ്പിച്ചവനും, സൃഷ്ടികളുടെ ഭയത്തിൽ നിന്നും പ്രതീക്ഷകളിൽ നിന്നും പൂർണ്ണമായും മുഖം തിരിച്ചവനും, ദൈവത്തിൽ മാത്രം ഭരമേൽപ്പിച്ചവനുമായിരുന്നു. ദൈവത്തിന്റെ ഹിതത്തിലും താൽപ്പര്യത്തിലും സ്വയം സമർപ്പിക്കുകയും അലിഞ്ഞുചേരുകയും ചെയ്ത തിരുനബി(സ), തൗഹീദ് പ്രഘോഷിക്കുന്നതുവഴി തന്റെ മേൽ എന്തെല്ലാം വിപത്തുകൾ വരുമെന്നോ മുശ്രിക്കുകളുടെ കൈകളിൽ നിന്ന് എന്തെല്ലാം വേദനകൾ സഹിക്കേണ്ടി വരുമെന്നോ ഒട്ടും പരിഗണിച്ചില്ല. മറിച്ച്, എല്ലാത്തരം കാഠിന്യങ്ങളും പ്രയാസങ്ങളും സ്വയം ഏറ്റുവാങ്ങിക്കൊണ്ട് തന്റെ യജമാനന്റെ കല്പന നിറവേറ്റുകയാണ് ചെയ്തത്.**

പരിശ്രമത്തിനും (മുജാഹിദ) സദുപദേശത്തിനും ആവശ്യമായ എല്ലാ നിബന്ധനകളും തിരുനബി(സ) പൂർത്തിയാക്കി; ഭീഷണിപ്പെടുത്തുന്ന ഒന്നിനെയും അവിടുന്ന് ഗൗനിച്ചില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: **'ഞങ്ങൾ സത്യം സത്യമായി പറയുന്നു, പ്രവാചകന്മാരുടെ ചരിത്രത്തിൽ ഇത്രയേറെ അപകടകരമായ ഘട്ടങ്ങൾ ഉണ്ടായിട്ടും, ദൈവത്തിൽ ഭരമേൽപ്പിച്ചുകൊണ്ട് ഇത്ര പരസ്യമായി ശിർക്കിനെയും സൃഷ്ടിപൂജയെയും തടയുകയും ഇത്രയധികം ശത്രുക്കൾ ഉണ്ടായിട്ടും ഇത്രമാത്രം അചഞ്ചലനായി ഉറച്ചുനിൽക്കുകയും ചെയ്ത മറ്റൊരാളെയും കാണാൻ സാധിക്കില്ല.'**

പ്രവാചകന്മാരുടെ ചരിത്രത്തിൽ പോലും ഇത്രത്തോളം അചഞ്ചലമായ നിശ്ചയദാർഢ്യം മറ്റെവിടെയും കാണാൻ കഴിയില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അതുകൊണ്ട് അല്പം സത്യസന്ധമായി ചിന്തിക്കുവിൻ; ഈ സാഹചര്യങ്ങളെല്ലാം എപ്രകാരമാണ് തിരുനബി(സ)യുടെ ആന്തരികമായ സത്യസന്ധതയ്ക്ക് തെളിവായി നിൽക്കുന്നത് എന്ന്. ഇതുകൂടാതെ, ബുദ്ധിയുള്ള ഒരാൾ ഈ സാഹചര്യങ്ങളെക്കുറിച്ച് കൂടുതൽ ചിന്തിക്കുമ്പോൾ മനസ്സിലാകുന്ന മറ്റൊരു കാര്യമുണ്ട്; **തിരുനബി(സ) നിയോഗിക്കപ്പെട്ട കാലഘട്ടം യഥാർത്ഥത്തിൽ അത്യുന്നതനും മഹാനുമായ ഒരു ദൈവിക പരിഷ്കർത്താവിനെയും വാനലോകത്തുനിന്നുള്ള ഒരു വഴികാട്ടിയെയും തീവ്രമായി ആവശ്യപ്പെട്ടിരുന്ന ഒരു കാലമായിരുന്നു.** തിരുനബി(സ) നൽകിയ അധ്യാപനങ്ങളാകട്ടെ, സത്യമായതും ആ കാലഘട്ടത്തിന് അത്യന്താപേക്ഷിതവുമായിരുന്നു.' ലോകം അത്രമേൽ വഷളായ ആ കാലഘട്ടത്തിൽ ഒരു വഴികാട്ടിയുടെയും പരിഷ്കർത്താവിന്റെയും ആവശ്യമുണ്ടായിരുന്നു; ആ സമയത്താണ് തിരുനബി(സ) വന്നത്. 'ആ കാലഘട്ടത്തിന്റെ എല്ലാ ആവശ്യങ്ങളെയും പൂർത്തീകരിക്കുന്നതായിരുന്നു ആ അധ്യാപനങ്ങൾ. മാത്രമല്ല, **പ്രസ്തുത അധ്യാപനങ്ങൾ ലക്ഷക്കണക്കിന് ഹൃദയങ്ങളെ സത്യത്തിലേക്കും നേർവഴിയിലേക്കും ആകർഷിക്കുകയും ലക്ഷക്കണക്കിന് നെഞ്ചകങ്ങളിൽ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നത് മുദ്രണം ചെയ്യുകയും ചെയ്തു.**

പ്രവാചകത്വത്തിന്റെ പരമമായ ലക്ഷ്യം 'അതായത് ഉദ്ദേശ്യം' മോക്ഷത്തിന്റെ അടിസ്ഥാനങ്ങൾ പഠിപ്പിക്കുക എന്നതാണല്ലോ, അതിനെ മറ്റേതൊരു പ്രവാചകനേക്കാളും പൂർണ്ണതയിൽ എത്തിക്കാൻ തിരുനബി(സ)ക്ക് സാധിച്ചു.

**ഈ വസ്തുതകൾ നിരീക്ഷിക്കുമ്പോൾ, തിരുനബി(സ) തീർച്ചയായും ദൈവത്തിങ്കൽ നിന്നുള്ള സത്യവാനായ വഴികാട്ടിയാണെന്ന സാക്ഷ്യം ഹൃദയത്തിൽ നിന്ന് താനേ പുറത്തുവരും. പക്ഷപാതവും വാശിയും കാരണം ഇത് നിഷേധിക്കുന്നവന്റെ രോഗം ചികിത്സയില്ലാത്തതാണ്; അവൻ വേണമെങ്കിൽ ദൈവത്തെപ്പോലും നിഷേധിച്ചേക്കാം.** അതല്ലെങ്കിൽ, തിരുനബി(സ)യിൽ പൂർണ്ണമായി സമ്മേളിച്ചിട്ടുള്ള ഈ സത്യസന്ധതയുടെ അടയാളങ്ങളിൽ ഒന്നെങ്കിലും മറ്റേതെങ്കിലും പ്രവാചകനിൽ ഉണ്ടെന്ന് തെളിയിക്കാൻ സാധിക്കുമോ?'

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'ഹിന്ദുക്കൾ മറ്റെല്ലാ പ്രവാചകന്മാരെയും ഗ്രന്ഥങ്ങളെയും നിഷേധിച്ചുകൊണ്ട് 'വേദങ്ങൾ മാത്രമാണ് എല്ലാം' എന്ന് പാടിക്കൊണ്ടിരിക്കുന്നു. ക്രൈസ്തവരാകട്ടെ, എല്ലാ ദൈവിക അധ്യാപനങ്ങളും ഇഞ്ചീലിൽ (സുവിശേഷം) അവസാനിച്ചുവെന്ന് വിശ്വസിച്ചിരിക്കുന്നു. **ഓരോ ഗ്രന്ഥത്തിന്റെയും മൂല്യവും പദവിയും അളക്കപ്പെടുന്നത് അതിലെ തൗഹീദിന്റെ അധ്യാപനങ്ങളുടെ അടിസ്ഥാനത്തിലാണെന്നും, ഏത് ഗ്രന്ഥമാണോ തൗഹീദിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിൽ കൂടുതൽ മികച്ചുനിൽക്കുന്നത് അതിനാണ് പദവിയിൽ മുൻഗണനയെന്നും അവർ മനസ്സിലാക്കുന്നില്ല.**

**'ഒരു ദൈവിക ഗ്രന്ഥത്തിന്റെ കാതലായ വശം അതിൽ തൗഹീദിന്റെ പാഠങ്ങൾ എത്രത്തോളമുണ്ടെന്നതാണ്.'**

'അതുകൊണ്ടാണ്, **തൗഹീദിനെ നിഷേധിക്കുന്ന ഒരാൾ എത്രത്തോളം ഉന്നതമായ സ്വഭാവഗുണങ്ങൾ ഉള്ളവനായാലും അയാൾക്ക് മോക്ഷം ലഭിക്കില്ല** എന്ന് പറയുന്നത്.' എല്ലാ സൽസ്വഭാവങ്ങളും അയാളിൽ ഉണ്ടായേക്കാം, പക്ഷേ തൗഹീദിനെ നിഷേധിക്കുന്നവനാണെങ്കിൽ അല്ലാഹുവിങ്കൽ അയാൾ മോക്ഷം പ്രാപിച്ചവനല്ല.

'ഇനി ഈ സുഹൃത്തുക്കൾ ചിന്തിക്കേണ്ടതുണ്ട്, മോക്ഷത്തിന്റെ ആധാരമായ തൗഹീദ് ഏത് ഗ്രന്ഥം വഴിയാണ് ലോകത്ത് പ്രചുര പ്രചാരം നേടിയത്. **ഏതെങ്കിലും ഒരു നാട്ടിൽ വേദങ്ങൾ വഴി തൗഹീദ് പ്രചരിച്ചതായി ആർക്കെങ്കിലും പറയാൻ സാധിക്കുമോ? ഇഞ്ചീൽ വഴി തൗഹീദ് പ്രചരിച്ച ഒരു രാജ്യം പോലും നമുക്ക് കാണാൻ കഴിയില്ല. അതിലുപരി, ഇഞ്ചീലിന്റെ അനുയായികൾ ഒരു ഏകദൈവ വിശ്വാസിയെ മോക്ഷം ലഭിച്ചവനായിപ്പോലും കരുതുന്നില്ല.' തൗഹീദിൽ വിശ്വസിക്കുന്നവർ രക്ഷപ്പെടുകയില്ലെന്നാണ് അവർ കരുതുന്നത്.** 'മാത്രമല്ല, ക്രൈസ്തവ പുരോഹിതന്മാർ ഏകദൈവ വിശ്വാസികളെ ഭയാനകമായ നരകാഗ്നിയിലേക്ക് അയച്ചുകൊണ്ടിരിക്കുകയാണ്.' ഒരു ദൈവത്തിൽ വിശ്വസിക്കുന്നവർ മൂന്ന് ദൈവങ്ങളിൽ വിശ്വസിക്കാത്തതിനാൽ അവർ നരകത്തിൽ വീഴുമെന്നാണ് അവർ പറയുന്നത്.

അവർ പറയുന്നത് ഇപ്രകാരമാണ്; തൗഹീദിൽ വിശ്വസിക്കുന്നവർ, അതായത് ഒരു ദൈവത്തിൽ മാത്രം വിശ്വസിക്കുന്നവർ മൂന്ന് ദൈവങ്ങളെ അംഗീകരിക്കാത്തതിനാൽ നരകത്തിൽ വീഴുകയാണ്. 'അവിടെ കരച്ചിലും പല്ലുകടിയും മാത്രമായിരി

**• ഹദീഥുന്നബ്വി ﷺ •**

**"അക്‌രിമൂ ഔലാദക്കും."**
**നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.**

ത്വാലിബെ ദുആ
**C. K.MUHAMMED SHAREEF&FAMILY**
AHMADIYYA JAMA-ATH VANIYAMBALAM,

**• ഹദീഥുന്നബ്വി ﷺ •**

**"അൽഅമാനത്തു ഇസ്സുൻ."**
**വിശ്വസ്തത അന്തസ്സാണ്.**

ത്വാലിബെ ദുആ
**LATE T.K.SIDHIQUE AND FAMILY**
KARULAI, MALAPPURAM

ക്കും ഉണ്ടാവുകയെന്നും, അവരുടെ വാദമനുസരിച്ച് ഈ കറുത്ത തീയിൽ നിന്ന് രക്ഷപ്പെടുക ആര് മാത്രമായിരിക്കും ദൈവത്തിന് മരണവും വിപത്തും വിശപ്പും ദാഹവും വേദനയും ദു:ഖവും ശരീരവും അവതാരവുമെല്ലാം എക്കാലത്തേക്കും കല്പിച്ചു നൽകുന്നവർ മാത്രം. അല്ലാത്ത പക്ഷം രക്ഷപ്പെടാൻ മറ്റൊരു മാർഗ്ഗവുമില്ല.' അതായത് ഹദ്റത്ത് ഈസ(അ)നെക്കുറിച്ചുള്ള സങ്കല്പത്തെയാണ് ഇവിടെ വിവരിക്കുന്നത്.

'യൂറോപ്പിലെ രണ്ട് വലിയ ജനതകളായ ഇംഗ്ലീഷുകാർക്കും റഷ്യക്കാർക്കുമായി ആ സങ്കല്പ സ്വർഗ്ഗം പകുത്തുനൽകിയതുപോലെയാണ് ഇത്.' ഇന്ന് ഇതിൽ മറ്റു വലിയ രാജ്യങ്ങളും ഭാഗമായിക്കഴിഞ്ഞു. അമേരിക്കക്കാരും ഇതേ കാര്യം പറയുന്നു; മാത്രമല്ല, **ഇപ്പോൾ അമേരിക്കൻ പ്രസിഡന്റിന്റെ ചില അനുഭാവികൾ പറയുന്നത് മസീഹിന്റെ രണ്ടാം വരവ് ഒരുപക്ഷേ ട്രംപിന്റെ രൂപത്തിലായിരിക്കും എന്നാണ് (ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ).**

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു; ആ സ്വർഗ്ഗം പകുത്തുനൽകപ്പെടുമെന്നും, 'ബാക്കിയുള്ള എല്ലാ ഏകദൈവ വിശ്വാസികളും—അല്ലാഹുവിന്റെ സമ്പൂർണ്ണ മഹത്വത്തിന് നിരക്കാത്ത എല്ലാ കുറവുകളിൽ നിന്നും അവനെ പരിശുദ്ധമായി കണ്ടു എന്ന കുറ്റത്തിന്—നരകത്തിൽ തള്ളപ്പെടുമെന്നുമാണ് ഇവരുടെ വാദം.'

ചുരുക്കത്തിൽ ഞങ്ങളുടെ ഈ എഴുത്തിന്റെ ഉദ്ദേശ്യം ഇതാണ്:

**'ഇന്ന് ലോകത്ത് തൗഹീദ് (ഏകദൈവ വിശ്വാസം) എന്ന് പറയുന്ന ഒന്ന് തിരുനബി(സ)യുടെ ഉമ്മത്തിലല്ലാതെ മറ്റൊരു വിഭാഗത്തിലും കാണപ്പെടുന്നില്ല. കോടിക്കണക്കിന് സൃഷ്ടികളെ ദൈവിക ഏകത്വത്തിൽ ഉറപ്പിച്ചു നിർത്തുകയും അങ്ങേയറ്റത്തെ ആദരവോടെ ആ സത്യദൈവത്തിലേക്ക് വഴികാട്ടുകയും ചെയ്യുന്ന വിശുദ്ധ ഖുർആൻ അല്ലാതെ മറ്റൊരു ഗ്രന്ഥത്തിന്റെയും അടയാളം പോലും കാണാനില്ല. ഓരോ ജനതയും അവരവർക്ക് അനുയോജ്യമായ കൃത്രിമ ദൈവങ്ങളെ ഉണ്ടാക്കി വെച്ചിരിക്കുന്നു; എന്നാൽ മുസ്‌ലിംകളുടെ ദൈവം പണ്ടുമുതലേ നാശമില്ലാത്തവനും മാറ്റമില്ലാത്തവനും തന്റെ അനാദിയായ ഗുണവിശേഷങ്ങളിൽ എന്നും ഒരുപോലെ നിലകൊള്ളുന്നവനുമാണ്. അതുകൊണ്ട് ഈ വസ്തുതകളെല്ലാം തന്നെ ഇസ്‌ലാമിന്റെ വഴികാട്ടിയായ തിരുനബി(സ)യുടെ പ്രവാചകത്വത്തിന്റെ സത്യസന്ധത സൂര്യപ്രകാശം പോലെ വ്യക്തമാക്കുന്നവയാണ്.'**

അതായത് സൂര്യനെപ്പോലെ അങ്ങേയറ്റം തെളിമയുള്ളതാണ്. 'കാരണം പ്രവാചകത്വത്തിന്റെ അർത്ഥവും ദൂതനായി അയക്കപ്പെട്ടതിന്റെ ലക്ഷ്യവും അവിടുത്തെ പരിശുദ്ധമായ വ്യക്തിത്വത്തിൽ തെളിയിക്കപ്പെടുകയും യാഥാർത്ഥ്യമായിത്തീരുകയും ചെയ്തിരിക്കുന്നു. ഒരു നിർമിതിയിൽ നിന്ന് അതിന്റെ നിർമ്മാതാവിനെ തിരിച്ചറിയുന്നത് പോലെ, ബുദ്ധിയുള്ളവർ നിലവിലുള്ള പരിഷ്കരണങ്ങളിൽ നിന്ന് ആ ദൈവിക പരിഷ്കർത്താവിനെ തിരിച്ചറിയുന്നു.' **ഒരു വസ്തു നിർമ്മിക്കുന്നയാൾ അത് എത്രത്തോളം മികച്ച രീതിയിലാണ് ഉണ്ടാക്കിയിരിക്കുന്നത് എന്നതിലൂടെ അയാളെ തിരിച്ചറിയാൻ സാധിക്കും. അതുപോലെ ഒരു ദൈവിക പരിഷ്കർത്താവിനെ തിരിച്ചറിയാനുള്ള വഴി അദ്ദേഹം തൗഹീദിന്റെ സന്ദേശം എത്രത്തോളം പ്രചരിപ്പിച്ചു എന്നതാണ്.**

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'ഇതുപോലെ തിരുനബി(സ) ദൈവിക സഹായത്താൽ പിൻതാങ്ങപ്പെട്ടവനാണെന്ന് തെളിയിക്കുന്ന ആയിരക്കണക്കിന് മറ്റ് സംഭവങ്ങളുമുണ്ട്. ഉദാഹരണത്തിന്, **ധനമോ സ്വാധീനമോ സഹായികളോ ഇല്ലാത്ത, അക്ഷരജ്ഞാനമില്ലാത്ത ഒരു അനാഥനും ദരിദ്രനുമായ ഒരാൾ; എല്ലാ ജനതകളും സാമ്പത്തികമായും സൈനികമായും അറിവ് കൊണ്ടും പൂർണ്ണ കരുത്ത് പ്രാപിച്ചിരുന്ന ഒരു കാലഘട്ടത്തിൽ ഇത്രമാത്രം പ്രകാശപൂർണ്ണമായ ഒരു അധ്യാപനം കൊണ്ടുവന്നു എന്നത് അത്ഭുതകരമായ ഒരു കാര്യമല്ലേ? തന്റെ ഖണ്ഡിക്കാനാവാത്ത തെളിവുകൾ കൊണ്ടും വ്യക്തമായ ന്യായവാദങ്ങൾ കൊണ്ടും അവിടുന്ന് എല്ലാവരുടെയും നാവുകൾ അടപ്പിച്ചു. തങ്ങൾ വലിയ ജ്ഞാനികളാണെന്നും ഫിലോസഫർമാരാണെന്നും വലിയ സ്കോളർമാരാണെന്നും അവകാശപ്പെട്ടിരുന്നവരുടെ വലിയ തെറ്റുകൾ അവിടുന്ന് ചൂണ്ടിക്കാണിച്ചു. പിന്നീട് തന്റെ നിസ്സഹായാവസ്ഥയിലും ദാരിദ്ര്യത്തിലും ഇരുന്നുകൊണ്ട് തന്നെ അവിടുന്ന് എത്രത്തോളം കരുത്ത് പ്രകടിപ്പിച്ചു എന്നാൽ, രാജാക്കന്മാരെ അവരുടെ സിംഹാസനങ്ങളിൽ നിന്ന് താഴെയിറക്കുകയും അതേ സിംഹാസനങ്ങളിൽ ദരിദ്രരെ ഇരുത്തുകയും ചെയ്തു. ഇത് ദൈവിക സഹായം അല്ലെങ്കിൽ പിന്നെന്താണ്? ബുദ്ധിയിലും അറിവിലും കരുത്തിലും ശക്തിയിലും ലോകത്തിന് മുഴുവൻ മേൽ വിജയം കൈവരിക്കുക എന്നത് ദൈവിക സഹായമില്ലാതെ സംഭവിക്കാവുന്ന ഒന്നാണോ?'**

*(ബറാഹീനെ അഹ്മദിയ്യാ ഭാഗം 2, റൂഹാനി ഖസാഇൻ വാല്യം 1, പേജ് 108..119)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'ചരിത്രം വ്യക്തമായി തെളിയിക്കുന്നു, വിശുദ്ധ ഖുർആനിലെ പലയിടങ്ങളിലും അങ്ങേയറ്റം വ്യക്തതയോടെ ഇത് വിവരിച്ചിട്ടുണ്ട്; **ലോകം മുഴുവൻ ശിർക്കിലും വഴികേടിലും സൃഷ്ടിപൂജയിലും മുഴുകിയിരുന്ന ഒരു കാലഘട്ടത്തിലാണ് തിരുനബി(സ) നിയോഗിക്കപ്പെട്ടത്.** എല്ലാവരും സത്യത്തിന്റെ തത്വങ്ങൾ കൈവിടുകയും സന്മാർഗ്ഗം മറന്നുകളയുകയും ചെയ്തിരുന്നു. ഓരോ വിഭാഗവും വെവ്വേറെ അനാചാരങ്ങളുടെ വഴി സ്വീകരിച്ചിരുന്നു. അറേബ്യയിൽ വിഗ്രഹാരാധന അത്യന്തം ശക്തമായിരുന്നു. പേർഷ്യയിൽ അഗ്നി ആരാധനയ്ക്ക് വലിയ പ്രചാരമുണ്ടായിരുന്നു.' ഇറാൻ നിവാസികൾ അക്കാലത്ത് അഗ്നി ആരാധകരായിരുന്നു, അവർ അഗ്നിയെ പൂജിച്ചിരുന്നു. 'ഇന്ത്യയിലാകട്ടെ, വിഗ്രഹാരാധനയ്ക്ക് പുറമെ നൂറുകണക്കിന് തരത്തിലുള്ള സൃഷ്ടിപൂജകൾ വ്യാപിച്ചിരുന്നു. ആ കാലഘട്ടത്തിലാണ് അല്ലാഹുവിന്റെ അനേകം ദാസന്മാരെ ദൈവങ്ങളായി ചിത്രീകരിക്കുകയും അവതാരപൂജയ്ക്ക് അടിത്തറയിടുകയും ചെയ്ത പല പുരാണങ്ങളും പുസ്തകങ്ങളും രചിക്കപ്പെട്ടത്.

പാതിരി ബോർട്ട് സാഹിബിന്റെ *(ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉദ്ദേശിക്കുന്നത് ജോൺ ഡാവൻ പോർട്ടിനെയാണ്)* അഭിപ്രായത്തിലും പല ഇംഗ്ലീഷ് പണ്ഡിതന്മാരുടെ അഭിപ്രായത്തിലും അക്കാലത്ത് ക്രൈസ്തവ മതത്തേക്കാൾ വഷളായ മറ്റൊരു മതവും ഉണ്ടായിരുന്നില്ല.'

ജോൺ ഡാവൻപോർട്ടും ഇത് രേഖപ്പെടുത്തിയിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ലഭ്യമായ വിവരങ്ങളനുസരിച്ച് അക്കാലത്തെ മറ്റ് ക്രൈസ്തവ ചരിത്രകാരന്മാരും പണ്ഡിതന്മാരും എഴുതിയത് ക്രൈസ്തവതയോളം അധപതിച്ച മറ്റൊരു മതം അന്നില്ലായിരുന്നു എന്നാണ്. 'പുരോഹിതന്മാരുടെ ദുർനടപ്പും തെറ്റായ വിശ്വാസങ്ങളും കാരണം ക്രൈസ്തവ മതത്തിന് വലിയ കളങ്കം ഏറ്റിരുന്നു. ക്രൈസ്തവ വിശ്വാസങ്ങളിൽ ഒന്നോ രണ്ടോ അല്ല, മറിച്ച് പല കാര്യങ്ങളും ദൈവത്തിന്റെ സ്ഥാനം കൈക്കലാക്കിയിരുന്നു. അതുകൊണ്ട്, **ലോകാവസ്ഥ തന്നെ ഒരു മഹാനായ ചികിത്സകനെയും പരിഷ്കർത്താവിനെയും തേടിക്കൊണ്ടിരുന്ന അതിഭയാനകമായ വഴികേടിന്റെ കാലത്ത് തിരുനബി(സ) നിയോഗിക്കപ്പെട്ടതും, തുടർന്ന് അവിടുന്ന് വെളിപ്പെട്ട് ഒരു ലോകത്തെ മുഴുവൻ തൗഹീദ് കൊണ്ടും സൽകർമ്മങ്ങൾ കൊണ്ടും പ്രകാശിപ്പിച്ചതും, സകല തിന്മകളുടെയും മാതാവായ ശിർക്കിനെയും സൃഷ്ടിപൂജയെയും വേരോടെ പിഴുതെറിഞ്ഞതും തിരുനബി(സ) ദൈവത്തിന്റെ സത്യപ്രവാചകനും സകല പ്രവാചകന്മാരിലും ശ്രേഷ്ഠനുമാണ് എന്നതിന് വ്യക്തമായ തെളിവാണ്.'**

'തിരുനബി(സ) സത്യവാനാണെന്നത് ഇതിലൂടെ തെളിയുന്നു; അതായത്, ലോകം മുഴുവൻ വഴികേടിലായിരുന്ന ആ കാലഘട്ടത്തിൽ പ്രകൃതിനിയമം ഒരു സത്യസന്ധനായ വഴികാട്ടിയെ ആവശ്യപ്പെട്ടിരുന്നു, ദൈവികചര്യ ഒരു സദ്‌വൃത്തനായ നേതാവിനെ തേടുകയായിരുന്നു.' **ജനങ്ങൾ വഴിപിഴക്കുമ്പോൾ അല്ലാഹു തന്റെ ദൂതന്മാരെ അയക്കുക എന്നത് അവന്റെ നിശ്ചിത ചര്യയാണ്.** 'കാരണം, ലോകത്ത് ഏതെങ്കിലും തരത്തിലുള്ള പ്രയാസങ്ങളും കഷ്ടപ്പാടുകളും അതിന്റെ അങ്ങേ അറ്റത്ത് എത്തുമ്പോൾ അത് ദൂരീകരിക്കാൻ ദൈവിക കാരുണ്യം ശ്രദ്ധതിരിക്കും എന്നത് റബ്ബുൽ ആലമീന്റെ പുരാതന നിയമമാണ്. മഴയില്ലാത്തതിനാൽ കടുത്ത വരൾച്ചയും ക്ഷാമവും ബാധിച്ച് സൃഷ്ടികൾ നശിക്കാൻ തുടങ്ങുമ്പോൾ ഒടുവിൽ കാരുണ്യവാനായ ദൈവം മഴ വർഷിക്കുന്നത് പോലെയും, പകർച്ചവ്യാധി പിടിപെട്ട് ലക്ഷക്കണക്കിന് ആളുകൾ മരിക്കാൻ തുടങ്ങുമ്പോൾ അന്തരീക്ഷം ശുദ്ധമാകാനുള്ള വല്ല വഴിയോ അല്ലെങ്കിൽ വല്ല മരുന്നോ ഉൽഭവിപ്പിക്കുന്നത് പോലെയും, ഏതെങ്കിലും ഒരു ജനത ക്രൂരനായ ഒരു ഭരണാധികാരിയുടെ പിടിയിൽ അകപ്പെടുമ്പോൾ ഒടുവിൽ നീതിമാനും സങ്കടങ്ങൾ കേൾക്കുന്നവനുമായ ഒരാൾ ജനിക്കുന്നത് പോലെയും തന്നെയാണ് ഇതും.

അതുപോലെ തന്നെ, **ജനങ്ങൾ ദൈവത്തിന്റെ മാർഗ്ഗം മറന്നുപോവുകയും തൗഹീദും സത്യസന്ധതയും കൈവിടുകയും ചെയ്യുമ്പോൾ, മനുഷ്യവർഗ്ഗത്തെ സന്മാർഗ്ഗത്തിലേക്ക് നയിക്കാനും സംഭവിച്ച വീഴ്ചകൾ പരിഹരിക്കാനുമായി അല്ലാഹു തന്റെ പക്കൽ നിന്ന് പൂർണ്ണമായ ഉൾക്കാഴ്ച നൽകി തന്റെ വചനവും വെളിപാടും കൊണ്ട് ഒരാളെ ആദരിച്ച് അയക്കുന്നു.** ഇതിന്റെ യാഥാർത്ഥ്യം എന്തെന്നാൽ, ലോകത്തെ നിലനിർത്തുന്നവനായ പരിപാലകൻ—ലോകത്തിന്റെ അസ്തിത്വവും നിലനില്പും ആരുടെ ആലംബത്തിലാണോ അവൻ—തന്റെ അനുഗ്രഹങ്ങൾ ചൊരിയുന്ന ഗുണവിശേഷങ്ങൾ സൃഷ്ടികളിൽ നിന്ന് തടഞ്ഞുവെക്കുകയോ അവയെ വെറുതെ വിടുകയോ ചെയ്യുന്നില്ല; മറിച്ച് അവന്റെ ഓരോ ഗുണവിശേഷവും അതിന്റെ

• ഹദീഥുന്നബ്‌വി ﷺ •

"തഅല്ലമുൽയഖീന."

ദൃഢജ്ഞാനം ആർജിക്കുവിൻ.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

സമയമാകുമ്പോൾ ഉടൻ തന്നെ വെളിപ്പെടുന്നു.

അതുകൊണ്ട്, യുക്തിപരമായ തീരുമാനമനുസരിച്ച് ഏതൊരു വിപത്തിനെയും തകർക്കാൻ അല്ലാഹുവിന്റെ ഏതെങ്കിലും ഒരു വിശേഷണം വെളിപ്പെടേണ്ടതുണ്ട്. ലോകത്തെ എല്ലാ ജനതകളും തൗഹീദിന്റെയും സത്യസന്ധതയുടെയും നേർവഴി ഉപേക്ഷിച്ചിരുന്ന സമയത്താണ് തിരുനബി(സ)യുടെ ആഗമനം ഉണ്ടായതെന്ന് ചരിത്രത്തിലൂടെയും ശത്രുക്കളുടെ സമ്മതത്തിലൂടെയും വിശുദ്ധ ഖുർആനിലൂടെയും തെളിഞ്ഞ കാര്യമാണ്. നിലവിലുള്ള ഈ തകർച്ചയെ പരിഷ്കരിക്കുകയും **ലോകത്തെ ശിർക്കിന്റെയും സൃഷ്ടിപൂജയുടെയും അന്ധകാരത്തിൽ നിന്ന് പുറത്തെടുത്ത് തൗഹീദിൽ ഉറപ്പിച്ചു നിർത്തുകയും ചെയ്തത് തിരുനബി(സ) മാത്രമാണെന്നും മറ്റാരുമല്ലെന്നും എല്ലാവർക്കും അറിയാവുന്നതാണ്.** ഈ വസ്തുതകളിൽ നിന്നെല്ലാം വ്യക്തമാകുന്നത് തിരുനബി(സ) അല്ലാഹുവിങ്കൽ നിന്നുള്ള സത്യവാനായ വഴികാട്ടിയാണ് എന്നാണ്.'

*(ബറാഹീനെ അഹ്മദിയ്യ ഭാഗം 2, റൂഹാനി ഖസാഇൻ വാല്യം 1, പേജ് 112-114 ഹാശിയ നമ്പർ 10)*

അതുകൊണ്ട്, തിരുനബി(സ)യാണ് തൗഹീദിനെ അതിന്റെ യഥാർത്ഥ ഭാവത്തിൽ ലോകത്ത് സ്ഥാപിച്ച ആ വ്യക്തിത്വം.

കഴിഞ്ഞ ഖുതുബകളിൽ തിരുനബി(സ) തൗഹീദിന് വേണ്ടി എപ്രകാരമാണ് പരിശ്രമിച്ചിരുന്നത് എന്നതിനെക്കുറിച്ചുള്ള ഒട്ടനവധി സംഭവങ്ങളും ഉദ്ധരണികളും ഞാൻ വിവരിക്കുകയുണ്ടായി. **അല്ലാഹുവിന്റെ വാഗ്ദാനപ്രകാരം ഈ കാലഘട്ടത്തിലും തൗഹീദ് സ്ഥാപിക്കുന്നതിനായി അവിടുത്തെ സത്യസന്ധനായ പ്രേമിയെ അല്ലാഹു നിയോഗിച്ചതായി നമുക്ക് കാണാം.** കാരണം, ഈ കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) തിരുനബി(സ)യുടെ അധ്യാപനങ്ങളുടെയും സുന്നത്തിന്റെയും പ്രായോഗിക മാതൃകയായിരുന്നു. തന്റെ യജമാനനെ അനുഗമിച്ചുകൊണ്ട് അല്ലാഹുവിന്റെ തൗഹീദ് പ്രചരിപ്പിക്കുന്നതിനായുള്ള കഠിനമായ ആത്മവേദന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഹൃദയത്തിൽ നിറഞ്ഞുനിന്നിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രചനകളിലും പ്രായോഗിക ജീവിതത്തിലും ഇതിന് ധാരാളം ഉദാഹരണങ്ങൾ നമുക്ക് കാണാൻ സാധിക്കും. അവയിൽ ചിലത് ഞാൻ ഇവിടെ വിവരിക്കാം. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'അല്ലാഹുവിന് ഞങ്ങളോടുള്ള ഇടപാടുകളും അത്ഭുതകരമാണ്. أَنْتَ مِنِّيْ بِمَنْزِلَةِ تَوْحِيْدِيْ وَتَفْرِيْدِيْ (നീ എന്നിൽ നിന്ന് എന്റെ തൗഹീദിന്റെയും ഏകത്വത്തിന്റെയും പദവിയിലാകുന്നു) എന്ന നമ്മുടെ ഈ ഇൽഹാം ഒരു പുതിയ ശൈലിയിലുള്ളതാണ്. ഇതിനുമുമ്പ് ഒരു ഇൽഹാമിലും ഇത്തരത്തിലുള്ള വാക്കുകൾ ഞങ്ങൾ കണ്ടിട്ടില്ല. ഇതിന്റെ അർത്ഥമായി ഞങ്ങൾക്ക് തോന്നുന്നത് ഇതാണ്; ലോകത്ത് ദൈവിക ഏകത്വം അങ്ങേയറ്റം അപമാനിക്കപ്പെടുകയും അതിനെ വളരെ നിസ്സാരമായി കാണുകയും ചെയ്യുന്ന ഒരു കാലഘട്ടത്തിൽ നിയോഗിക്കപ്പെടുന്ന വ്യക്തി തൗഹീദിന് തുല്യൻ തന്നെയായിരിക്കും. അത്തരമൊരു സമയത്ത് വരുന്നയാൾ തൗഹീദിന്റെ മൂർത്തരൂപമായിരിക്കും.'

*(മൽഫൂസാത്ത് വാല്യം 5, പേജ് 1, എഡിഷൻ 2022)*

ഒരു സദസ്സിൽ വെച്ച് അദ്ദേഹം വിവരിച്ച ഈ കാര്യത്തെ ഒരു പത്രം ഇപ്രകാരം റിപ്പോർട്ട് ചെയ്തു. എന്നാൽ 'അൽബദ്ർ' എന്ന മറ്റൊരു പത്രം കുറച്ചുകൂടി വിശദമായി ഇപ്രകാരം എഴുതി:

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

**'ദൈവ നിയോഗിതനായ ആ വ്യക്തിക്ക് തൗഹീദിനോടുള്ള ദാഹം എത്രത്തോളമുണ്ടാകുമെന്നാൽ, തന്റെ എല്ലാ താൽപ്പര്യങ്ങളും ലക്ഷ്യങ്ങളും ഒരുവശത്തേക്ക് മാറ്റിവെച്ച് തൗഹീദ് സ്ഥാപിക്കുന്നതിൽ അദ്ദേഹം തന്നെ തൗഹീദിന്റെ ഒരു മൂർത്തരൂപം ആയി മാറുന്നു. അദ്ദേഹത്തിന്റെ ഇരുപ്പിലും നിൽപ്പിലും അനക്കമടക്കങ്ങളിലും ഓരോ വാക്കിലും പ്രവൃത്തിയിലും തൗഹീദിനോടുള്ള ആവേശം ജ്വലിച്ചു നിൽക്കുന്നുണ്ടാകും.'**

*(അൽബദ്ർ വാല്യം 2, നമ്പർ 12, 1903 ഏപ്രിൽ 10, പേജ് 91)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'ഓരോ വ്യക്തിയും തനിക്കായി ഓരോ ലക്ഷ്യവും ഉദ്ദേശ്യവും നിശ്ചയിക്കുന്നു. എന്നാൽ അല്ലാഹുവിന്റെ സ്നേഹത്തിൽ മുഴുകിയ ആ വ്യക്തിയുടെ (ദൈവ നിയോഗിതന്റെ) ലക്ഷ്യവും ആഗ്രഹവും അല്ലാഹുവിന്റെ തൗഹീദ് മാത്രമായിരിക്കും. അദ്ദേഹം അല്ലാഹുവിന്റെ തൗഹീദിനെ തൻറെ സ്വാഭാവികമായ വികാരങ്ങൾക്കും ലക്ഷ്യങ്ങൾക്കും മുൻപിൽ പ്രതിഷ്ഠിക്കുന്നു. തന്റെ എല്ലാ ആവശ്യങ്ങളെയും അദ്ദേഹം പിന്നിലാക്കുന്നു. ഇപ്രകാരം ഓരോ വ്യക്തിക്കും തന്റെ ലക്ഷ്യമാകുന്ന ഓരോ വിഗ്രഹമുണ്ട്, അതിലേക്ക് എത്താൻ അയാൾ ആഗ്രഹിക്കുന്നു. എന്നാൽ ആ ലക്ഷ്യത്തിലേക്ക് എത്തിക്കുകയോ അല്ലെങ്കിൽ അതിനുമുമ്പ് തന്നെ അയാളുടെ ആയുസ്സ് അവസാനിപ്പിക്കുകയോ ചെയ്യുക എന്നത് അല്ലാഹുവിന്റെ മാത്രം അധികാരത്തിലുള്ള കാര്യമാണ്.'

ബിസിനസുകാർക്കും വ്യാപാരികൾക്കും ലൗകിക ലക്ഷ്യങ്ങൾ പിന്തുടരുന്നവർക്കുമെല്ലാം വലിയ ആഗ്രഹങ്ങളുണ്ടാകും, അവർ ഓരോ ലക്ഷ്യങ്ങൾ (Targets) നിശ്ചയിച്ചിട്ടുണ്ടാകും. എന്നാൽ അല്ലാഹു അവരെ അതിലേക്ക് എത്തിക്കുകയോ അല്ലെങ്കിൽ അതിനുമുമ്പ് തന്നെ അവർ മരണപ്പെടുകയോ ചെയ്യുന്നു. 'അയാൾ തന്റെ സമ്പത്തിനും മാനത്തിനും മക്കൾക്കും അല്ലെങ്കിൽ മറ്റ് ആവശ്യങ്ങൾക്കും വേണ്ടി തപിക്കുകയും ആത്മനിയന്ത്രണം നഷ്ടപ്പെട്ടവനാവുകയും ചെയ്യുന്നു; പലപ്പോഴും ഇത്തരം പ്രതിസന്ധികളിൽപ്പെട്ട് ആളുകൾ ആത്മഹത്യ വരെ ചെയ്യാറുണ്ട്. എന്നാൽ **ദൈവത്തിങ്കൽ നിന്ന് നിയോഗിക്കപ്പെട്ടവനായി വരുന്ന വ്യക്തിയുടെ ഈ ആവേശം അല്ലാഹുവിന്റെ തൗഹീദിന് വേണ്ടിയുള്ളതായിരിക്കും. സ്വേച്ഛക്ക് പകരം അല്ലാഹുവിന്റെ തൗഹീദിന് വേണ്ടി അദ്ദേഹം അസ്വസ്ഥനാവുകയും ആത്മസമർപ്പണം ചെയ്യുകയും ചെയ്യുന്നു.'**

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഇത്തരമൊരു ഘട്ടത്തിലാണ് അല്ലാഹുവിങ്കൽ നിന്ന് أَنْتَ مِنِّيْ بِمَنْزِلَةِ تَوْحِيْدِيْ وَتَفْرِيْدِيْ എന്ന വചനങ്ങൾ ഉണ്ടാകുന്നത് എന്ന് ഞാൻ മനസ്സിലാക്കുന്നു. കാരണം അല്ലാഹുവിന് തന്റെ തൗഹീദ് അങ്ങേയറ്റം പ്രിയപ്പെട്ടതാണ്. ഈ തൗഹീദിന് വേണ്ടിയാണ് അല്ലാഹു ചിലപ്പോൾ പകർച്ചവ്യാധിയിലൂടെയും ചിലപ്പോൾ ക്ഷാമത്തിലൂടെയും ചിലപ്പോൾ തന്റെ പ്രിയപ്പെട്ട പ്രവാചകന്മാരുടെ കയ്യിലെ വാളിലൂടെയും ആയിരക്കണക്കിന് മുശ്രിക്കുകളെ നശിപ്പിച്ചത്. മക്കയിലെയും മദീനയിലെയും സാഹചര്യങ്ങൾ സങ്കീർണ്ണമായത് ഇതിന് വേണ്ടി മാത്രമായിരുന്നു. മൂസാ നബി(അ)ന്റെ ഇടപാടുകളും ഈ തൗഹീദിന് വേണ്ടിത്തന്നെയായിരുന്നു.'

*(മൽഫൂസാത്ത് വാല്യം 5, പേജ് 12, എഡിഷൻ 2022)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) **ശിർക്കിനെക്കുറിച്ചും അതിന്റെ സൂക്ഷ്മമായ വശങ്ങളെക്കുറിച്ചും** വിവരിച്ചുകൊണ്ട് പറയുന്നു:

'എല്ലാത്തരം ശിർക്കുകളിൽ നിന്നും വിട്ടുനിൽക്കേണ്ടതുണ്ട്. സൂര്യനോ ചന്ദ്രനോ ആകാശത്തിലെ നക്ഷത്രങ്ങളോ ആരാധിക്കപ്പെടരുത്. വായുവോ അഗ്നിയോ ജലമോ ഭൂമിയിലുള്ള മറ്റേതെങ്കിലും വസ്തുക്കളോ ആരാധ്യനായി നിശ്ചയിക്കപ്പെടരുത്. ലൗകികമായ കാരണങ്ങൾക്ക് അമിതമായ ആദരവ് നൽകുകയോ, അവ ദൈവത്തിന്റെ പങ്കാളികളാണെന്ന് തോന്നുംവിധം അവയിൽ ഭരമേൽപ്പിക്കുകയോ ചെയ്യരുത്. സ്വന്തം കഴിവിനെയോ പരിശ്രമത്തെയോ ഒരു വലിയ കാര്യമായി കാണരുത്; അതും ശിർക്കിന്റെ ഇനങ്ങളിൽ പെട്ടതാണ്. മറിച്ച്, എല്ലാം ചെയ്തുകഴിഞ്ഞാലും 'ഞാൻ ഒന്നും ചെയ്തിട്ടില്ല' എന്ന് വേണം കരുതാൻ. സ്വന്തം അറിവിൽ അഹങ്കരിക്കുകയോ സ്വന്തം കർമ്മങ്ങളിൽ അഭിമാനിക്കുകയോ ചെയ്യരുത്. പകരം, യഥാർത്ഥത്തിൽ താൻ അറിവില്ലാത്തവനും കഴിവില്ലാത്തവനുമാണെന്ന് കരുതുകയും ഓരോ നിമിഷവും അല്ലാഹുവിന്റെ സന്നിധിയിൽ ആത്മാവ് പ്രണമിച്ചുകൊണ്ടിരിക്കുകയും വേണം.'

**എല്ലാം ചെയ്തുകഴിഞ്ഞാലും അല്ലാഹുവിന്റെ മുന്നിൽ വിനീതനാകുക; അല്ലാഹുവേ! നിന്റെ അനുഗ്രഹത്താലാണ് ഇതെല്ലാം ഉണ്ടായത്, എല്ലാ ഫലങ്ങളും ഉണ്ടാകുന്നത് നിന്റെ കൃപയാലാണ് എന്ന് കരുതുക.**

ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടരുന്നു: 'മനുഷ്യന്റെ അറിവ് ഒരു അധ്യാപകനെ (മുഅല്ലിം) ആശ്രയിച്ചുള്ളതാണ്, അത് പരിമിതവുമാണ്. എന്നാൽ അല്ലാഹുവിന്റെ അറിവാകട്ടെ ഒരു അധ്യാപകനെയും ആശ്രയിച്ചുള്ളതല്ല, അത് അപരിമിതവുമാണ്. മനുഷ്യന്റെ കേൾവി വായുവിനെ ആശ്രയിച്ചുള്ളതാണ്, അത് പരിമിതവുമാണ്; എന്നാൽ ദൈവത്തിന്റെ കേൾവി അവന്റെ സ്വന്തം ശക്തിയാലുള്ളതാണ്, അതിന് പരിധികളില്ല. മനുഷ്യന്റെ കാഴ്ച സൂര്യനെയോ മറ്റ് പ്രകാശത്തെയോ ആശ്രയിച്ചുള്ളതാണ്, അത് പരിമിതവുമാണ്; എന്നാൽ ദൈവത്തിന്റെ കാഴ്ച അവന്റെ സ്വന്തം പ്രകാശത്താലുള്ളതാണ്, അത് അപരിമിതവുമാണ്. അതുപോലെ മനുഷ്യന്റെ സൃഷ്ടിപരമായ കഴിവ് ഏതെങ്കിലും പദാർത്ഥത്തെയും സമയത്തെയും ആശ്രയിച്ചുള്ളതാണ്, അത് പരിമിതവുമാണ്. എന്നാൽ ദൈവത്തിന്റെ സൃഷ്ടിപരമായ കഴിവ് പദാർത്ഥത്തെയോ സമയത്തെയോ ആശ്രയിച്ചുള്ളതല്ല, അത് അപരിമിതമാണ്. കാരണം **അവന്റെ ഗുണവിശേഷങ്ങളെല്ലാം സമാനതകളില്ലാത്തതാണ്. അവന് തുല്യമായി മറ്റൊന്നുമില്ലാത്തതുപോലെ അവന്റെ ഗുണവിശേഷങ്ങൾക്കും തുല്യമായി ഒന്നുമില്ല. ഒരു ഗുണവിശേഷത്തിൽ അവൻ അപൂർണ്ണനാണെങ്കിൽ അവൻ എല്ലാ ഗുണവിശേഷങ്ങളിലും അപൂർണ്ണനായിരിക്കും. അതിനാൽ, സ്വന്തം വ്യക്തിത്വത്തെപ്പോലെ തന്നെ തന്റെ ഗുണവിശേഷങ്ങളിലും അവൻ സമാനതകളില്ലാത്തവനായിരിക്കാത്ത പക്ഷം അവന്റെ തൗഹീദ് (ഏകത്വം) സ്ഥാപിതമാവുകയില്ല. ഇതാണ് വിശുദ്ധ ഖുർആൻ പഠിപ്പിച്ചുതരുന്ന തൗഹീദ്, ഇതാണ് ഈമാനിന്റെ ആധാരം.'**

*(ലക്ചർ ലാഹോർ, റൂഹാനി ഖസാഇൻ വാല്യം 20, പേജ് 154-155)*

ഇക്കാലത്തെ സാഹചര്യങ്ങളിൽ ചിലപ്പോൾ **കുട്ടികളുടെ മനസ്സിലും ഇത്തരം ചോദ്യങ്ങൾ ഉയരാറുണ്ട്; അല്ലാഹുവിനെ ആരാണ് പടച്ചതെന്നും അല്ലാഹു എവിടെ നിന്ന് വന്നുവെന്നും അവർ ചോദിക്കാറുണ്ട്.** ഒരുപക്ഷേ മുതിർന്നവർ പറഞ്ഞുകൊടുക്കുന്നതാകാം അല്ലെങ്കിൽ അവരുടെ ഉള്ളിൽ തന്നെ ഇത്തരം സംശയങ്ങൾ ഉണ്ടായതാകാം. എന്നാൽ അല്ലാഹുവിന്റെ ഗുണവിശേഷങ്ങൾ, അവൻ എന്നും ഉള്ളവനാണ്, എന്നും നിലനിൽക്കുന്നവനാണ്, അപരിമിതനാണ്. അവൻ എല്ലാവരെയും പടച്ചു, അവനെ ആരും പടച്ചിട്ടില്ല. അതുകൊണ്ട് സ്വയം നിലവിൽ വന്ന അവസാനമായ ഒരു ശക്തിയെക്കുറിച്ച് എന്ത് സങ്കല്പമാണോ ഉണ്ടാകാൻ സാധിക്കുക, അത് അല്ലാഹു മാത്രമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)

പറയുന്നു:

'യഥാർത്ഥ തൗഹീദ് അഥവാ അല്ലാഹു നമ്മിൽ നിന്ന് ആഗ്രഹിക്കുന്നതും നമ്മുടെ മോക്ഷം ബന്ധിക്കപ്പെട്ടിട്ടുള്ളതുമായ ആ അംഗീകാരം ഇതാണ്: **അല്ലാഹുവിനെ അവന്റെ സത്തയിൽ സകല പങ്കാളികളിൽ നിന്നും പരിശുദ്ധനായി കാണുക. അത് വിഗ്രഹമായാലും മനുഷ്യനായാലും സൂര്യനോ ചന്ദ്രനോ സ്വേഛ്ചയോ സ്വന്തം തന്ത്രങ്ങളോ വഞ്ചനകളോ ആയാലും അതൊന്നും അല്ലാഹുവിന്റെ പങ്കാളികളല്ലെന്ന് മനസ്സിലാക്കുക.** അല്ലാഹുവിന് എതിരെ മറ്റൊരു ഖാദിറിനെ (കഴിവുള്ളവൻ) നിശ്ചയിക്കാതിരിക്കുക. അവനല്ലാതെ മറ്റൊരു റാസിഖിനെ (അന്നദാതാവ്) കരുതാതിരിക്കുക. അവനല്ലാതെ ആരും അന്തസ്സ് നൽകുന്നവനോ നിന്ദ്യത നൽകുന്നവനോ ആണെന്ന് വിചാരിക്കാതിരിക്കുക. മറ്റൊരു സഹായിയെയും രക്ഷകനെയും കരുതാതിരിക്കുക.

രണ്ടാമതായി, **സ്വന്തം സ്നേഹം അവന് മാത്രമായി പരിമിതപ്പെടുത്തുക. സ്വന്തം ആരാധനയും വിനയവും അവന് മാത്രമായി സമർപ്പിക്കുക. സ്വന്തം പ്രതീക്ഷകളും ഭയവും അവനിൽ മാത്രം അർപ്പിക്കുക.'**

ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടരുന്നു: **'അതുകൊണ്ട് താഴെ പറയുന്ന മൂന്ന് കാര്യങ്ങളിൽ പ്രത്യേകത പുലർത്താതെ ഒരു തൗഹീദും പൂർണ്ണമാവുകയില്ല:**

**ഒന്നാമതായി, അല്ലാഹുവിന്റെ സത്തയെ സംബന്ധിച്ച തൗഹീദ്:** അതായത് അല്ലാഹുവിന്റെ അസ്തിത്വത്തിന് മുന്നിൽ മറ്റെല്ലാ വസ്തുക്കളെയും ഇല്ലാത്തവയെപ്പോലെ കരുതുക. സകല വസ്തുക്കളും നശിച്ചുപോകുന്നവയാണെന്നും അവയുടെ യാഥാർത്ഥ്യം നിലനിൽക്കാത്തതാണെന്നും വിശ്വസിക്കുക.

**രണ്ടാമതായി, ഗുണവിശേഷങ്ങളെ (സിഫാത്ത്) സംബന്ധിച്ച തൗഹീദ്:** അതായത് പരിപാലനത്തിന്റെയും ദൈവികതയുടെയും വിശേഷണങ്ങൾ അല്ലാഹുവിനല്ലാതെ മറ്റൊരാൾക്കും നൽകാൻ പാടില്ല. പുറമെ നോക്കുമ്പോൾ ആരെങ്കിലും നമുക്ക് ഉപകാരം ചെയ്യുന്നവരോ സഹായിക്കുന്നവരോ ആയി തോന്നിയാൽ പോലും അതെല്ലാം അല്ലാഹുവിന്റെ കൈകളിലുള്ള ഒരു സംവിധാനം മാത്രമാണെന്ന് ഉറച്ചു വിശ്വസിക്കുക. ***(അമേരിക്കയോ ഇസ്രായേലോ അല്ലെങ്കിൽ ലോകത്തെ മറ്റേതെങ്കിലും ശക്തികളോ അല്ല, മറിച്ച് അല്ലാഹുവിന്റെ ശക്തി മാത്രമാണ് ഉള്ളത്. മുസ്‌ലിംകളും ഈ കാര്യം തിരിച്ചറിയുകയാണെങ്കിൽ തീർച്ചയായും അവർക്ക് വിജയമുണ്ടാകും)***.

**മൂന്നാമതായി, സ്വന്തം സ്നേഹം, സത്യസന്ധത, നൈർമ്മല്യം എന്നിവയെ സംബന്ധിച്ച തൗഹീദ്:** *അതായത് സ്നേഹം തുടങ്ങിയ ദാസ്യത്വത്തിന്റെ അടയാളങ്ങളിൽ മറ്റൊരാളെയും അല്ലാഹുവിന്റെ പങ്കാളിയാക്കാതിരിക്കുകയും അവനിൽ മാത്രം അലിഞ്ഞുചേരുകയും ചെയ്യുക.' (സിറാജുദ്ദീൻ ഈസായികെ ചാർ സവാലോ കാ ജവാബ്, റൂഹാനി ഖസാഇൻ വാല്യം 12, പേജ് 349,350)*

**അല്ലാഹുവിനോട് ഉണ്ടായിരിക്കേണ്ട സ്നേഹം മറ്റാരോടും ഉണ്ടാവാൻ പാടില്ല.**

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'ഇപ്പോൾ ഈ കാലഘട്ടത്തിൽ ഭൂമി വഷളായതായും കോടിക്കണക്കിന് സൃഷ്ടികൾ ശിർക്കിന്റെ പാത സ്വീകരിച്ചതായും അല്ലാഹു കണ്ടു. മറിയമിന്റെ മകനായ ഒരു നിസ്സഹായ മനുഷ്യനെ ദൈവമാക്കുന്ന നാൽപ്പത് കോടിയിലധികം ആളുകൾ ലോകത്ത് ഉണ്ടായിക്കഴിഞ്ഞു.' (ആ കാലഘട്ടത്തിൽ ക്രൈസ്തവരുടെ എണ്ണം നാൽപ്പത് കോടിയായിരുന്നു). 'അതോടൊപ്പം തന്നെ മദ്യപാനവും അച്ചടക്കമില്ലായ്മയും ലൗകികാസക്തിയും അശ്രദ്ധമായ ജീവിതവും അതിന്റെ അങ്ങേ അറ്റത്തെത്തിയിരിക്കുന്നു. അതിനാൽ ഈ തിന്മകളെ പരിഷ്കരിക്കുന്നതിനായി അല്ലാഹു എന്നെ നിയോഗിച്ചു. അങ്ങനെ ഇതുവരെ ഒരു ലക്ഷത്തോളം മനുഷ്യർ തിന്മകളിൽ നിന്നും തെറ്റായ വിശ്വാസങ്ങളിൽ നിന്നും ദുഷ്പ്രവൃത്തികളിൽ നിന്നും എന്റെ കൈകളാൽ തൗബ (പശ്ചാത്താപം) ചെയ്തുകഴിഞ്ഞു.'

ഇത് അദ്ദേഹം ആ സമയത്ത് പറഞ്ഞ കാര്യമാണ്; എന്നാൽ ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ കോടിക്കണക്കിന് ആളുകൾ അദ്ദേഹത്തിന്റെ ജമാഅത്തിൽ അംഗങ്ങളായിക്കഴിഞ്ഞു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ദൃഷ്ടാന്തങ്ങളെക്കുറിച്ച് ഇപ്രകാരം പറയുന്നു: 'നൂറ്റമ്പതിലധികം ദൃഷ്ടാന്തങ്ങൾ വെളിപ്പെട്ടുകഴിഞ്ഞു, ഈ നാട്ടിലെ ലക്ഷക്കണക്കിന് മനുഷ്യർ അതിന് സാക്ഷികളാണ്.

**ഭൂമിയിൽ വീണ്ടും തൗഹീദ് സ്ഥാപിക്കാനാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്. മനുഷ്യ പൂജയിൽ നിന്നും ശിലാ പൂജയിൽ നിന്നും ജനങ്ങളെ മോചിപ്പിച്ച് ഏകനായ പങ്കുകാരില്ലാത്ത ദൈവത്തിലേക്ക് അവരെ മടക്കിക്കൊണ്ടു വരാനും, ആന്തരിക പരിശുദ്ധിക്കും സത്യസന്ധതയ്ക്കും അവരെ ശ്രദ്ധാലുക്കളാക്കാനും വേണ്ടിയാണ് ഞാൻ വന്നത്.**

അതനുസരിച്ച്, ജനങ്ങളിൽ ഒരു ഉണർവ് ഉണ്ടായതായി ഞാൻ കാണുന്നു. ആയിരക്കണക്കിന് ആളുകൾ എന്റെ കൈകളിൽ തൗബ ചെയ്തുകൊണ്ടിരിക്കുന്നു. ആകാശത്തുനിന്ന് ഇതാ അത്തരമൊരു കാറ്റ് വീശുന്നു, ജനങ്ങളുടെ പ്രകൃതം തൗഹീദിന് അനുകൂലമായി മാറിക്കൊണ്ടിരിക്കുന്നു. മനുഷ്യ പൂജയെ ലോകത്തുനിന്ന് ഇല്ലാതാക്കാനാണ് അല്ലാഹു ഇപ്പോൾ ഉദ്ദേശിക്കുന്നതെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആ ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി നൂറുകണക്കിന് കാരണങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.'

*(മക്തൂബാത്തെ അഹ്മദ് വാല്യം 1, പേജ് 256257, പുതിയ എഡിഷൻ)*

അല്ലാഹു നമുക്കും ആ സൗകര്യങ്ങൾ ഒരുക്കിത്തന്നിട്ടുണ്ട്, അതിലൂടെ നാം തബ്‌ലീഗ് നടത്തിവരുന്നു. തൗഹീദ് പ്രചരിപ്പിക്കുന്നതിനായി പരിശ്രമിക്കുക എന്നത് ഓരോ അഹ്മദിയുടെയും കടമയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'വിഗ്രഹാരാധനയുടെ നിർവ്വചനം എന്താണെന്നും ഏതൊരു കാര്യമാണ് ആളുകളെ വിഗ്രഹാരാധകരാക്കി മാറ്റുന്നതെന്നും ഞങ്ങളോട് ചോദിക്കപ്പെടുന്നിടത്തോളം കാലം ആ കാര്യങ്ങൾ വിവരിക്കുക എന്നത് അനിവാര്യമാണ്. ആരാധന എന്നത് വിശ്വാസങ്ങളുടെ ഫലമാണെന്ന് മനസ്സിലാക്കേണ്ടതുണ്ട്. **സത്യവിശ്വാസികളുടെ വിശ്വാസം ഇതാണ്: ദൈവം ഏകനാണ്, പരമോന്നതനായ അല്ലാഹുവിന്റെ ഗുണവിശേഷങ്ങൾ എന്നും നിലനിൽക്കുന്നവയാണ്. അതായത്, അവന്റെ ഗുണവിശേഷങ്ങളിൽ മാറ്റമോ പരിണാമമോ സംഭവിക്കുകയില്ല.' യാതൊരു മാറ്റവും ഉണ്ടാവുകയില്ല. 'അതിന് തുടക്കമോ ഒടുക്കമോ ഇല്ല. സത്യവും യഥാർത്ഥവുമായ ദൈവം അനാദിയും അനന്തവുമാണ്. അവൻ ഏതെങ്കിലും മാധ്യമത്തിലൂടെ ജനിച്ച ഒരു സൃഷ്ടിയല്ല.'**

നേരത്തെ ഞാൻ പറഞ്ഞതുപോലെ, ചിലരുടെ ചോദ്യങ്ങൾക്കുള്ള മറുപടി ഇതിലുണ്ട്; സത്യദൈവം അനാദിയും അനന്തവുമാണ്, അവൻ സൃഷ്ടിയല്ല, ജനിച്ചവനുമല്ല. അവൻ ജനിച്ചിട്ടില്ല. 'നമ്മുടെ ഹൃദയം വെറുക്കുന്ന തരത്തിലുള്ള ഗുണവിശേഷങ്ങളിൽ നിന്നും അവൻ പരിശുദ്ധനാണ്. അവന്റെ ഗുണവിശേഷങ്ങൾ നമ്മുടെ ഹൃദയത്തിന്റെ അംഗീകാരമാണ്, നമ്മുടെ ഹൃദയങ്ങൾ ആ ഗുണങ്ങളുമായി ഇണങ്ങിച്ചേർന്നവയുമാണ്. അവൻ അനാദികാലം മുതൽ ഏകനാണ്. അവന്റെ ഏകത്വത്തെ നിഷേധിക്കാൻ ഏത് ഹൃദയത്തിനാണ് സാധിക്കുക? അവൻ അനന്തകാലം വരെ ഏകനാണ്, പിന്നെ ഏത് ഹൃദയമാണ് അവനെപ്പറ്റി ത്രിത്വത്തെ അംഗീകരിക്കുന്നത്?'

*(മക്തൂബാത്തെ അഹ്മദ് വാല്യം 5, പേജ് 489, 490)*

ക്രൈസ്തവ അധ്യാപനമനുസരിച്ച് മൂന്ന് ദൈവങ്ങളാണല്ലോ ഉള്ളത്. എന്നാൽ സൽപ്രകൃതമുള്ള ഒരാൾക്കും ത്രിത്വം അംഗീകരിക്കാൻ സാധിക്കുകയില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

**'ത്രിത്വത്തിന്റെ തിന്മകൾ പരിഷ്കരിക്കുന്നതിനായാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്.' ക്രൈസ്തവതയിൽ കടന്നുകൂടിയ ആ തിന്മകൾ പരിഷ്കരിക്കാനാണ് ഞാൻ വന്നത്.** 'അതുകൊണ്ട്, ഹദ്റത്ത് ഈസാ(അ)നെ ദൈവമായി കാണുന്ന നാൽപ്പത് കോടിയിലധികം ആളുകൾ ലോകത്തുണ്ട് എന്ന ഈ വേദനാജനകമായ കാഴ്ച എന്റെ ഹൃദയത്തെ ഏറെ വേദനിപ്പിച്ചുകൊണ്ടിരിക്കുന്നു. എന്റെ ജീവിതത്തിൽ ഇതിനേക്കാൾ വലിയൊരു ദുഃഖം കടന്നുപോയിട്ടുണ്ടാകുമെന്ന് എനിക്ക് കരുതാനാവില്ല. ദുഃഖം കാരണം മരിക്കാൻ സാധിക്കുമായിരുന്നെങ്കിൽ ഈ സങ്കടം എന്നെ നശിപ്പിക്കുമായിരുന്നു; എന്തുകൊണ്ടാണ് ഈ ആളുകൾ ഏകനും പങ്കുകാരൻ ഇല്ലാത്തവനുമായ ദൈവത്തെ വിട്ട് ഒരു നിസ്സഹായ മനുഷ്യനെ ആരാധിക്കുന്നത്? **എന്തുകൊണ്ടാണ് സന്മാർഗ്ഗവും നേർവഴിയുമായി ലോകത്തേക്ക് വന്ന ആ പ്രവാചകനിൽ ഇവർ വിശ്വസിക്കാത്തത്?' അതായത് തിരുനബി(സ)യിൽ ഇവർ എന്തുകൊണ്ട് വിശ്വസിക്കുന്നില്ല? 'ഓരോ നിമിഷവും ഈ ദുഃഖം കാരണം ഞാൻ നശിച്ചുപോകുമോ എന്ന് എനിക്ക് ആശങ്കയുണ്ടായിരുന്നു...'**

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നത്; ഒരു **നിസ്സഹായ മനുഷ്യനെ ദൈവമാക്കുന്ന ഈ കള്ളം കാരണം ആകാശം പൊട്ടിപ്പോകാൻ അടുത്തുവരികയാണ്. ഈ വേദന കാരണം എന്റെ അവസ്ഥ എന്തെന്നാൽ, മറ്റുള്ളവർ സ്വർഗ്ഗം ആഗ്രഹിക്കുന്നുവെങ്കിൽ എന്റെ സ്വർഗ്ഗം എന്നത് എന്റെ ജീവിതകാലത്ത് തന്നെ മനുഷ്യർ ഈ ശിർക്കിൽ നിന്ന് മോചിതരാകുന്നതും ദൈവത്തിന്റെ മഹത്വം വെളിപ്പെടുന്നതും കാണുക എന്നതാണ്.** എന്റെ ആത്മാവ് എപ്പോഴും പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത് ഇതാണ്: 'എന്റെ നാഥാ!, ഞാൻ നിന്റെ പക്കൽ നിന്നുള്ളവനാണെങ്കിൽ, നിന്റെ അനുഗ്രഹത്തിന്റെ തണൽ എന്നോടൊപ്പമുണ്ടെങ്കിൽ, ഹദ്റത്ത് ഈസാ മസീഹ്(അ)ന്റെ മേൽ ചുമത്തപ്പെട്ടിട്ടുള്ള-അദ്ദേഹം ദൈവത്വം അവകാശപ്പെട്ടു എന്ന-ഈ അപവാദം നീക്കപ്പെടുന്ന ആ ദിവസം നീ എനിക്ക് കാണിച്ചുതരേണമേ.' വർഷങ്ങളായി എന്റെ അഞ്ച് നേരത്തെ പ്രാർത്ഥനകളും ഇതാണ്: 'നാഥാ!, ഈ ആളുകൾക്ക് നീ കാഴ്ച നൽകേണമേ, അവർ നിന്റെ ഏകത്വത്തിൽ വിശ്വസിക്കുകയും നിന്റെ റസൂലിനെ തിരിച്ചറിയുകയും ത്രിത്വ വിശ്വാസത്തിൽ നിന്ന് തൗബ ചെയ്യുകയും ചെയ്യട്ടെ.'

*(മജ്മൂഅ ഇശ്തിഹാറാത്ത് വാല്യം 2, പേജ് 547548, എഡിഷൻ 2018)*

**ക്രൈസ്തവത പ്രായോഗികമായി ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. അവരുടെ ത്രിത്വ സിദ്ധാന്തം ഇന്ന് കേവലം പുസ്തകങ്ങളിൽ മാത്രമായി ഒതുങ്ങിയിരിക്കുന്നു. യൂറോപ്പിൽ പ്രത്യേകിച്ചും, മതം അനുഷ്ഠിക്കുന്നവർ വളരെ കുറവാണ്.** എന്നാൽ ആഫ്രിക്കയിലും തെക്കേ അമേരിക്കയിലും ഇപ്പോഴും ഈ വിശ്വാസമുള്ളവരുണ്ട്. **ത്രിത്വ സിദ്ധാന്തം ഉപേക്ഷിക്കുന്നവർ പോലും ഏകനായ ദൈവത്തിൽ വിശ്വസിക്കുന്നില്ല. അതുകൊണ്ട്, ജനങ്ങളെ തൗഹീദിൽ ഉറപ്പിച്ചു നിർത്താനായി ഈ സന്ദേ**

**ശം എത്തിക്കാൻ നമ്മളാൽ കഴിയുന്ന വിധം നാം പരിശ്രമിക്കേണ്ടതുണ്ട്.**

ഏതൊരു ലക്ഷ്യം പൂർത്തീകരിക്കാനാണോ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചത്, തിരുനബി(സ) പ്രഖ്യാപിച്ച ആ യഥാർത്ഥ തൗഹീദിന്റെ അധ്യാപനങ്ങൾ പ്രാവർത്തികമാക്കുന്നവരും അത് ലോകത്ത് പ്രചരിപ്പിക്കുന്നവരും ആയിരിക്കാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. തീർച്ചയായും മനുഷ്യത്വത്തിന്റെ നിലനിൽപ്പിനുള്ള ഏക പരിഹാരം ഇതു മാത്രമാണ്. ഇതല്ലാതെ മറ്റൊരു പോംവഴിയില്ല. അല്ലാഹു നമുക്ക് ഇതിന് തൗഫീഖ് (അനുഗ്രഹം) നൽകട്ടെ.

നമസ്കാരത്തിന് ശേഷം ഞാൻ രണ്ട് ജനാസ (ഗായിബ്) നമസ്കരിക്കുന്നതാണ്.

അതിലൊന്ന് **സിയാൽകോട്ട് ജില്ലയിലെ മുൻ അമീറായിരുന്ന ജ. ഖാജ സഫർ അഹ്മദ്** സാഹിബിന്റേതാണ്. കുറച്ചു കാലമായി അദ്ദേഹം അമേരിക്കയിലായിരുന്നു. കഴിഞ്ഞ ദിവസം 91-ാം വയസ്സിൽ അദ്ദേഹം വഫാത്തായി. **ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ**. പരേതൻ മൂസി ആയിരുന്നു.

കുട്ടിക്കാലം മുതൽക്കേ തന്റെ പിതാവ് ജമാഅത്ത് സേവനങ്ങളിൽ ആത്മാർത്ഥതയോടും വിനയത്തോടും പൂർണ്ണമായ അർപ്പണ ബോധത്തോടും കൂടി ഏർപ്പെടുന്നത് കണ്ടിട്ടുണ്ടെന്ന് അദ്ദേഹത്തിന്റെ മകൾ ഹഫ്സ ഹയ്യ് പറയുന്നു. ഖിലാഫത്തിനോടുള്ള അദ്ദേഹത്തിന്റെ അഗാധമായ ബന്ധം അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ സവിശേഷമായ അടയാളമായിരുന്നു; അത് അദ്ദേഹത്തിന്റെ മക്കളുടെയും കുടുംബാംഗങ്ങളുടെയും ഹൃദയങ്ങളിൽ ഖിലാഫത്തിനോടുള്ള സ്നേഹവും വിശ്വസ്തതയും വളർത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചു. ഇത് ഒരു യാഥാർത്ഥ്യവുമാണ്; അദ്ദേഹം വളരെ വിശ്വസ്തനും ജമാഅത്ത് വ്യവസ്ഥയോട് അങ്ങേയറ്റം ആത്മാർത്ഥത പുലർത്തിയിരുന്ന വ്യക്തിയുമായിരുന്നു.

യൗവനം മുതൽ അവസാന കാലം വരെ വിവിധങ്ങളായ സേവനങ്ങൾക്ക് അദ്ദേഹത്തിന് തൗഫീഖ് ലഭിച്ചു. ഖുദ്ദാം ഉൾ അഹ്മദിയ്യയിൽ ജില്ലാ ഖാഇദ് ആയും ലോക്കൽ ഖാഇദ് ആയും പിന്നീട് ലോക്കൽ അമീർ, ജില്ലാ അമീർ എന്നീ നിലകളിലും സേവനം ചെയ്യാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സേവിക്കുന്നതിൽ അദ്ദേഹം അതീവ താല്പര്യം കാണിച്ചിരുന്നു; കേന്ദ്രത്തിൽ നിന്ന് പോകുന്ന പ്രതിനിധി സംഘങ്ങളെ എപ്പോഴും സ്വന്തം വീട്ടിൽ താമസിപ്പിക്കുകയും അവരെ സേവിക്കുകയും ചെയ്തിരുന്നു. വളരെ സന്തോഷത്തോടും സൗമ്യതയോടും കൂടിയാണ് അദ്ദേഹം ആതിഥ്യമര്യാദ പുലർത്തിയിരുന്നത്. ഈ സേവനങ്ങളിൽ ഏർപ്പെടുമ്പോൾ അദ്ദേഹത്തിന്റെ മുഖത്ത് ഒരു പ്രത്യേക സംതൃപ്തി കാണാമായിരുന്നു. ഒരു ഭാരവാഹിയെക്കുറിച്ചും അനുചിതമായ ഒരു വാക്കും അദ്ദേഹം പറയുകയോ കേൾക്കാൻ ഇഷ്ടപ്പെടുകയോ ചെയ്തിരുന്നില്ല. തന്റെ സാന്നിധ്യത്തിൽ ആരെയും വിമർശിക്കാൻ അദ്ദേഹം അനുവദിച്ചിരുന്നില്ല.

അല്ലാഹുവിൽ അദ്ദേഹത്തിന് വലിയ അർപ്പണ ബോധം ഉണ്ടായിരുന്നു. ജമാഅത്ത് സേവനങ്ങളിലായാലും വ്യക്തിജീവിതത്തിലായാലും എന്തെങ്കിലും പരീക്ഷണങ്ങൾ നേരിടുമ്പോൾ അദ്ദേഹത്തിന്റെ മുഴുവൻ ശ്രദ്ധയും പ്രാർത്ഥനയിലേക്കായിരുന്നു; അല്ലാഹുവിൽ പൂർണ്ണ വിശ്വാസമായിരുന്നു അദ്ദേഹത്തിന്. മിക്കപ്പോഴും അല്ലാഹു അദ്ദേഹത്തെ സഹായിക്കുകയും പ്രാർത്ഥനകൾ സ്വീകരിക്കുകയും ചെയ്തിരുന്നതായി അദ്ദേഹത്തിന്റെ മകൾ പറയുന്നു. തന്റെ മാതാവിനെയും അദ്ദേഹം വളരെയധികം സേവിച്ചു; അവർ രോഗബാധിതയായിരുന്നപ്പോൾ വർഷങ്ങളോളം വലിയ ക്ഷമയോടും സ്നേഹത്തോടും കൂടി അദ്ദേഹം അവരെ പരിചരിച്ചു.

ഭാര്യയെ കൂടാതെ മൂന്ന് പെൺമക്കളും കൊച്ചുമക്കളും അവരുടെ മക്കളും അദ്ദേഹത്തിനുണ്ട്. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്ത് (പാപമോചനം) നൽകട്ടെ.

അതുപോലെ ഭരണപരമായ കാര്യങ്ങളിൽ ജില്ലാ അമീർ എന്ന നിലയിൽ ഓരോ ജമാഅത്തിനെക്കുറിച്ചും അദ്ദേഹത്തിന് വ്യക്തമായ ധാരണയുണ്ടായിരുന്നു. ഗ്രാമങ്ങളിലെ ഏറ്റവും ചെറിയ ജമാഅത്തുകളെക്കുറിച്ചും അവിടുത്തെ വഴികളെക്കുറിച്ചും അദ്ദേഹത്തിന് അറിയാമായിരുന്നു. ജില്ലയിലെ സാഹചര്യങ്ങളെക്കുറിച്ച് വളരെ ആഴത്തിലുള്ള അറിവ് അദ്ദേഹം പുലർത്തിയിരുന്നു. അമീർ എന്ന നിലയിൽ നഗരത്തിൽ മാത്രം ഇരിക്കുകയല്ല, മറിച്ച് എല്ലാ സ്ഥലങ്ങളിലും അദ്ദേഹം സന്ദർശനം നടത്തുമായിരുന്നു. സാഹചര്യങ്ങൾ അനുകൂലമായിരുന്ന കാലത്ത്, സിയാൽകോട്ടിൽ നിന്ന് ജൽസ സാലാനയിൽ പങ്കെടുക്കാൻ സ്പെഷ്യൽ ട്രെയിനുകൾ വരുമ്പോൾ വളരെ കൃത്യമായ അച്ചടക്കത്തോടെ അദ്ദേഹം അതിന്റെ ക്രമീകരണങ്ങൾ ചെയ്യുമായിരുന്നു. അങ്ങേയറ്റം സ്നേഹസമ്പന്നനായ ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്; നേരത്തെ പറഞ്ഞതുപോലെ ആത്മാർത്ഥതയും വിശ്വസ്തതയും നിറഞ്ഞതായിരുന്നു ആ ജീവിതം. വളരെ വിനയമുള്ള മനുഷ്യനായിരുന്നു അദ്ദേഹം. അല്ലാഹു അദ്ദേഹത്തിന് പാപമോചനം നൽകട്ടെ.

രണ്ടാമത്തെ പരാമർശം ജ. ഉദ്രാഗോ ഹാലിദൂ (Ouedraogo Halidou) സാഹിബിനെക്കുറിച്ചാണ്. ഇദ്ദേഹം ബുർക്കിനാ ഫാസോയിലെ തദ്ദേശീയനായ ഒരു അഹ്മദിയാണ്. സൈന്യത്തിൽ ഉദ്യോഗസ്ഥനായിരുന്ന അദ്ദേഹം, ഇപ്പോൾ അയോഗിയയിലെ ഒരു ഗ്രാമത്തിൽ ഡ്യൂട്ടിയിലായിരുന്നു. അവിടെ തീവ്രവാദികൾ വലിയ കുഴപ്പങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, മാർച്ച് 3ന് ഡ്യൂട്ടിക്കിടയിൽ തീവ്രവാദി ആക്രമണത്തിൽ അദ്ദേഹം വധിക്കപ്പെട്ടു. അദ്ദേഹം ശഹീദായി. *ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.* 40 വയസ്സായിരുന്നു അദ്ദേഹത്തിന്റെ പ്രായം. അങ്ങേയറ്റം ആത്മാർത്ഥതയുള്ള ഒരു സേവന തൽപരനായിരുന്നു അദ്ദേഹം. 2007ലാണ് അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചത്. അദ്ദേഹവും ഭാര്യയും മാത്രമായിരുന്നു ആ കുടുംബത്തിലെ അഹ്മദികൾ; ബാക്കി കുടുംബാംഗങ്ങളാരും അഹ്മദികളായിരുന്നില്ല.

റീജിയണൽ മുബല്ലിഗ് സാദത്ത് സാഹിബ് പറയുന്നു: 'പരേതൻ ജമാഅത്തിലെ വളരെ സജീവമായ അംഗമായിരുന്നു, ജമാഅത്തോടും ഖിലാഫത്തോടും അഗാധമായ ബന്ധം പുലർത്തിയിരുന്നു. സൽസ്വഭാവിയും ആരാധനകളിൽ താല്പര്യമുള്ളവനും ആത്മാർത്ഥതയുള്ളവനുമായ ഒരു അഹ്മദി യുവാവായിരുന്നു അദ്ദേഹം. ഖാഇദ് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യയായും അദ്ദേഹം സേവനം ചെയ്തിട്ടുണ്ട്.' ചന്ദകൾ (വരിസംഖ്യ) നൽകുന്നതിൽ അദ്ദേഹം വലിയ കൃത്യനിഷ്ഠ പാലിച്ചിരുന്നു. ജമാഅത്ത് പരിപാടികളിൽ സജീവമായി പങ്കെടുത്തിരുന്നു. സൈനിക ജോലിയിലായിരുന്നിട്ടും ബുർക്കിനാ ഫാസോയിലെ ജൽസ സാലാനയിൽ എല്ലാ വർഷവും അദ്ദേഹം പങ്കെടുക്കുമായിരുന്നു. മുറബ്ബിമാരോടും മുഅല്ലിമിമാരോടും വലിയ ആദരവോടെയാണ് അദ്ദേഹം പെരുമാറിയിരുന്നത്; അവരെ സഹായിക്കുകയും ചെയ്തിരുന്നു.

2008ൽ ഞാൻ ഘാന സന്ദർശിച്ചപ്പോൾ (2005ൽ ബുർക്കിനാ ഫാസോയിലും പോയിരുന്നു) അവിടെ ബുർക്കിനാ ഫാസോയിൽ നിന്നുള്ള ഖാദിംകളുടെ ഒരു സൈക്കിൾ സംഘം എത്തിയിരുന്നു. ആയിരം കിലോമീറ്ററിലധികം ദൂരം യാത്ര ചെയ്താണ് അവർ വന്നത്. അവരുടെ സൈക്കിളുകളാകട്ടെ നമ്മുടെ ഇവിടുത്തെപ്പോലെയുള്ളവ ആയിരുന്നില്ല; തകർന്ന സൈക്കിളുകളും തകർന്ന റോഡുകളും കടന്നാണ് ആയിരത്തിലധികം കിലോമീറ്റർ അവർ സഞ്ചരിച്ചത്. അവർ ഘാനയിലെത്തി അവിടെ വെച്ച് എന്നെ കണ്ടു. ജൽസകൾക്ക് പോകുമ്പോഴും അദ്ദേഹം എപ്പോഴും സൈക്കിളിലായിരുന്നു യാത്ര ചെയ്തിരുന്നത്.

ലോക്കൽ മിഷനറി സിംപോറെ അബ്ദുറഹ്മാൻ സാഹിബ് പറയുന്നു; ജമാഅത്തിനെ നിസ്വാർത്ഥമായി സേവിക്കുന്നവനും എപ്പോഴും സേവനസന്നദ്ധനുമായിരുന്നു അദ്ദേഹം. ഏത് കാര്യത്തിനായി വിളിച്ചാലും ഉടൻ തന്നെ 'ലബ്ബൈക്ക്' എന്ന് പറഞ്ഞ് എത്തുമായിരുന്നു. ജൽസ സാലാനയിലും മറ്റ് സംഘടനാപരമായ ഇജ്തിമഅുകളിലും പൂർണ്ണ ഉത്തരവാദിത്തത്തോടെയാണ് അദ്ദേഹം ജോലി ചെയ്തിരുന്നത്. തന്റെ പ്രവർത്തനങ്ങളിൽ അദ്ദേഹം അത്രമാത്രം സമർപ്പിതനായിരുന്നു. അതുകൊണ്ടുതന്നെ ആളുകൾ അദ്ദേഹത്തെ 'ചെറിയ മുഅല്ലിം' എന്ന് വിളിക്കുമായിരുന്നു. ചില മുഅല്ലിമുമാർ പോലും കാണിക്കാത്ത അത്രയും 'വഖ്ഫിന്റെ ആത്മാവോടെ' (സന്നദ്ധസേവന മനോഭാവം) അദ്ദേഹം പ്രവർത്തിച്ചിരുന്നു.

സൈന്യത്തിൽ ജോലി ലഭിക്കുന്നതിന് മുമ്പ്, തനിക്ക് ജോലിയില്ലല്ലോ എന്നും താനൊരു ദരിദ്രനാണല്ലോ എന്നും അദ്ദേഹം ഏറെ വിഷമിച്ചിരുന്നു; ജമാഅത്തിന്റെ പുരോഗതിയിൽ തനിക്ക് എങ്ങനെ ഭാഗഭാക്കാകാൻ കഴിയുമെന്നതായിരുന്നു അദ്ദേഹത്തിന്റെ ചിന്ത. എന്തായാലും ജോലി ലഭിച്ചതോടെ അദ്ദേഹം വളരെ കൃത്യമായി ചന്ദകൾ നൽകാൻ ആരംഭിച്ചു. ജമാഅത്തുമായി അത്രമേൽ അഗാധമായ ബന്ധമായിരുന്നു അദ്ദേഹത്തിന്. ജോലി സംബന്ധമായി എവിടേക്ക് സ്ഥലം മാറ്റം ലഭിച്ചാലും അവിടെ ചെന്ന് ആദ്യം ജമാഅത്ത് സെന്ററോ പള്ളിയോ അന്വേഷിച്ചു കണ്ടുപിടിക്കുകയും വെള്ളിയാഴ്ച നമസ്കാരങ്ങളിലും മറ്റും കൃത്യമായി പങ്കെടുക്കുകയും ചെയ്യുമായിരുന്നു.

മാതാവിനും ഭാര്യയ്ക്കും പുറമെ ഒരു മകനും രണ്ട് പെൺമക്കളും അദ്ദേഹത്തിനുണ്ട്. അല്ലാഹു അദ്ദേഹത്തോട് പൊറുമയോടെയും കരുണയോടെയും വർത്തിക്കുമാറാകട്ടെ.

(വിവ: അബൂ അത്തിയ)

**• ഹദീഥുന്നബ്വി ﷺ •**

"അദ്ദുആഉ ഹുവൽ ഇബാദത്തു."

ദുആ തന്നെയാണ് യഥാർഥ ആരാധന

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...
(www.akhbarbadr.in)

## ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പാഠങ്ങൾ:

പേജ് 1 ൽ നിന്ന്

എന്ന രഹസ്യം ആളുകൾ മനസ്സിലാക്കുന്നില്ല എന്നത് ഖേദകരമാണ്. ഓർക്കുക, വ്യഭിചാരവും മോഷണവും ഒക്കെ പാപമായിരിക്കുന്നതുപോലെ തന്നെ പലിശ വാങ്ങുന്നതും നൽകുന്നതും പാപമാകുന്നു. സമ്പത്തും പദവിയും അതിലുപരി ഈമാനും നഷ്ടപ്പെടുന്ന ഈ പ്രവൃത്തി എത്രമാത്രം ദോഷകരമാണ്!

സാധാരണ ജീവിതത്തിൽ പലിശയ്ക്ക് കടമെടുക്കാൻ നിർബന്ധിതനാകുന്ന തരത്തിലുള്ള വലിയ ചിലവുകളൊന്നും വരുന്നില്ല. ഉദാഹരണത്തിന് വിവാഹം, അതിൽ വലിയ ചിലവുകളില്ല. ഇരുവിഭാഗവും സമ്മതിച്ചു, നികാഹ് നടന്നു. അതിനുശേഷം വലീമ എന്നത് സുന്നത്താണ്; എന്നാൽ അതിനുള്ള സാമ്പത്തിക ശേഷിയില്ലെങ്കിൽ അതും ഒഴിവാക്കാവുന്നതാണ്.

ഒരാൾ മിതവ്യയത്തോടെ മുന്നോട്ട് പോവുകയാണെങ്കിൽ അവന് യാതൊരുവിധ നഷ്ടവും സംഭവിക്കുകയില്ല. ആളുകൾ തങ്ങളുടെ സ്വേച്ഛകൾക്കും താൽക്കാലിക സന്തോഷങ്ങൾക്കും വേണ്ടി അല്ലാഹുവിനെ പിണക്കുന്നത് അങ്ങേയറ്റം സങ്കടകരമായ കാര്യമാണ്, ഇത് അവരുടെ നാശത്തിന് കാരണമാവുകയും ചെയ്യും. പലിശ എത്രമാത്രം ഗുരുതരമായ പാപമാണെന്ന് നോക്കൂ, ആളുകൾക്ക് ഇത് അറിയില്ലേ?

പന്നിയുടെ മാംസം കഴിക്കുന്നത് അങ്ങേയറ്റം നിർബന്ധിത സാഹചര്യത്തിൽ അനുവദിക്കപ്പെട്ടിട്ടുണ്ട്. അല്ലാഹു പറയുന്നു:

فَمَنِ اضْطُرَّ غَيْرَ بَاغٍ وَّلَا عَادٍ فَلَآ اِثْمَ عَلَيْهِ اِنَّ
اللّٰهَ غَفُوْرٌ رَّحِيْمٌ

അതായത്, ആരെങ്കിലും നിയമം ലംഘിക്കാനാഗ്രഹിക്കാത്തവനായും പരിധി ലംഘിക്കാത്തവനായും (നിഷിദ്ധമായത് കഴിക്കാൻ) നിർബന്ധിതനായാൽ അവന്റെ മേൽ പാപമില്ല; അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണ്.

എന്നാൽ പലിശയുടെ കാര്യത്തിൽ നിർബന്ധിത സാഹചര്യത്തിൽ അത് അനുവദനീയമാണെന്ന് ഒരിടത്തും പറഞ്ഞിട്ടില്ല. മറിച്ച് പലിശയെ സംബന്ധിച്ച കല്പന ഇപ്രകാരമാണ്:

يٰٓاَيُّهَا الَّذِيْنَ اٰمَنُوا اتَّقُوا اللّٰهَ وَذَرُوْا مَا بَقِيَ
مِنَ الرِّبٰٓوا اِنْ كُنْتُمْ مُّؤْمِنِيْنَ
فَاِنْ لَّمْ تَفْعَلُوْا فَاْذَنُوْا بِحَرْبٍ مِّنَ اللّٰهِ
وَرَسُوْلِهٖ

നിങ്ങൾ പലിശയുടെ ഇടപാടുകളിൽ നിന്ന് പിന്മാറുന്നില്ലെങ്കിൽ (അത്) അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള യുദ്ധപ്രഖ്യാപനമാകുന്നു അല്ലാഹുവിൽ ഭരമേല്പിക്കുന്നവർക്ക് അത്തരമൊരു ആവശ്യം നേരിടുകയേ ഇല്ല എന്നതാണ് നമ്മുടെ പക്ഷം. മുസ്ലിംകൾ ഈ പരീക്ഷണത്തിൽ അകപ്പെട്ടിട്ടുണ്ടെങ്കിൽ അത് അവരുടെ തന്നെ ദുഷ്പ്രവൃത്തികളുടെ ഫലമാണ്. ഹിന്ദുക്കൾ ഈ പാപം ചെയ്യുമ്പോൾ അവർ ധനികരായേക്കാം, എന്നാൽ മുസ്ലിംകൾ ഈ പാപം ചെയ്താൽ അവർ നശിച്ചുപോകും. അവർ خَسِرَ الدُّنْيَا وَالْاٰخِرَةَ (ഇഹലോകവും പരലോകവും നഷ്ടപ്പെട്ടവർ) ആയി മാറും. അതിനാൽ മുസ്ലിംകൾ ഇതിൽ നിന്ന് പിന്മാറേണ്ടത് അനിവാര്യമല്ലേ?

മനുഷ്യൻ തന്റെ ഉപജീവന രീതിയിൽ തുടക്കം മുതൽ തന്നെ മിതവ്യയം കണക്കിലെടുക്കേണ്ടതുണ്ട്; എങ്കിൽ മുതലിനേക്കാൾ വർദ്ധിച്ചുപോകുന്ന തരത്തിലുള്ള പലിശക്കടം വാങ്ങേണ്ട സാഹചര്യം ഇല്ലാതാകും. ആയിരം രൂപ നൽകിക്കഴിഞ്ഞിട്ടും ഇനിയും അഞ്ഞൂറോ അറുന്നൂറോ രൂപ ബാക്കിയുണ്ടെന്ന് കാണിച്ച് ഇന്നലെ ഒരാളുടെ കത്ത് വന്നിരുന്നു. ഇതിലെ മറ്റൊരു കഷ്ടത, കോടതികൾ ഇതിന്മേൽ വിധി പുറപ്പെടുവിക്കുന്നു എന്നതാണ്. എന്നാൽ ഇതിൽ കോടതികളുടെ കുറ്റം എന്താണ്? കടം വാങ്ങിയവന്റെ സമ്മതം നിലവിലുള്ളപ്പോൾ, പലിശ നൽകാൻ അവൻ തയ്യാറാണെന്നാണ് അതിന്റെ അർത്ഥം; അതിനാൽ അവിടെ നിന്നും വിധി വരുന്നു. ഇതിനേക്കാൾ ഉത്തമമായ മാർഗ്ഗം, മുസ്ലിംകൾ ഐക്യപ്പെടുകയും ഒരു ഫണ്ട് ശേഖരിച്ച് വാണിജ്യപരമായി അതിനെ വളർത്തുകയുമായിരുന്നു. എങ്കിൽ ഒരു സഹോദരനും പലിശയ്ക്ക് കടമെടുക്കേണ്ടി വരില്ലായിരുന്നു. മറിച്ച്, ആ സമിതിയിൽ നിന്ന് തന്നെ ആവശ്യക്കാരായ ഓരോരുത്തർക്കും തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാനും നിശ്ചയിച്ച കാലാവധിയിൽ അത് തിരിച്ചടയ്ക്കാനും സാധിക്കുമായിരുന്നു. (ബദർ, വാല്യം 7, 1908 ഫെബ്രുവരി 6, പേജ് 6)

*(അവ: തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ), വാല്യം 1, പേജ് 389,390)*

പേജ് 2 ൽ നിന്ന്

ഈ ഒരു ആയത്തിൽ തന്നെ രണ്ടുതവണ വ്യക്തമാക്കുന്നത്, നിങ്ങൾ ഈ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ലെങ്കിൽ തഖ്‌വയിൽ (ദൈവഭയം) നിന്ന് നിങ്ങൾ അകന്നുപോകും എന്നാണ്. ഈ തഖ്‌വ പാലിക്കാൻ കടം വാങ്ങുന്നവനോടും നൽകുന്നവനോടും എഴുതുന്നവനോടും സാക്ഷികളോടും ഒരുപോലെ ആവശ്യപ്പെടുന്നു. അവസാനമായി ഓർമ്മിപ്പിക്കുന്നത്, നിങ്ങൾ മറ്റുള്ളവരെ വഞ്ചിക്കുകയോ അവകാശങ്ങൾ തട്ടിയെടുക്കുകയോ അല്ലെങ്കിൽ സാക്ഷികളിൽ സമ്മർദ്ദം ചെലുത്തി നിങ്ങൾക്ക് അനുകൂലമായ കാര്യങ്ങൾ പറയിപ്പിക്കുകയോ ചെയ്തേക്കാം; എന്നാൽ അല്ലാഹുവിനെ വഞ്ചിക്കാൻ സാധിക്കില്ല. യഥാർത്ഥ ഇടപാട് എപ്രകാരമായിരുന്നുവെന്നും എന്തായിരുന്നു കരാറിലെ നിബന്ധനകളെന്നും അല്ലാഹുവിന് കൃത്യമായി അറിയാം. കരാറിൽ മാറ്റങ്ങൾ വരുത്തിയാലോ സാക്ഷികളെ സമ്മർദ്ദത്തിലാക്കിയാലോ അല്ലാഹു നിങ്ങളെ പിടികൂടുക തന്നെ ചെയ്യും, കാരണം അതൊരു പാപമാണ്.

അതുകൊണ്ട് ബിസിനസ്സ് ഇടപാടുകളായാലും വ്യക്തിപരമായ ഇടപാടുകളായാലും രൊക്കം കൈമാറ്റത്തിനുള്ള തുക കൈവശമുള്ള ഇടപാടുകൾ ഒഴികെ, സമയം നിശ്ചയിച്ചുകൊണ്ടുള്ള മറ്റെല്ലാ ഇടപാടുകളിലും ഒരു രേഖ ഉണ്ടായിരിക്കണമെന്ന് ഓരോരുത്തരും എപ്പോഴും ഓർക്കേണ്ടതുണ്ട്. ഇന്ന് പല ബിസിനസ്സുകളും വെറും വാക്കുകളിലാണ് നടക്കുന്നത്. പിന്നീട് ബാക്കി നിൽക്കുന്ന പണത്തിന്റെ (കടം) കാര്യത്തിൽ തർക്കങ്ങൾ ഉണ്ടാകുന്നു. **പലപ്പോഴും മാന്യമായി പെരുമാറുന്ന കക്ഷികൾക്ക് (അവർക്ക് സ്വാധീനമുള്ള വലിയ സംഘങ്ങളില്ലാത്തതിനാൽ) തങ്ങളുടെ പണം നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. അതിനാൽ അഹ്മദികൾ ഈ കാലഘട്ടത്തിലെ ഇത്തരം രീതികൾ ഉപേക്ഷിക്കണം.** അല്ലാഹുവിന്റെ കല്പന പ്രകാരം അത്തരം ഇടപാടുകളിൽ രേഖാമൂലം നടപടിക്രമങ്ങൾ പാലിക്കണം, അതിലാണ് എല്ലാവരുടെയും സുരക്ഷയുള്ളത്.

പിന്നെ ചിലപ്പോൾ ദൈനംദിന ആവശ്യങ്ങൾക്കോ അല്ലെങ്കിൽ യാത്രയ്ക്കിടയിലോ എന്തെങ്കിലും വാങ്ങുമ്പോൾ കയ്യിൽ പണം തികയാതെ വന്നേക്കാം; അല്ലെങ്കിൽ എന്തെങ്കിലും ഒരു വസ്തു ഇഷ്ടപ്പെട്ടപ്പോൾ അത് വാങ്ങാൻ തോന്നി ഒരു സുഹൃത്തിൽ നിന്നോ ബന്ധുവിൽ നിന്നോ കടം വാങ്ങിയേക്കാം. ഇവിടെ ഒരു കാര്യം വ്യക്തമാക്കട്ടെ, ചിലർ പറയുന്നത് ഞങ്ങൾ ചെറിയൊരു തുക വായ്പ എടുത്തതേയുള്ളൂ എന്നാണ്. അവരുടെ കാഴ്ചപ്പാടിൽ വായ്പയും കടബവും തമ്മിൽ വ്യത്യാസമുണ്ട്; എന്നാൽ യഥാർത്ഥത്തിൽ ഇവ രണ്ടും ഒന്നാണ്. ചില സുഹൃത്തുക്കൾ വന്ന് പണം വാങ്ങുകയും നാട്ടിൽ തിരിച്ചെത്തിയാൽ നൽകാമെന്ന് പറയുകയും ചെയ്യാറുണ്ട്. അല്ലെങ്കിൽ ആർക്കെങ്കിലും പണം നൽകാനുണ്ടെങ്കിൽ അത് എന്നെ ഏൽപ്പിക്കൂ, ഞാൻ പാകിസ്ഥാനിൽ പോയി അത് രൂപയായി നൽകാം അല്ലെങ്കിൽ നിങ്ങൾ താമസിക്കുന്ന നാട്ടിൽ പോയി പ്രാദേശിക കറൻസിയിൽ നൽകാം എന്ന് പറയാറുണ്ട്. എന്നാൽ മടങ്ങിപ്പോയിക്കഴിഞ്ഞാൽ പിന്നെ പല ഒഴികഴിവുകളും പറഞ്ഞ് ഇത് നീട്ടിക്കൊണ്ടുപോകുന്ന സാഹചര്യം ഉണ്ടാകുന്നു. ഇത്തരം ചെറിയ കാര്യങ്ങൾ പിന്നീട് വലിയ പിണക്കങ്ങൾക്ക് കാരണമാകും.

അതുകൊണ്ട് ഇങ്ങനെയുള്ള സാഹചര്യങ്ങളിലും ഒരു രേഖ തയ്യാറാക്കേണ്ടതാണ്. പണം നൽകുന്ന ആൾ പണം വാങ്ങിയ ആളെക്കൊണ്ട് തന്നെ ഇത് എഴുതിപ്പിക്കണം; ഇന്ന കറൻസിയിൽ ഇന്ന ബന്ധുവിന് ഇത്ര തുക നൽകാനുണ്ട് എന്ന രീതിയിൽ ഒരു രേഖ ഉണ്ടാക്കാം. ഇപ്രകാരം ചെയ്താൽ പല തർക്കങ്ങളും പിണക്കങ്ങളും അവസാനിക്കുക മാത്രമല്ല, അവ ഉണ്ടാകുകയേ ഇല്ല. ഇപ്പോൾ ജൽസയ്ക്ക് എത്തിയ അതിഥികളോട് എനിക്ക് പറയാനുള്ളത്, അങ്ങേയറ്റം നിർബന്ധിതമായ സാഹചര്യത്തിലല്ലാതെ സ്വന്തം സുഹൃത്തുക്കളോടോ ബന്ധുക്കളോടോ ഒരു തുകയുടെയും ആവശ്യം ഉന്നയിക്കരുത് എന്നാണ്. കടം വാങ്ങുന്നതിൽ നിന്നും ഉദ്ധാർ ഇടപാടുകളിൽ നിന്നും പരമാവധി വിട്ടുനിൽക്കാൻ ശ്രമിക്കുക; എത്രത്തോളം ഇതിൽ നിന്ന് വിട്ടുനിൽക്കുന്നുവോ അത്രയും നല്ലതാണ്.

കടം വാങ്ങുന്നതുമായി ബന്ധപ്പെട്ട് എനിക്കൊരു സംഭവം ഓർമ്മവരികയാണ്. റബ്‌വയിൽ ആൾത്താമസം തുടങ്ങിയ ആദ്യകാലത്ത് അവിടെ ഏതാനും കടകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്ന് ആരോ എന്നോട് പറയുകയുണ്ടായി. ഒരിക്കൽ ഹദ്റത്ത് സാഹിബ്സാദാ മിർസാ ശരീഫ് അഹ്മദ് (റ) ബസാറിൽ സാധനങ്ങൾ


• ഹദീഥുന്നബ്‌വി ﷺ •



മരിച്ചവരെ ചീത്ത പറയരുത്,
എന്തുകൊണ്ടെന്നാൽ അവർ മുമ്പേ
അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.
(ബുഖാരി 23:77)

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

• ഹദീഥുന്നബ്‌വി ﷺ •

"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.



tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

വാങ്ങാൻ പോയി, അദ്ദേഹത്തോടൊപ്പം ഒരു സഹായിയുമുണ്ടായിരുന്നു. മിയാൻ സാഹിബ് ബസാറിൽ നിന്ന് ചില സാധനങ്ങൾ വാങ്ങി. പണം നൽകാൻ നേരം നോക്കിയപ്പോൾ അത് തികയാതെ വന്നു. കൂടെയുണ്ടായിരുന്ന സഹായി ആ തുക നൽകുകയും സാധനങ്ങളടങ്ങിയ ബാഗ് എടുക്കുകയും ചെയ്തു. വീട്ടിലെത്തിയപ്പോൾ അദ്ദേഹം ആ ബാഗ് അകത്തേക്ക് നൽകാൻ മുതിർന്നു, അപ്പോൾ മിയാൻ സാഹിബ് പറഞ്ഞു: 'വേണ്ട, നിൽക്കൂ, വാതിലിന് പുറത്ത് തന്നെ നിൽക്കൂ. ഞാൻ വരാം'. അദ്ദേഹം അകത്തുപോയി പണവുമായി വരികയും അത് സഹായിയുടെ കയ്യിൽ വെച്ചുകൊടുക്കുകയും ചെയ്തു. അതിനുശേഷം സാധനങ്ങളുടെ സഞ്ചി വാങ്ങിയിട്ട് ഇപ്രകാരം പറഞ്ഞു: 'ഇപ്പോൾ ഇത് എനിക്ക് തരൂ, കാരണം ഞാൻ നിനക്ക് പണം നൽകുന്നതുവരെ ഈ സാധനങ്ങൾ എന്റേതായിരുന്നില്ല, അത് നിന്റേതായിരുന്നു. ഇപ്പോൾ ഞാൻ പണം നൽകിക്കഴിഞ്ഞു, അതുകൊണ്ട് ഇത് ഇനി എനിക്ക് നൽകൂ'. ഇങ്ങനെയുള്ള ഉദാഹരണങ്ങൾ സമൂഹത്തിൽ നിലവിൽ വരികയാണെങ്കിൽ പല തർക്കങ്ങളും കലഹങ്ങളും ഒരിക്കലും ഉണ്ടാവുകയില്ല.

കടം നൽകുന്നവനും വാങ്ങുന്നവനും ഏത് രീതിയാണ് സ്വീകരിക്കേണ്ടതെന്നും നമുക്ക് അല്ലാഹു പഠിപ്പിച്ചുതന്ന മാർഗ്ഗങ്ങൾ എപ്രകാരമാണെന്നും ഇത്തരം കാര്യങ്ങളിലൂടെ മനസ്സിലാക്കാം; ഇത് പാലിച്ചാൽ സമൂഹത്തിൽ യാതൊരുവിധ അസ്വസ്ഥതകളും ഉണ്ടാകില്ല. ഇനി ഇക്കാര്യത്തിൽ മറ്റു ചില കാര്യങ്ങൾ കൂടി പറയാൻ ആഗ്രഹിക്കുന്നു; അതായത് കടം നൽകിയവൻ കടക്കാരനോട് എങ്ങനെ പെരുമാറണം, കടം വാങ്ങിയവൻ അത് തിരിച്ചുനൽകുന്നതിൽ എപ്രകാരം ശ്രദ്ധാലുവായിരിക്കണം എന്നതിനെക്കുറിച്ചാണത്. എങ്കിൽ മാത്രമേ പരസ്പരസ്നേഹവും സാഹോദര്യവും നിലനിൽക്കുകയുള്ളൂ, വഴക്കിനും കേസുകൾക്കും ഇടവരാതിരിക്കുകയും ചെയ്യുകയുള്ളൂ. കടം നൽകിയവൻ തന്റെ ആവശ്യത്തിൽ എത്രത്തോളം വിട്ടുവീഴ്ച കാണിക്കണമെന്നും സൗകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നും ആദ്യം പറയാം.

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

وَاِنۡ کَانَ ذُوۡ عُسۡرَۃٍ فَنَظِرَۃٌ اِلٰی مَیۡسَرَۃٍ ؕ وَاَنۡ تَصَدَّقُوۡا خَیۡرٌ لَّکُمۡ اِنۡ کُنۡتُمۡ تَعۡلَمُوۡنَ

(അൽബഖറ: 281)

അതായത്, കടം വാങ്ങിയ ആൾ പ്രയാസത്തിലാണെങ്കിൽ അയാൾക്ക് സൗകര്യം ലഭിക്കുന്നതുവരെ സമയം നൽകേണ്ടതാണ്. നിങ്ങൾ അത് ദാനമായി (സദഖ) നൽകുകയാണെങ്കിൽ, നിങ്ങൾക്ക് അറിവുണ്ടെങ്കിൽ അതായിരിക്കും നിങ്ങൾക്ക് ഉത്തമം. അതായത്, കടം വാങ്ങിയ ആൾ അങ്ങേയറ്റം കഷ്ടപ്പാടിലാണെങ്കിൽ, ഒന്നുകിൽ കടം എളുപ്പമുള്ള തവണകളായി വീട്ടാൻ അയാൾക്ക് സൗകര്യം ചെയ്തു കൊടുക്കുക, അല്ലെങ്കിൽ അയാൾ തീരെ നിസ്സഹായനാണെങ്കിൽ ആ കടം പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുക എന്നതാണ് ഉത്തമമെന്ന് കടം നൽകിയവനോട് പറയുകയാണ്. നിങ്ങൾക്ക് അപ്രകാരം ചെയ്യാൻ സാധിക്കുമെങ്കിൽ ഓർക്കുക, നിങ്ങൾ അല്ലാഹുവിന്റെ അളവറ്റ അനുഗ്രഹങ്ങൾക്ക് അർഹരാകുന്നതാണ്. എന്നാൽ നിങ്ങളുടെ കടക്കാരനെ നിങ്ങൾ ബുദ്ധിമുട്ടിക്കുകയും പീഡിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ, അല്ലാഹു നിങ്ങളെ നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണെന്ന് ഓർക്കുക. അവന്റെ എത്രയോ അനുഗ്രഹങ്ങൾ നിങ്ങൾ അനുഭവിക്കുന്നു, അവൻ നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിത്തരുന്നു. അല്ലാഹുവും ഇത്തരത്തിൽ കണക്കു ചോദിക്കാൻ തുടങ്ങിയാൽ നിങ്ങൾ വലിയ പ്രയാസത്തിലും ആപത്തിലും അകപ്പെട്ടുപോകും. അതിനാൽ എല്ലായ്പ്പോഴും വിട്ടുവീഴ്ചയോടും മൃദുവായ രീതിയിലും പെരുമാറുക.....

അല്ലാഹു നമ്മെയെല്ലാം തന്റെ കൽപ്പനകൾ അനുസരിക്കാൻ തൗഫീഖ് നൽകി അനുഗ്രഹിക്കട്ടെ. അല്ലാഹുവും അവന്റെ റസൂൽ(സ)യും നമുക്ക് നൽകിയ ഉന്നതമായ മാതൃകകൾ നമ്മുടെ ഓരോ പ്രവൃത്തിയിലും നിലനിൽക്കുമാറാകട്ടെ. കടമിടപാടുകളിലെ വ്യവസ്ഥകൾ ഈ കൽപ്പനകൾക്ക് അനുസൃതമായിരിക്കട്ടെ. കടം തിരിച്ചടയ്ക്കാനുള്ള ആവശ്യം ഉന്നയിക്കുമ്പോൾ തഖ്‌വയുടെപാതയിലൂടെ സഞ്ചരിക്കാൻ നമുക്ക് സാധിക്കട്ടെ. അങ്ങേയറ്റം നിർബന്ധിതമായ സാഹചര്യത്തിൽ മാത്രം കടം വാങ്ങാൻ ശ്രമിക്കുകയും, വാങ്ങിയ കടം വീട്ടുന്നതിൽ അതീവ ജാഗ്രത പുലർത്തുകയും ചെയ്യുക. കടബാധ്യതകളിൽ നിന്നുള്ള മോചനത്തിനായി അല്ലാഹുവിന്റെ മുൻപിൽ കരഞ്ഞു പ്രാർത്ഥിക്കുന്നവരായി നാം മാറട്ടെ. സമൂഹത്തിലെ പല കുഴപ്പങ്ങൾക്കും കാരണം ഇത്തരം ഇടപാടുകളാണ്; അല്ലാഹു എല്ലാവരെയും അതിൽ നിന്ന് സംരക്ഷിക്കട്ടെ. അഹ്മദിയ്യ സമുദായത്തെ ഇത്തരം കലഹങ്ങളിൽ നിന്ന് അല്ലാഹു പരിശുദ്ധമാക്കട്ടെ. നിങ്ങൾ അല്ലാഹുവിന്റെ മുൻപിൽ ശിരസ്സു നമിക്കുകയും കടം വീട്ടണമെന്ന നിശ്ചയദാർഢ്യത്തോടെ പരിശ്രമിക്കുകയും ചെയ്താൽ അല്ലാഹു തന്നെ തന്റെ അനുഗ്രഹത്താൽ അതിനുള്ള മാർഗ്ഗങ്ങൾ നൽകുന്നതാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമൻ(റ) പ്രസ്താവിച്ച ഒരു പ്രതിവിധി ഇപ്രകാരമാണ്: ഒരാൾ വന്ന് തനിക്ക് 25,000 രൂപയുടെ കടബാധ്യതയുണ്ടെന്ന് പറഞ്ഞപ്പോൾ അദ്ദേഹം മൂന്ന് കാര്യങ്ങൾ ഉപദേശിച്ചു:

1. ഇസ്തിഗ്ഫാർ ചെയ്യുക. 2. ധൂർത്ത് ഉപേക്ഷിക്കുക (നാം ഓരോരുത്തരും ആത്മപരിശോധന നടത്തിയാൽ ഇക്കാര്യം വ്യക്തമാകും). 3. ഒരു പൈസയെങ്കിലും കയ്യിൽ കിട്ടിയാൽ അത് കടം നൽകിയ ആൾക്ക് എത്തിച്ചു കൊടുക്കുക. *(ഹയാത്തെ നൂർ, പേജ് 517)*

അതായത്, കടം വീട്ടാൻ വലിയൊരു തുക ഒരുമിച്ച് ലഭിക്കാനായി കാത്തിരിക്കരുത്; മറിച്ച് എത്ര കുറഞ്ഞ തുകയാണെങ്കിലും അത് നൽകി കടബാധ്യത കുറച്ചുകൊണ്ടുവരാൻ ശ്രമിക്കുക. കടബാധ്യതയുള്ളവർ ഈ മാർഗ്ഗം പരീക്ഷിച്ചു നോക്കുക; ഇതിലൂടെ പലരും വലിയ നേട്ടങ്ങൾ കൈവരിച്ചതായി നിരവധി നിവേദനങ്ങളുണ്ട്.

അല്ലാഹു എല്ലാ അഹ്മദികളെയും കടത്തിന്റെ പ്രയാസങ്ങളിൽ നിന്ന് മോചിപ്പിക്കുകയും തന്റെ പ്രീതിയുടെ പാതയിലൂടെ നയിക്കുകയും ചെയ്യട്ടെ. ആമീൻ. *(അവ : ഖുത്ബ: ജുമുഅ: 13 ആഗസ്റ്റ് 2004)*

## 131-ാമത് ജൽസ സാലാന ഖാദിയാൻ

**2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ)**

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) 131-ാമത് ജൽസ സാലാന ഖാദിയാൻ 2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു. സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കേണ്ടതാണ്. അല്ലാഹു പരമാവധി ജമാഅത്ത് അംഗങ്ങൾക്ക് ഈ ദൈവിക ജൽസയിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകട്ടെ. കൂടാതെ, ജൽസയിൽ പങ്കെടുക്കുന്നവർക്കായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെയ്തിട്ടുള്ള ദു:ആകൾക്ക് നമ്മെ എല്ലാവരെയും അർഹരാക്കുമാറാകട്ടെ. ആമീൻ.

NAZIR ISLAH-O-IRSHAD MARKAZIA, QADIAN

EVERYTHING IN ONE PLACE
THE REVIEW OF RELIGIONS



• ഹദീഥുന്നബ്‌വി ﷺ •

"അൽഅഅ്മാലു ബിൽ ഖവാതീമി"
കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്‌വി ﷺ •

"ഊസ്വീക്കും ബിൽജാരി."
അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.

ത്വാലിബെ ദുആ
P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

ഹദ്‌റത്ത് മിർസാ ബശീർ അഹ്‌മദ് എം.എ

സീറത്തുന്നബി(സ)

വിവ: അബൂസ്വബാഹ്

# ദിറായത്തിന്റെ (Dirâyat)

## ആദ്യകാല ഉദാഹരണങ്ങൾ

നിവേദനങ്ങൾ വിശകലനം ചെയ്യുന്നതിനായി ഇസ്‌ലാമിന്റെ പ്രാരംഭ ഘട്ടത്തിൽ തന്നെ മുസ്‌ലിം ഗവേഷകർ ഈ തത്വങ്ങൾ ആവിഷ്കരിച്ചിരുന്നു. ഈ തത്വങ്ങളുടെ അടിസ്ഥാനത്തിലാണ് അവർ നിവേദനങ്ങളുടെ ആധികാരികത ഉറപ്പാക്കിയിരുന്നതും അവയുടെ യഥാർത്ഥ പൊരുളിനെക്കുറിച്ച് ആഴത്തിൽ ചിന്തിച്ചിരുന്നതും. നിവേദനങ്ങൾ വിലയിരുത്തുന്നതിൽ മുകളിൽ സൂചിപ്പിച്ചതിനേക്കാൾ ഫലപ്രദമായ മറ്റൊരു വിശകലന രീതിയും ഉണ്ടാകില്ല എന്നത് ഏതൊരു വിവേകമതിക്കും മനസ്സിലാക്കാവുന്ന കാര്യമാണ്.

എല്ലാ മുസ്‌ലിം മുഹദ്ദിസീങ്ങളുടെയും (ഹദീസ് പണ്ഡിതന്മാർ) ചരിത്രകാരന്മാരുടെയും മുന്നിൽ ഈ കാര്യങ്ങൾ നിർബന്ധമായും ഉണ്ടായിരുന്നു എന്ന് ഇതിനർത്ഥമില്ല. എങ്കിലും, നിവേദനങ്ങൾ വിശകലനം ചെയ്യുന്നതിനായി മുസ്‌ലിം ഗവേഷകർ തന്നെയാണ് ഈ തത്വങ്ങൾ രൂപപ്പെടുത്തിയത് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പൊതുവേ, അവർ തങ്ങളുടെ രചനകളിലുടനീളം ഈ തത്വങ്ങൾ പാലിച്ചിരുന്നു. ഒരു ഗവേഷകൻ തന്റെ വ്യക്തിപരമായ താല്പര്യങ്ങൾക്കനുസരിച്ച് ഒരു ഘടകത്തിന് കൂടുതൽ പ്രാധാന്യം നൽകാനും മറ്റൊരാൾ മറ്റൊരു ഘടകത്തിന് മുൻഗണന നൽകാനും സാധ്യതയുണ്ട്. ഒരുപക്ഷേ, ഒരു എഴുത്തുകാരൻ തന്റെ സമാഹാരം കൂടുതൽ സമഗ്രമാക്കുന്നതിനായി, ആധികാരികമാകാൻ നേരിയ സാധ്യതയുള്ള ദുർബലമായ നിവേദനങ്ങളെപ്പോലും ഉൾപ്പെടുത്തിയേക്കാം. അതേ സമയം മറ്റൊരു എഴുത്തുകാരൻ തന്റെ ജോലിയിൽ വേണ്ടത്ര ജാഗ്രത പുലർത്താതിരിക്കാനും സാധ്യതയുണ്ട്; കാരണം ഒരേ വിഭാഗത്തിൽപ്പെട്ട എല്ലാ മനുഷ്യരും ഒരേ നിലവാരത്തിലുള്ളവരായിരിക്കില്ലല്ലോ. ഏതായാലും, ആദ്യകാല മുസ്‌ലിംകൾ രിവായത്തിന്റെയും (നിവേദനം) ദിറായത്തിന്റെയും (സംശോധന) തത്വങ്ങൾ കണക്കിലെടുത്തിരുന്നു. എന്നാൽ കൂടുതൽ സൂക്ഷ്മതയുള്ള എഴുത്തുകാർ ഈ രണ്ട് തത്വങ്ങളും അങ്ങേയറ്റം ജാഗ്രതയോടെ പാലിച്ചിരുന്നു.

രിവായത്തിന് ഉദാഹരണങ്ങൾ നൽകേണ്ടത് അനിവാര്യമായി തോന്നുന്നില്ല; കാരണം ഈ വശത്തുനിന്നുള്ള ഇസ്‌ലാമിക ഗവേഷണങ്ങളുടെ മികവ് ശത്രുക്കളും മിത്രങ്ങളും ഒരുപോലെ അംഗീകരിക്കുന്നതാണ്. എന്നാൽ ഇതിനു വിപരീതമായി, സർ വില്യം മൂയർ ഉൾപ്പെടെയുള്ള വിവിധ പാശ്ചാത്യ പണ്ഡിതന്മാർ ഉന്നയിക്കുന്നത് മുസ്‌ലിംകൾ ദിറായത്തിനെ അവഗണിക്കുന്നുവെന്നും നിവേദനങ്ങളുടെ ആധികാരികത പരിശോധിക്കുന്നത് കേവലം രിവായത്തിന്റെ തത്വത്തെ മാത്രം അടിസ്ഥാനമാക്കിയാണെന്നുമാണ്.

(Life of `Mahomet`, Sir William Muir, p. xlii, Reprint of the 1894 Ed., Published by Voice of India New Delhi)

ഈ കാരണത്താൽ, ദിറായത്തിന്റെ ഉപയോഗം പ്രത്യേകമായി വെളിപ്പെടുത്തുന്ന വ്യക്തമായ ഉദാഹരണങ്ങൾ താഴെ അവതരിപ്പിക്കുന്നു. ഈ ആരോപണം എത്രത്തോളം തെറ്റാണെന്നും അടിസ്ഥാനരഹിതമാണെന്നും വായനക്കാർക്ക് ഇതിലൂടെ സ്വയം മനസ്സിലാക്കാൻ സാധിക്കും.

ഒന്നാമതായി, ഒരു സംഭവത്തെ കേവലം രിവായത്തിന്റെ മാത്രം അടിസ്ഥാനത്തിൽ സ്വീകരിക്കുന്നത് മതിയല്ലെന്നും, മറിച്ച് അത് ശരിയാണെന്ന് അംഗീകരിക്കുന്നതിന് മുൻപ് ആ സംഭവത്തിന്റെ എല്ലാ വശങ്ങളും പൂർണ്ണമായും അന്വേഷിക്കണമെന്നും വിശുദ്ധ ഖുർആൻ തന്നെ പ്രസ്താവിക്കുന്നു.

വിശുദ്ധ ഖുർആൻ ഇപ്രകാരം പറയുന്നു:

يَاَيُّهَا الَّذِيْنَ اٰمَنُوْٓا اِنْ جَآءَكُمْ فَاسِقٌۢ بِنَبَاٍ فَتَبَيَّنُوْٓا

സത്യവിശ്വാസികളേ, നിഷേധിയായ ഒരാൾ നിങ്ങളുടെ അടുക്കൽ വല്ല വാർത്തയും കൊണ്ടുവന്നാൽ അതിനെപ്പറ്റി നിങ്ങൾ അന്വേഷിച്ചു തെളിവ് തേടുക. (സൂറ:അൽഹുജുറാത്ത്: 7)

ബാഹ്യമായി നോക്കുമ്പോൾ ഈ സൂക്തം രിവായത്തിന്റെ ആധികാരികതയെക്കുറിച്ച് മാത്രമാണ് പരാമർശിക്കുന്നതെന്ന് തോന്നിയേക്കാം. എന്നാൽ അല്പം ചിന്തിച്ചാൽ, ഈ വചനം രിവായത്തിനെയും ദിറായത്തിനെയും ഒരുപോലെ കണക്കിലെടുക്കുന്നുണ്ടെന്ന് വ്യക്തമാകും. ഇതിൽ **ഫാസിഖ്** എന്ന വാക്ക് രിവായത്തിലേക്കുള്ള സൂചനയാണ്; അതായത് വാർത്ത കൊണ്ടുവന്നത് ആരാണെന്ന് അന്വേഷിക്കണം. മറുവശത്ത് **ഫതബയ്യനൂ** എന്ന വാക്ക് ദിറായത്തിലേക്കുള്ള സൂചനയാണ്; അതായത് സമർപ്പിക്കപ്പെട്ട വാർത്തയുടെ ഉള്ളടക്കവും സാഹചര്യങ്ങളും സൂക്ഷ്മമായി പരിശോധിക്കണം എന്നാണ് ഇതിന്റെ കാതലായ അർത്ഥം.

വിശുദ്ധ ഖുർആൻ ഒരിടത്ത് ഇപ്രകാരം പറയുന്നു:

إِنَّ الَّذِينَ جَاءُوا بِالْإِفْكِ عُصْبَةٌ مِنْكُمْ لَوْلَا إِذْ سَمِعْتُمُوهُ ظَنَّ الْمُؤْمِنُونَ وَالْمُؤْمِنَاتُ بِأَنْفُسِهِمْ خَيْرًا
وَلَوْلَا إِذْ سَمِعْتُمُوهُ قُلْتُمْ مَا يَكُونُ لَنَا أَنْ نَتَكَلَّمَ بِهَذَا سُبْحَانَكَ هَذَا بُهْتَانٌ عَظِيمٌ

'അല്ലാഹുവിന്റെ പ്രവാചകന്റെ പത്നിയായ ഹദ്‌റത്ത് ആഇശ(റ)ക്കെതിരെ അപവാദം പ്രചരിപ്പിച്ചവർ നിങ്ങളിൽപ്പെട്ട ഒരു വിഭാഗം തന്നെയായിരുന്നു, അല്ലയോ മുസ്‌ലിംകളേ! എന്നാൽ, നിങ്ങൾ പരസ്പരം ശുഭപ്രതീക്ഷ പുലർത്തേണ്ടതായിരുന്നു. എന്തുകൊണ്ടാണ് നിങ്ങൾ ആ വാർത്ത കേട്ടപ്പോൾ 'അല്ലാഹുവേ, നീ പരിശുദ്ധനാണ്, ഇതൊരു വലിയ കള്ളാരോപണമാണല്ലോ' എന്ന് പറഞ്ഞ് അതിനെ തള്ളിക്കളയാതിരുന്നത്?' *(സൂറ: അന്നൂർ: 12,13,17)*

ഈ സൂക്തങ്ങൾ ദിറായത്തിന്റെ തത്വത്തിലേക്കാണ് വ്യക്തമായും വിരൽചൂണ്ടുന്നത്. മുസ്‌ലിംകളിൽപ്പെട്ട ഒരു വിഭാഗം തന്നെ ഹദ്‌റത്ത് ആഇശ(റ)ക്കെതിരെയുള്ള ഈ ആരോപണത്തിന് കാരണക്കാരായതിനെ ഖുർആൻ ശാസിക്കുകയാണ് ചെയ്യുന്നത്. ഹദ്‌റത്ത് ആഇശ(റ)യുടെ സ്വഭാവത്തെക്കുറിച്ചും അവർ രാപ്പകൽ പ്രവാചകന്റെ കൂടെ കഴിയുന്ന അവിടുത്തെ പത്നിയാണെന്ന വസ്തുതയെക്കുറിച്ചും മുസ്‌ലിംകൾക്ക് നന്നായി അറിയാമായിരുന്നു. അതിനാൽ, ഈ ആരോപണം കേട്ടപ്പോൾത്തന്നെ ഇതൊരു വ്യാജാരോപണവും അപവാദവുമാണെന്ന് പറഞ്ഞ് മുസ്‌ലിംകൾ അതിനെ ആദ്യനോട്ടത്തിൽത്തന്നെ തള്ളിക്കളയേണ്ടതായിരുന്നു. കൂടാതെ, ഒരു നിവേദനം കൊണ്ടുവരുന്നവർ പ്രത്യക്ഷത്തിൽ നല്ലവരാണെന്ന് തോന്നിയതുകൊണ്ട് മാത്രം ആ നിവേദനം സ്വീകരിക്കാൻ പാടില്ലെന്നും, മറിച്ച് അല്ലാഹു നൽകിയ വിവേകമുപയോഗിച്ച് ആ സംഭവത്തിന്റെ എല്ലാ വശങ്ങളും വിശകലനം ചെയ്യണമെന്നും ഈ സൂക്തങ്ങൾ സൂചിപ്പിക്കുന്നു. ഒരു സംഭവത്തിലെ മറ്റ് ഘടകങ്ങൾ ആ നിവേദനത്തെ സംശയത്തിലാക്കുന്നുവെങ്കിൽ അത് സ്വീകരിക്കാൻ പാടുള്ളതല്ല.

ഈ ഖുർആനിക തത്വത്തിന് അനുസൃതമായിത്തന്നെ, കേവലം കേട്ടറിവിന്റെ മാത്രം അടിസ്ഥാനത്തിൽ ഒരു സംസാരവും വിശ്വസിക്കരുത് എന്ന് ഹദീസിലും ഊന്നിപ്പറഞ്ഞിട്ടുണ്ട്. മറിച്ച്, ഓരോ പ്രസ്താവനയുടെയും നിജസ്ഥിതി എല്ലാ കോണുകളിൽ നിന്നും അന്വേഷിക്കണം. തിരുനബി(സ) പറയുന്നു:

كَفٰى بِالْمَرْءِ كَذِبًا اَنْ يُّحَدِّثَ بِكُلِّ مَا سَمِعَ

'ഒരാൾ താൻ കേൾക്കുന്നതെല്ലാം (അന്വേഷിക്കാതെ) മറ്റുള്ളവരിലേക്ക് എത്തിക്കുന്നു എന്നത് തന്നെ അയാൾ കളവ് പറയുന്നവൻ ആണെന്ന് ഉറപ്പിക്കാൻ മതിയായതാണ്. (സ്വഹീഹ് മുസ്‌ലിം, (Muqaddamatul-Mu'allif), Bābun-Nahyi 'anil-Ḥadīthi bikulli mā Sami'a, Ḥadīth No. 7)

ഈ ഹദീസും നിവേദനങ്ങളുടെ സത്യാവസ്ഥ അന്വേഷിക്കേണ്ടതിന്റെ പ്രാധാന്യം വെളിപ്പെടുത്തുന്നു; എന്നിരുന്നാലും ഇതിന്റെ പ്രധാന ലക്ഷ്യം ദിറായത്തിലൂടെയുള്ള അന്വേഷണമാണ്.

بِكُلِّ مَا سَمِعَ (കേൾക്കുന്നതെല്ലാം) എന്ന വാക്കുകളിൽ നിന്ന് വ്യക്തമാകുന്നത്, ഒരു നിവേദനം സ്വീകരിക്കുന്നത് കേവലം കേട്ടറിവിന്റെ അടിസ്ഥാനത്തിൽ മാത്രമാകരുത് എന്നാണ്. അതിനുപകരം, കൈമാറപ്പെട്ട ആ റിപ്പോർട്ട് സ്വീകാര്യമാണോ അല്ലയോ എന്ന് തീരുമാനിക്കാൻ അതിനെ വിവിധ വീക്ഷണകോണുകളിൽ നിന്ന് വിശകലനം ചെയ്യേണ്ടതുണ്ട്. കൂടാതെ, കേവലം കേട്ടറിവിന്റെ അടിസ്ഥാനത്തിൽ മാത്രം ഒരു നിവേദനം കൈമാറുന്ന വ്യക്തി, ആ അസത്യം ആദ്യമായി കെട്ടിച്ചമച്ച വ്യക്തിയെപ്പോലെ തന്നെ അത് പ്രചരിപ്പിക്കുന്നതിനും ഉത്തരവാദിയാണെന്ന് ഈ ഹദീസ് വ്യക്തമാക്കുന്നു.

ചുരുക്കത്തിൽ, എല്ലാ വാർത്തകളും രിവായത്തിന്റെയും ദിറായത്തിന്റെയും അടിസ്ഥാനത്തിൽ സ്ഥിരീകരിക്കപ്പെടുകയും ഉറപ്പുവരുത്തുകയും വേണമെന്ന ആശയത്തെ വിശുദ്ധ ഖുർആനും ഹദീസുകളും ഒരുപോലെ പിന്തുണയ്ക്കുന്നു. അതിനാൽ, ഈ തത്വമനുസരിച്ച്, തിരുനബി(സ)യുടെ സ്വഹാബികളും(റ) തുടർന്നുവന്ന മുസ്‌ലിം ഗവേഷകരും രിവായത്തിനോടൊപ്പം ദിറായത്തിനും എപ്പോഴും പ്രത്യേക ശ്രദ്ധ നൽകിയിരുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ ഹദീസുകളിൽ കാണാം. പലപ്പോഴും, രിവായത്തിന്റെ അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ട് ഭദ്രമാണെന്ന് തോന്നിയാലും, ദിറായത്തിന്റെ അടിസ്ഥാനത്തിൽ അത് തള്ളിക്കളയപ്പെടാറുണ്ടായിരുന്നു.

താഴെ പറയുന്ന ഹദീസ് ഇതിനൊരു ഉദാഹരണമാണ്:

عَنْ اَبِيْ هُرَيْرَةَ قَالَ قَالَ رَسُوْلُ اللّٰهِ صلى الله عليه وسلم اَلْوُضُوْءُ مِمَّا مَسَّتِ النَّارُ فَقَالَ لَهُ ابْنُ
عَبَّاسٍ يَا اَبَا هُرَيْرَةَ اَنَتَوَضَّأُ مِنَ الدُّهْنِ اَنَتَوَضَّأُ مِنَ الْحَمِيْمِ ... فَقَالَ اَبُوْ عِيْسٰى وَاَكْثَرُ اَهْلِ الْعِلْمِ
عَلٰى تَرْكِ الْوُضُوْءِ۔

ഒരു സദസ്സിൽ വെച്ച് ഹദ്‌റത്ത് അബൂഹുറയ്‌റ(റ) ഇപ്രകാരം പറയുകയുണ്ടായി; പാകം ചെയ്ത ഏതൊരു വസ്തു ഭക്ഷിച്ച ശേഷവും വുളൂഅ് നിർബന്ധമാണെന്ന് തിരുനബി(സ) പറയുമായിരുന്നു. ഇതിൽ ഇടപെട്ടുകൊണ്ട് ഹദ്‌റത്ത് ഇബ്നു അബ്ബാസ്(റ) ചോദിച്ചു: 'എങ്കിൽ വെണ്ണയോ എണ്ണയോ ഉപയോഗിച്ചാൽ നാം വുളൂഅ് എടുക്കണമെന്നുണ്ടോ? തിളപ്പിച്ച വെള്ളം ഉപയോഗിച്ചാൽ നാം വുളൂഅ് പുതുക്കേണ്ടതുണ്ടോ?' (തിർമിദി (Kitābuṭ-Ṭahārah, Bābu Mā Jā'a fil-Wuḍū'i mimmā Ghayyaratin-Nāru, Ḥadīth No. 79)) (തുടരും)

EDITOR
H.Shamsuddin
Mobile : +91 99460 21252
Sub Editor : Mohammad Ismail
e-mail : badarmalayalam@gmail.com
Layout: HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551
ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Vol-11 Issue:21
Distt. Gurdaspur (Pb.) INDIA Qadian - 143516
POSTAL REG NO GDP-44/2026-28 **Thursday 21 May 2026**

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ(റ)

**സീറത്തുൽ മഹ്ദി(അ)**

വിവ: എ.നാസിർ ഖാദിയാൻ

## ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മാതാപിതാക്കൾ

ഹദ്റത്ത് വാലിദ സാഹിബ (മാതാവ്) എന്നോട് പറഞ്ഞു; ഹദ്റത്ത് മസീഹ് മൗഊദ്(അ) അവരോട് ഇപ്രകാരം പറയുകയുണ്ടായി: 'വലിയ മിർസാ സാഹിബ് (അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പിതാവ്) കാശ്മീരിൽ ജോലി ചെയ്തിരുന്ന കാലത്ത് പലപ്പോഴും ഞങ്ങളുടെ മാതാവ് പറയും, 'കാശ്മീരിൽ നിന്ന് ഇന്ന് ആരെങ്കിലും വരുമെന്ന് എന്റെ മനസ്സ് പറയുന്നു'. അങ്ങനെ പറയുന്ന അതേദിവസം തന്നെ കാശ്മീരിൽ നിന്ന് ആൾ എത്തുമായിരുന്നു. ചിലപ്പോഴൊക്കെ മാതാവ് ഇത് പറയുന്നതും വാതിലിൽ ആരോ മുട്ടുന്നതും ഒരേസമയത്തായിരിക്കും. അന്വേഷിക്കുമ്പോൾ കാശ്മീരിൽ നിന്നുള്ള ആളാണെന്ന് മനസ്സിലാകും.'

നിങ്ങളുടെ പിതാമഹൻ കാശ്മീരിൽ നിന്ന് തന്റെ ആളെ ഏതാനും മാസങ്ങൾ കൂടുമ്പോൾ കത്തും പണവുമായി അയക്കാറുണ്ടായിരുന്നുവെന്ന് ഉമ്മ പറയാറുണ്ടായിരുന്നു. പണവും സ്വർണ്ണവും വെള്ളിയുമെല്ലാം ഒരു പഴയ പുതപ്പിനുള്ളിൽ തുന്നിച്ചേർത്ത നിലയിലായിരിക്കും അയക്കുക. ആ ദൂതൻ യാത്രയിലുടനീളം അത് ധരിക്കുമായിരുന്നു. ഖാദിയാനിൽ എത്തുമ്പോൾ അത് അഴിച്ച് വീട്ടിനുള്ളിലേക്ക് കൊടുക്കും. വീട്ടുകാർ അത് അഴിച്ച് പണം എടുത്തശേഷം പുതപ്പ് തിരികെ നൽകും.

കൂടാതെ, നിങ്ങളുടെ പിതാവ് കാശ്മീരിൽ സൂബ (ഗവർണർ) ആയിരുന്നുവെന്നും ഉമ്മ പറയുകയുണ്ടായി. ആ സമയത്ത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യും അവിടെ വരാനിടയായി, അദ്ദേഹം പറഞ്ഞു: ഇക്കാലത്ത് ഇംഗ്ലീഷുകാർക്കിടയിൽ ഡെപ്യൂട്ടി കമ്മീഷണർ, കമ്മീഷണർ എന്നൊക്കെ പറയുന്നതുപോലെ, അക്കാലത്ത് കാശ്മീരിലെ മേഖല ഗവർണർമാരായിരുന്നു സൂബകൾ.

എന്റെ നിരീക്ഷണം: ഞങ്ങളുടെ പിതാമഹി അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മാതാവിന്റെ പേര് ചിരാഗ് ബീബി എന്നായിരുന്നു. അവർ പിതാമഹന്റെ ജീവിതകാലത്ത് തന്നെ വഫാത്തായിരുന്നു. അവർക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് വലിയ സ്നേഹമായിരുന്നു, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അവരോടും വലിയ സ്നേഹമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അവരെക്കുറിച്ച് പരാമർശിക്കുമ്പോൾ പലപ്പോഴും കണ്ണുകൾ നിറയുന്നത് ഞാൻ കണ്ടിട്ടുണ്ട്.

### ചൊവ്വാഴ്ച

ഹദ്റത്ത് വാലിദ സാഹിബ (മാതാവ്) എന്നോട് പ്രസ്താവിച്ചു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദിവസങ്ങളിൽ ചൊവ്വാഴ്ച ദിവസത്തെ അവിടുന്ന് അത്ര നല്ലതായി കരുതിയിരുന്നില്ല. കൂടാതെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ഇപ്രകാരം പറയുകയുണ്ടായി: മുബാറക ബീഗം (ഞങ്ങളുടെ സഹോദരി) ജനിച്ചത് ചൊവ്വാഴ്ചയായിരുന്നു; അതിനാൽ ചൊവ്വാഴ്ചയുടെ പ്രയാസകരമായ സ്വാധീനങ്ങളിൽ നിന്ന് അല്ലാഹു അവളെ സംരക്ഷിക്കട്ടെ എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രാർത്ഥിച്ചു.

എന്റെ നിരീക്ഷണം : ഹദ്റത്ത് മസീഹ് മൗഊദ്(അ) വെള്ളിയാഴ്ച ദിവസമാണ് ഇരട്ടക്കുട്ടികളിലൊരാളായി ജനിച്ചത്, വഫാത്തായത് ചൊവ്വാഴ്ച ദിവസവുമാണ്. കാലത്തിന്റെ കണക്കെടുപ്പ് ഐഹികവാസികൾക്ക് മാത്രമാണെന്നും, ലോകത്തെ സംബന്ധിച്ചിടത്തോളം ആ മഹാത്മാവിന്റെ വിയോഗം യഥാർത്ഥത്തിൽ ഒരു വലിയ പ്രയാസമായിരുന്നു.

(ഈ വിവരണത്തിൽ നിന്ന് ചൊവ്വാഴ്ച ദിവസം ഏതെങ്കിലും തരത്തിലുള്ള അശുഭകരമായ (ശകുനപ്പിഴയുള്ള) ദിവസമാണെന്ന് അർത്ഥമില്ല; ... ആകാശഗോളങ്ങളുടെ ചില നിഗൂഢമായ സ്വാധീനങ്ങൾ കാരണം ചൊവ്വാഴ്ച ദിവസം കഠിനവും പ്രയാസകരവുമായ വശങ്ങൾ ഉൾക്കൊള്ളുന്നു എന്ന് മാത്രമാണ് ഇതിനർത്ഥം. അപ്രകാരം തന്നെ, ചൊവ്വാഴ്ചയെ സംബന്ധിച്ച് ഹദീസിലും പറയുന്നുണ്ട്: ചൊവ്വാഴ്ച എന്നത് അല്ലാഹു പാറക്കൂട്ടങ്ങളുള്ള മലകളും ഉപദ്രവകരമായ വസ്തുക്കളും സൃഷ്ടിച്ച ദിവസമാണ്. നോക്കുക: തഫ്സീർ ഇബ്നു കസീർ, സൂക്തം ഖലഖൽ അർള ഫീ യൗമൈനി...). (തുടരും)

പേജ് 1 ൽ നിന്ന്

## തഫ്സീർ കബീറിൽ നിന്ന്:

നിശ്ചിത കാലാവധിയിലേക്കായിരിക്കും നൽകുന്നത്. അതിനുശേഷം അത് തിരിച്ചു വാങ്ങാൻ അദ്ദേഹത്തിന് അവകാശമുണ്ട്. ഒരാൾ മറ്റൊരാൾക്ക് കടം നൽകുകയും പിന്നീട് അത് തിരിച്ചുവാങ്ങണമെന്ന ചിന്തയേ ഇല്ലാതിരിക്കുകയും ചെയ്യുക എന്നത് ഒരിക്കലും സംഭവിക്കാത്ത കാര്യമാണ്.

സമ്മാനമായോ സഹായമായോ നൽകുന്ന തുക എന്നത് വേറൊരു കാര്യമാണ്. എന്നാൽ കടം എന്ന പദം ഉപയോഗിക്കുന്നിടത്ത് ഒരു നിശ്ചിത കാലാവധി ഉണ്ടായിരിക്കും, അത് നാവുകൊണ്ട് പ്രത്യേകം പറഞ്ഞാലും ഇല്ലെങ്കിലും. അതെ, ഒരു പ്രത്യേക സമയത്തേക്ക് വേണ്ടിയല്ല, മറിച്ച് വെറുതെ ഒന്നോ രണ്ടോ മണിക്കൂറോ അല്ലെങ്കിൽ ഒന്നോ രണ്ടോ ദിവസത്തേക്കോ ആണെങ്കിൽ അത്തരം സന്ദർഭങ്ങളിൽ എഴുതിവെച്ചില്ലെങ്കിലും അത് ശറഇയ്യായ (മതപരമായ) തെറ്റില്ല.

മുസ്‌ലിംകൾ ഈ രണ്ട് കാര്യങ്ങളിലും ശ്രദ്ധാലുക്കളല്ല എന്നത് ഖേദകരമാണ്. അതായത്, കടം കൊടുക്കുമ്പോൾ സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും പേരിൽ ഒരു കാലാവധി നിശ്ചയിക്കാറില്ല; പകരം സൗകര്യമുള്ളപ്പോൾ തന്നാൽ മതി എന്ന് പറയുന്നു. അത് രേഖാമൂലം എഴുതിവെക്കാറുമില്ല. ഇതുമൂലം പിന്നീട് പലവിധത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാവുകയും അവർക്ക് അതിന്റെ തിക്തഫലങ്ങൾ അനുഭവിക്കേണ്ടി വരികയും ചെയ്യുന്നു.

وَلْيَكْتُبْ بَيْنَكُمْ كَاتِبٌ بِالْعَدْلِ മൂന്നാമത്തെ കല്പന, എഴുതുന്ന ആൾ മറ്റൊരാളായിരിക്കണം എന്നാണ്. കടം കൊടുക്കുന്നവനോ വാങ്ങുന്നവനോ അല്ല എഴുതേണ്ടത്; മറിച്ച് നീതിയോടും നിഷ്പക്ഷതയോടും കൂടി എഴുതുന്ന ഒരു മൂന്നാം കക്ഷിയായിരിക്കണം അത്. അതായത്, ഈ കരാറിൽ സ്വന്തം വകയായി ഒന്നും ചേർക്കാതെ തന്നോട് കൽപിച്ചത് മാത്രം അയാൾ എഴുതണം. തുടർന്ന് എഴുത്തുകാരനോട് കല്പിക്കുന്നു, അയാൾ അത് എഴുതാൻ വിസമ്മതിക്കരുത്. അല്ലാഹു അയാൾക്ക് പഠിപ്പിച്ചു കൊടുത്തതുപോലെ അയാൾ എഴുതണം; അല്ലെങ്കിൽ അല്ലാഹു അയാൾക്ക് എഴുതാനുള്ള വിദ്യ പഠിപ്പിച്ചു കൊടുത്തതുകൊണ്ട് അയാൾ അത് എഴുതിക്കൊടുക്കാൻ വിസമ്മതിക്കരുത്. كَمَا عَلَّمَهُ എന്നതിന് രണ്ട് അർത്ഥങ്ങൾ വരാം. ഒന്ന്, തനിക്കുള്ള കഴിവ് അനുസരിച്ച് എഴുതുക എന്നത്. രണ്ട്, അല്ലാഹു അയാൾക്ക് നൽകിയ അനുഗ്രഹമായതുകൊണ്ട് അയാൾ ജനങ്ങൾക്ക് ഉപകാരം ചെയ്യണം എന്നത്. ആവശ്യമുള്ളവർക്ക് കടം ലഭിക്കാതെ പ്രയാസപ്പെടുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ അയാൾ എഴുതാൻ വിസമ്മതിക്കരുത്.

وَلْيُمْلِلِ الَّذِي عَلَيْهِ الْحَقُّ നാലാമത്തെ കൽപ്പന, ആരുടെ മേലാണോ ബാധ്യതയുള്ളത് (കടം വാങ്ങുന്നയാൾ) അയാൾ തന്നെ കരാർ വാചകങ്ങൾ പറഞ്ഞു കൊടുക്കണം എന്നതാണ്. അതായത്, പണം വാങ്ങുന്ന ആൾ തന്നെയാകണം പ്രസ്തുത ലിഖിതം എഴുതിപ്പിക്കേണ്ടത്. ഇതിൽ വലിയൊരു യുക്തിയുണ്ട്; പ്രത്യക്ഷത്തിൽ പണം നൽകുന്ന ആൾ എഴുതിപ്പിക്കണം എന്നതായിരുന്നു വേണ്ടിയിരുന്നത്. എന്നാൽ അങ്ങനെയല്ല കൽപ്പിച്ചത്. മറിച്ച് അതിന്റെ ഉത്തരവാദിത്തം കടം വാങ്ങുന്നവനിൽ നിക്ഷിപ്തമാക്കി. അതിന്റെ കാരണം, പണം ലഭിക്കുന്നതോടെ വാങ്ങുന്നവന്റെ ആവശ്യം നിറവേറുന്നു എന്നതാണ്. ആ സമയത്ത് അയാൾക്ക് വലിയ സന്തോഷം തോന്നുകയും പണത്തിന്റെ കാര്യത്തിൽ ലാഘവബുദ്ധി ഉണ്ടാവുകയും ചെയ്തേക്കാം. പിന്നീട് ആവശ്യം കഴിഞ്ഞാൽ, അന്ന് അവർ എന്താണ് എഴുതിയതെന്ന് എനിക്ക് ഓർമ്മയില്ല എന്ന് അയാൾ പറഞ്ഞേക്കാൻ സാധ്യതയുണ്ട്. അതിനാൽ അയാൾ തന്നെ അത് പറഞ്ഞു കൊടുത്ത് എഴുതിപ്പിക്കണം എന്ന് പറഞ്ഞു. എങ്കിൽ മാത്രമേ അയാളുടെ നാവാൽ തന്നെയുള്ള ഏറ്റുപറച്ചിൽ അവിടെ രേഖയായി ഉണ്ടാവുകയുള്ളൂ. പണം നൽകിയ ആൾ എന്തായാലും ഇക്കാര്യത്തിൽ ജാഗ്രതയുള്ളവനായിരിക്കും; കാരണം തന്റെ കൈവശമുള്ള തുകയാണ് അയാൾ നൽകിയിരിക്കുന്നത്. എത്ര രൂപയാണ് താൻ നൽകിയതെന്ന് അയാൾക്ക് എന്തായാലും ഓർമ്മയുണ്ടാകും.

രണ്ടാമത്തെ കാരണം, കരാർ രേഖ ഇരിക്കുന്നത് പണം നൽകിയ ആളുടെ കൈവശമായിരിക്കും. അതിനാൽ വല്ല തെറ്റും പറ്റിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ അയാൾക്ക് അവസരമുണ്ട്. എന്നാൽ വാങ്ങുന്നവന്റെ കൈവശം ഈ രേഖ ഉണ്ടാവില്ല. അതുകൊണ്ട് എഴുതുന്ന സമയത്ത് പൂർണ്ണ ശ്രദ്ധ നൽകിയില്ലെങ്കിൽ അയാൾക്ക് വല്ല നഷ്ടവും സംഭവിക്കാൻ സാധ്യതയുണ്ട്.

وَلَا يَبْخَسْ مِنْهُ شَيْئًا അഞ്ചാമത്തെ കൽപ്പന, എഴുതിപ്പിക്കുമ്പോൾ ആ കടത്തിൽ നിന്ന് യാതൊന്നും കുറവ് വരുത്തരുത് എന്നതാണ്; മറിച്ച് കൃത്യമായി തന്നെ എഴുതിപ്പിക്കണം. ഇവിടെ ഒരു ചോദ്യം ഉയർന്നേക്കാം: രണ്ട് വിഭാഗവും മുഖാമുഖം ഇരിക്കുമ്പോൾ കടത്തിൽ എങ്ങനെയാണ് കുറവ് വരിക? പിന്നെ എന്തിനാണ് ഈ കൽപ്പന നൽകിയത്? ഓർക്കുക, ചില കടങ്ങൾ പല രൂപത്തിലുള്ളവയായിരിക്കും. അവ എഴുതുന്ന സമയത്ത് ആളുകൾ വളരെ സങ്കീർണ്ണമായ പദങ്ങൾ ഉപയോഗിക്കുന്നു, ഇതിന്റെ ഫലമായി ഒടുവിൽ തുക കുറയുന്ന സാഹചര്യം ഉണ്ടാകുന്നു. പ്രത്യേകിച്ച് ദീർഘകാലത്തേക്കുള്ള കടങ്ങളിലും വിവിധ ഇനങ്ങളിൽപ്പെട്ട ഇടപാടുകളിലും പലതരത്തിലുള്ള വഞ്ചനകൾ നടക്കാറുണ്ട് (ഉദാഹരണത്തിന് ഭരണകൂടങ്ങൾ തമ്മിലുള്ള കടങ്ങൾ). ഇത്തരം ദീർഘകാല കടങ്ങളുടെ കരാറുകളിൽ സാധാരണയായി ചതിയും വഞ്ചനയും നടക്കാറുള്ളതിനാലാണ് എഴുതിക്കുമ്പോൾ വിശ്വസ്തതയോടു കൂടി പ്രവർത്തിക്കണമെന്നും ഒരു ചില്ലിക്കാശ് പോലും കുറയ്ക്കാൻ ശ്രമിക്കരുതെന്നും കൽപിച്ചത്.

(തഫ്സീർ കബീർ, വാല്യം 1, സൂറ: അൽബഖറ)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin